

ജുവാൻ ജ്യോതി

ലക്കം 1 ✠ വാല്യം 9 ✠ ഒക്ടോബർ 2015

ജുവാൻജ്യോതി ആശ്രമം
അയിരൂർ പി.ഒ., കുറുമശ്ശേരി, എറണാകുളം
ഫോൺ : 0484-2478242
E-mail : juanjyothi@gmail.com

രക്ഷാധികാരി
റവ. ഫാ. ബെഞ്ചമിൻ ഏലിയാസ് OCD
ചീഫ് എഡിറ്റർ
റവ. ഫാ. ടോണി മുത്തപ്പൻ OCD
അസ്സോസിയേറ്റ് എഡിറ്റർ
റവ. ഡീക്കൻ സനിൽ സെബാസ്റ്റ്യൻ OCD
പത്രാധിപസമിതി
റവ. ഫാ. അജി OCD
റവ. ഫാ. അനിൽ സഖറിയ OCD
റവ. ഫാ. ബെയ്സിൽ OCD
റവ. ഡീക്കൻ സുനിൽ മാർട്ടിൻ OCD
റവ. ബ്രാ. ബെൻഹർ OCD
സർക്കുലേഷൻ മാനേജേഴ്സ്
റവ. ഡീക്കൻ റ്റൈജോ ജോസഫ് OCD
റവ. ബ്രാ. മുത്തപ്പൻ OCD

ഡിസൈനിംഗ് & പ്രിന്റിംഗ്
വിമല പ്രസ്സ്, കാക്കനാട്

ചുരുളഴിയുമ്പോൾ...

2 **എഡിറ്റോറിയൽ**

ജപമണികൾ - ബ്രാ. മുത്തപ്പൻ ബെനീറ്റ് 3

4 **മരിയാംബിക** - സ്മിറ്റി തോമസ്

ഒരു ചെറുപുഞ്ചിരിയിലൂടെ ഞാൻ... - ബ്രാ. ഡിക്സൻ 5

6 Apostolic Zeal of St. Teresa of Avila - Bro. Mangal Hembram OCD

ജീവിതാനുഭവങ്ങളിലൂടെ... - ഫാ. വിൻസെന്റ് രാജ് OCD 7

9 **ദൈവൈക്യം** - ഫാ. ജോസഫ് ആന്റണി OCD

ഉള്ളിലെ നോവ് - ബ്രാ. മെജോ OCD 11

13 **ആശാനക്ഷരമൊന്നു പിഴച്ചാൽ...** - ബിജോ ജോസഫ്

വി. അമ്മത്രേസ്യയും അനുസരണവും - ഡീക്കൻ സനിൽ സെബാസ്റ്റ്യൻ OCD 15

18 **നിയമവേദി** - അഡ്വ. ബിന്ദു ജേക്കബ്

സമർപ്പിത സ്വാതന്ത്ര്യം – മറിയത്തിന്റെ... - സി. ബിന്ദു 21

23 **അരുത്** - ബ്രാ. ജോനാഥൻ കാച്ചാപ്പിള്ളി OCD

ബന്ധങ്ങളും അഴിയാബന്ധവും - ഫാ. അൽഫ്രഡ് അൽപ്പുഴ OCD 25

29 **വചനവെളിച്ചം**

പ്രിയ വായനക്കാരേ,

ഒക്ടോബർ മാസം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു മാസമാണ്. നാം എന്നും നെഞ്ചോട് ചേർത്തു നിർത്തുന്ന ജപമാലയെന്ന ആദ്ധ്യാത്മീക അഭ്യാസത്തിനുവേണ്ടി പ്രത്യേകമായി മാറ്റിവെയ്ക്കപ്പെട്ടിരിക്കുന്ന ഒരു മാസമാണിത്. ഈ അവസരത്തിൽ വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 'Rosarium Virginis Mariae' എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ പങ്കുവയ്ക്കുന്ന ചില വസ്തുതകളിലോട് നിങ്ങളുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു. ജപമാല മറിയത്തോടുള്ള ഭക്തകൃത്യമാണെങ്കിലും, അത് എപ്പോഴും ക്രിസ്തു ക്രേന്ദ്രീകൃതമായിരിക്കണം എന്ന് മാർപാപ്പ ഊന്നിപ്പറയുന്നു. സുവിശേഷ സന്ദേശത്തിന്റെ ചൈതന്യം, അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്ന ഒരു പ്രാർത്ഥനയാണ് ജപമാല എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. അതുകൊണ്ട് തന്നെയായിരിക്കണം ജപമാലയെ സുവിശേഷങ്ങളുടെ സംക്ഷിപ്തരൂപം എന്ന് പറയുന്നതിനായി അദ്ദേഹം ധൈര്യപ്പെടുന്നത്. മറിയമാകുന്ന വിദ്യാലയത്തിൽ നിന്നും ക്രിസ്തുവിനെപ്പറ്റി കൂടുതൽ ആഴത്തിൽ ഗ്രഹിക്കുവാനുള്ള അവസരമാണ് ജപമാലയെന്നും, ജപമാലയിൽ മറിയത്തിലൂടെ കരഗതമാകുന്ന അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തരുതെന്നും അദ്ദേഹം നമ്മളോട് ആവശ്യപ്പെടുന്നുണ്ട്.

ജപമാലയിലൂടെ മറിയത്തിനോടൊപ്പം പ്രാർത്ഥിക്കുക, മറിയത്തിനെപ്പോലെ പ്രാർത്ഥിക്കുക എന്നൊരാശയം കൂടി വ്യക്തമാകുന്നുണ്ട്. മറിയത്തിനെപ്പോലെ പ്രാർത്ഥിക്കുക എന്നുവച്ചാൽ, പ്രാർത്ഥനയിൽ മറിയത്തിന്റെ മനോഭാവം സ്വീകരിക്കുക എന്നർത്ഥം. നമ്മുടെ പ്രാർത്ഥനയുടെ ഒരു ന്യൂനത എന്നുപറയുന്നത് നം ദൈവത്തെ ഇന്നലെകളിൽ തളച്ചിടുന്നു എന്നതാണ്. കേട്ട് മാത്രം പരിചയിച്ച ഒരു ദൈവത്തെയാണ് നാമിന്ന് പ്രഘോഷിക്കുന്നത്. ജീവിതാനുഭവങ്ങളില്ലാത്ത ജീവിതഗന്ധിയല്ലാത്ത ഭാവനകളെ മാത്രം തൊട്ടുണർത്തുന്ന മുത്തശ്ശികഥകൾ പോലെയായി നമ്മുടെ ദൈവാനുഭവം. ഇവിടെ നമ്മുടെ മുൻപിൽ പരിശുദ്ധ മറിയം ഒരു ചോദ്യചിഹ്നമായി മാറുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" എന്നാണ് മറിയം പാടുന്നത്. താൻ ഓരോ നിമിഷവും തന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ദൈവത്തെയാണ് മറിയം പാടിപുകഴ്ത്തിയത്. ഈയൊരു മനോഭാവം നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ ഉണ്ടാകാൻ നമുക്ക് അഭിലഷിക്കാം.

ഒക്ടോബർ 15ന് നിഷ്പാദുക കർമ്മലീത്താ സഭ തങ്ങളുടെ അമ്മയും സഭാസ്ഥാപകയുമായ ആവിലായിലെ വി. അമ്മത്രേസ്യായുടെ പുണ്യസ്മരണ പുതുക്കുകയാണ്. പ്രാർത്ഥനയിലൂടെ കർത്താവിന്റെ കാര്യങ്ങളിൽ നമുക്ക് സിദ്ധിക്കേണ്ട മാനസികമായ ഉണർവിനെപ്പറ്റിയാണ് ഈ വിശുദ്ധ തന്റെ കൃതികളിലൂടെ നമ്മോട് സംസാരിക്കുന്നത്. പ്രാർത്ഥനയെന്നു പറയുന്നത് പുണ്യസമ്പാദനത്തിനായുള്ള ഉപാധിയെക്കാളുപരി ദൈവമെന്ന വ്യക്തിയുമായിട്ട് ഞാനെന്ന വ്യക്തിക്കുണ്ടാകേണ്ട സൗഹൃദവലയമാണെന്ന് വിശുദ്ധ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കർത്താവിന്റെ ഹൃദയവുമായി ഏറെ ചേർന്നു നില്ക്കുന്നതാണ് ഈ വിശുദ്ധയുടെ പഠനങ്ങൾ. സുവിശേഷങ്ങളിൽ കർത്താവ് പറയാതെ പറഞ്ഞുവയ്ക്കുന്ന ആത്മനൊമ്പരങ്ങളിലൊന്നാണ്, "ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിനക്ക് കഴിഞ്ഞില്ലേ?" (മാർക്ക് 14:37) എന്ന ശിമയോനോടുള്ള കർത്താവിന്റെ വാചകം. അതോടൊപ്പം തന്നെ, ലൂക്കായുടെ സുവിശേഷത്തിൽ പ്രാർത്ഥനയിലൂടെ ശക്തിയെ, കർത്താവ്, അർദ്ധരാത്രിയിൽ ഒരു സ്നേഹിതനുവേണ്ടി മറ്റൊരു സ്നേഹിതന്റെ വാതിൽക്കൽ മുട്ടി നിർബന്ധപൂർവ്വം ഭക്ഷണം യാചിച്ചു വാങ്ങുന്ന സ്നേഹിതനോട് ഉപമിക്കുന്നുണ്ട്. കർത്താവിന്റെ ഉണർന്നിരിക്കുന്ന സ്നേഹിതരാകുവാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ഈ മാസം വിശുദ്ധരിൽ അഗ്രഗണ്യരായ രണ്ടുപേരെക്കൂടി നം അനുസ്മരിക്കുന്നുണ്ട്. വി. കൊച്ചുത്രേസ്യാ (ഒക്ടോബർ 1), വി. ഫ്രാൻസിസ് അസ്സീസി (ഒക്ടോബർ 4), നിസ്സാരകാര്യങ്ങളെപ്പോലും പെരുപ്പിച്ചുകാട്ടി ശ്രദ്ധയാകർഷിക്കാൻ വെമ്പൽകൊള്ളുന്ന ഈ ലോകത്തിൽ, കർത്താവിനായി ചെയ്യുന്ന നിസ്സാരകാര്യങ്ങൾപോലും അവന്റെ ശ്രദ്ധയിൽപ്പെടാതെ പോകുന്നില്ല എന്ന ഓർമ്മപ്പെടുത്തലുമായിട്ടാണ് കൊച്ചുത്രേസ്യാ നമ്മുടെ മുൻപിൽ വരുന്നത്. ജീവിതത്തിൽ എന്തിനെങ്കിലും വേണ്ടി അലയണമെങ്കിൽ അത് കർത്താവിനുവേണ്ടിയും അവന്റെ പിന്നാലെയും ആകട്ടെ എന്ന് വി. ഫ്രാൻസീസ് ഉദ്ഘോഷിക്കുന്നു.

ജപമാല മാസത്തിന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ടും ഈ വിശുദ്ധരുടെ മാദ്ധ്യസ്ഥം ആശംസിച്ചുകൊണ്ടും

എഡിറ്റർ

ജപമണികൾ

ബ്രദർ മുത്തപ്പൻ ബെനീറ്റ് OCD

ലിയോണിന്റെയും ഗലീസിയയുടെയും രാജാവായ അൽഫോൺസ് തന്റെ ദാസന്മാരുടെ ജപമാല ഭക്തി വർദ്ധിപ്പിക്കുന്നതിനായി അരപ്പട്ടയിൽ ഒരു വലിയ ജപ മാല ധരിക്കുക പതിവായിരുന്നു. പക്ഷേ അദ്ദേഹം ജപ മാല ചൊല്ലിയിരുന്നില്ല. രാജാവിന്റെ പ്രവൃത്തികണ്ട സേവകന്മാരെല്ലാം ജപമാല ഭക്തരായി മാറി. കുറെ വർ ഷങ്ങൾക്കുശേഷം മരണാസന്നനായിത്തീർന്ന രാജാ വിന് ഒരു ദർശനമുണ്ടായി. അദ്ദേഹത്തിന്റെ പാപങ്ങ ളെല്ലാം കണക്കിലെടുത്ത പരമവിധിയാളനായ ദൈവം രാജാവിന് നരക ശിക്ഷ നൽകാനൊരുങ്ങി. ആ സമയം പരിശുദ്ധ അമ്മ രാജാവിന് വേണ്ടി മാദ്ധ്യസ്ഥം വഹി ക്കാൻ എത്തി. ഒരു തുലാസുകൊണ്ടുവന്ന് ഒരു തട്ടിൽ രാജാവിന്റെ പാപങ്ങളും മറുതട്ടിൽ അദ്ദേഹത്തിന്റെ ജീവിത മാതൃകയാൽ സമർപ്പിക്കപ്പെട്ട ജപമാലകളും, അദ്ദേഹം ധരിച്ചിരുന്ന ജപമാലയും വയ്ക്കാൻ കല്പിച്ചു. അത്ഭുതമെന്ന് പറയാം ജപമാലകളുടെ തട്ട് താണുവന്നു. മാതാവ് രാജാവിനോട് പറഞ്ഞു, "എന്റെ ജപമാല ധരി ച്ചുകൊണ്ട് നീ എന്നിലേക്കർപ്പിച്ച ചെറിയ ആദരവിന് പ്രതിഫലമായി നീ കുറെക്കാലം കൂടി ജീവിക്കും." ആയുസ് നീട്ടിക്കിട്ടിയ രാജാവ് ശേഷിച്ച കാലം മുഴു വൻ ജപമാല ഭക്തി പ്രചരിപ്പിച്ചു.

കാലത്തിന്റെ മാറ്റത്തിൽ വീണ്ടുമിതാ ഒരു ഒക്ടോ ബർ മാസം ! ഓരോ ക്രൈസ്തവനും ഈ മാസം വളരെ പ്രത്യേകതയുള്ളതാണ്. കാരണം തന്റെ രക്ഷകന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്തുതി ക്കായി ജപമാല വളരെ ഭക്തിയോടുകൂടി ചൊല്ലുന്ന മാസം. മൂർദ്ധാവിൽ നിർത്താതെ പെയ്യുന്ന മഴത്തുള്ളി കൾ പോലെ അനുഗ്രഹവർഷം നമ്മുടെമേൽ ചൊരി യുന്ന ഈ പ്രാർത്ഥനാമാലയുടെ പ്രാധാന്യം അറി യാനും അനുഭവിക്കാനും പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട മാസമാണ് ഒക്ടോബർ മാസം.

'കൊന്താരെ' എന്ന പോർച്ചുഗീസ് വാക്കിന് എണ്ണുക എന്നർത്ഥം. ഇതിൽനിന്നാണ് കൊന്ത എന്ന വാക്കുണ്ടായത്. എ.ഡി. 800-ൽ പുരോഹിതൻ മരിച്ച വർക്കുവേണ്ടി 50 സങ്കീർത്തനങ്ങൾ ചൊല്ലിയിരുന്നു. എന്നാൽ എഴുത്തും വായനയും അറിയാത്തവർ സങ്കീർത്തനത്തിനു പകരം 150 'സ്വർഗ്ഗസ്ഥനായ പിതാ വേ...' എന്ന പ്രാർത്ഥന ചൊല്ലിയിരുന്നു. പിന്നീട് മാതാ വിനോടുള്ള ബഹുമാനാർത്ഥം തിരുവചനങ്ങൾ

കോർത്തിണക്കി 'നന്മ നിറഞ്ഞ മറിയമെ...' എന്ന ജപം ചൊല്ലാൻ തുടങ്ങി. 10-ാം നൂറ്റാണ്ടയപ്പോൾ ഹെൻട്രി കാൽകർ എന്ന കർത്തൂസ്യൻ സന്യാസിയാണ് ജപമാല ഇന്നു കാണുന്ന രീതിയിലാക്കിയത്.

ഇംഗ്ലീഷിൽ 'റോസറി' എന്ന പദം കൊണ്ട് അർത്ഥ മാക്കുന്നത് റോസാപ്പൂക്കളുടെ കിരീടമാണ്. ഭക്തിസാ ന്ദ്രമായ മനസ്സോടും ഹൃദയത്തോടുംകൂടി ജപമണികളി ലൂടെ കൈവിരലോടിക്കുമ്പോൾ 203 വെളുത്ത റോസാ പ്പൂക്കളും 21 ചുവന്ന റോസാപുഷ്പത്തിന്റെയും കിരീടം നെയ്തു മാതാവിന്റെ ശിരസ്സിൽ നാം സമ്മാനിക്കുക

യാണ്. ഓരോ ജപമാലയിലൂടെയും പൂക്കളുടെ രാജ്ഞിയായ റോസാപ്പൂകൊണ്ട് രാജ്ഞികളുടെ രാജ്ഞിയായ മറിയത്തിനു കിരീടം നെയ്തുണ്ടാക്കുകയാണ്.

ജീവിതത്തിൽ എത്രമാത്രം പൂക്കളുടെ കിരീടം നെയ്യുന്നുവോ അത്രമാത്രം ദൈവകൃപകളാലും പുണ്യങ്ങളാലും നാം സമ്പന്നരാകുമെന്ന് വി. ജെർത്രൂദിന് ലഭിച്ച ദർശനം വ്യക്തമാക്കുന്നു. സ്വർണ്ണനാണയങ്ങൾ എണ്ണിക്കൊണ്ടിരുന്ന യേശുവിനോട് എന്തു ചെയ്യുന്നു എന്ന് വിശുദ്ധ ചോദിച്ചു. കർത്താവ് ഉത്തരമരുളി "നീ ഉരുവിട്ട നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ഞാൻ എണ്ണി നോക്കുകയാണ്. സ്വർഗ്ഗത്തിലേക്കുള്ള നിന്റെ യാത്രയിൽ യാത്രാക്കൂലിയായി നിനക്കു നൽകുവാനുള്ള പണമാണിത്."

വി. ലൂയീസ് മോൺഫോർട്ട് പറയുന്നു, ദിനംപ്രതി ജപമാല ചൊല്ലുന്നവർ ഒരിക്കലും വഴിതെറ്റിപ്പോകില്ല. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, ജീവിതം, മരണം, മഹത്വം എന്നിവയിലെ മുഖ്യ രഹസ്യങ്ങളുടെ ധ്യാനമാണ് പരിശുദ്ധ ജപമാല. സാത്താനെതിരെയുള്ള ഒരായുധമാണിത്. പൈശാചിക പ്രവർത്തനങ്ങൾക്ക് വിരാമമിട്ട് ഈ ജീവിതത്തിൽ ദൈവകൃപയുടെ നീരൊഴുക്ക് സൃഷ്ടിക്കാൻ ജപമാല സമർപ്പണത്തിന് സാധിക്കും. സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ എന്നാണ് വി. പൗലോസ് അപ്പസ്തോലൻ പഠിപ്പിച്ചത് (എഫേ. 6:11). സർവ്വവിധ തിന്മകളുടെയും ബന്ധനങ്ങളിൽ നിന്നും, ഭയപ്പെടുത്തുന്ന സാഹചര്യത്തിൽ നിന്നും വിടുതൽ പ്രധാനം ചെയ്യുന്ന ഒരായുധമാണ് ജപമാല.

നമ്മുടെ സായംസന്ധ്യകൾ സീരിയലുകൾ കീഴടക്കും മുൻപ് ഓരോ കത്തോലിക്കാ ഭവനത്തിൽ നിന്നും കേൾക്കാമായിരുന്നു 'ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന ഈരടി. ജപമാല കൈവശമുണ്ടെങ്കിലും അവ ചൊല്ലാത്ത കാലം. എന്നാൽ ഇപ്പോഴും കുർബ്ബാനമദ്ധ്യേ ജപമാല ചൊല്ലുന്ന വല്ല്യമ്മച്ചിമാരെയും കാണാം. ഫ്രാൻസിസ് സാലസിന്റെ വാക്കുകൾ വളരെ ഉചിതമാണ്. പരിശുദ്ധ ജപമാല പ്രാർത്ഥനകൊണ്ട് യഥാർത്ഥ ഫലം ലഭിക്കണമെങ്കിൽ അതു ചൊല്ലേണ്ട വിധത്തിൽ ചൊല്ലണം. ധ്യാനരഹിതമായ കൊന്ത നമസ്ക്കാരം ആത്മാവില്ലാത്ത ശരീരംപോലെയാണ്. മദർ തെരേസയുടെ വാക്കിൽ, അനുദിന ദിവ്യകാരുണ്യ സ്വീകരണവും പരിശുദ്ധ ജപമാല പ്രാർത്ഥനയുമാണ് എന്റെ പ്രവർത്തനവേദിയിലെ ശക്തി സ്രോതസ്.

നമ്മുടെ സായംസന്ധ്യകൾ ജപമണികളാൽ ശോഭിതമാകുമ്പോൾ അമ്മയുടെ മാതൃസഹായത്താൽ കോർത്തിണക്കപ്പെട്ട സ്നേഹവും സമാധാനവും ഐശ്വര്യവും കുടികൊള്ളുന്ന കുടുംബമായി മാറും നമ്മുടെ കുടുംബങ്ങൾ. ജപമാലാധിഷ്ഠിതമായ ഒരാദ്ധ്യാത്മിക നിറവിനായി നമ്മുടെ ജീവിതത്തെ ക്രിയാത്മകമായി ചിട്ടപ്പെടുത്താൻ നമുക്കു സാധിക്കണം. ✪

മരിയാംബിക

സ്മിറ്റി തോമസ് വിതയത്തിൽ

അമ്മേ ലോകറാണി മരിയാംബികേ
കനിയണേ നിൻ സുതരിൽ
ഉദ്ദിഷ്ടകാര്യസാധ്യത്തിനായി നിൻ
പാതേ അണഞ്ഞിടുന്നവർ
ആശ്രയമറ്റവർക്കു നീ
ആശ്രയമായി തീർന്നിടണേ
ആലംബഹീനരാം അവർ
തൻ പ്രാർത്ഥന സദയം കേൾക്കണേ
അനുഗ്രഹം ചൊരിയണേ
അവരെ ആശീർവദിക്കണേ
ലോകത്തിൻ തായേ മരിയാംബികേ
കന്യകമാർതൻ മദ്ധ്യസ്ഥയാം
നിൻ പാദാന്തികത്തിൽ
കണ്ണീരു പൊഴിക്കുന്നവർക്കായി
ആശിസു ചൊരിയണമേ
ലോകറാണി മരിയാംബികേ

ഒരു ചെറുപുഞ്ചിരിയിലൂടെ ഞാൻ അത് സ്വന്തമാക്കി

ബ്ര. ഡിക്സൺ OCD

നിറഞ്ഞ കണ്ണുനീർതുള്ളികളുമായി നിൽക്കുന്ന അമ്മയുടെ മുഖം ആദ്യമായി കണ്ടപ്പോൾ ഉള്ളിന്റെ ഉള്ളിൽ അറിയാതെ ഒരു ചിന്ത കടന്നുവന്നു. അമ്മയെ സന്തോഷിപ്പിക്കുന്ന ഒരു വാക്ക് മന്ത്രിക്കുവാൻ സാധിക്കാതെ പോയ ജീവിത വഴികൾ എണ്ണിതിട്ടപ്പെടുത്താൻ കഴിയാത്തവിധം വളർന്നിരിക്കുന്നു എന്ന്. ഒരു കുട്ടി തന്റെ ജീവിതത്തിൽ ആദ്യമായി ഒരു കാര്യം ഉന്നയിച്ചു, 'ഞാൻ അമ്മയുടെ മകനായിരിക്കുന്നതിൽ അമ്മ സന്തോഷവതിയാണോ?' എന്ന്. മകന്റെ ചോദ്യത്തിനുമുൻപിൽ അമ്മയുടെ മുഖം കണ്ണുനീർതുള്ളികളാൽ നിറഞ്ഞൊഴുകി. ഈ മകൻ തനിക്ക് പത്ത് വയസ്സ് പ്രായം ആയിരിക്കുമ്പോൾ തന്നെ അമ്മയോട് ഒരുപാട് കാര്യങ്ങൾ തനിക്ക് വാങ്ങിത്തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അവൻ ആവശ്യപ്പെട്ടതൊന്നും നല്കുവാൻ അമ്മ തയ്യാറായില്ല. കാരണം മറ്റൊന്നുമല്ല, അവൻ ദിനംതോറും ആവശ്യപ്പെട്ടുകൊണ്ടിരുന്നത് അവന്റെ തന്നെ പ്രായത്തിന് താങ്ങാൻ കഴിയാത്ത വലിയ കാര്യങ്ങൾ ആയിരുന്നു. താൻ കുഞ്ഞായിരിക്കുമ്പോൾ തന്നെ അവൻ പലതും സ്വന്തമാക്കാൻ ആഗ്രഹിച്ചു. അവന്റെ ആഗ്രഹങ്ങൾക്ക് മുൻപിൽ തന്റെ സ്വന്തം അമ്മയെ അവന് നഷ്ടപ്പെട്ടുകൊണ്ടിരുന്നു. അമ്മയുടെ മുഖത്ത് നോക്കി ഒന്ന് പുഞ്ചിരിക്കുവാൻപോലും അവന് മടിയായിരുന്നു. ഈ ഒരു സാഹചര്യത്തിലാണ് ആ മകൻ അമ്മയോട് ചോദിച്ചത് , 'ഞാൻ അമ്മയുടെ മകനായിരിക്കുന്നതിൽ അമ്മ സന്തോഷവധിയാണോ എന്ന്. നിറഞ്ഞ കണ്ണുനീർതുള്ളികളാൽ മകനെ തലോടിക്കൊണ്ട് അമ്മ പറഞ്ഞു: 'നീ എന്നെ നോക്കി ഒന്നു പുഞ്ചിരിച്ചിട്ട് എത്ര നാളുകൾ കഴിഞ്ഞിരിക്കുന്നുവെന്ന് നിനക്കറിയാമോ? ഇനി നീ എന്ന കാണുമ്പോൾ ഒരു ചെറുപുഞ്ചിരി നിന്റെ മുഖത്തുണ്ടെങ്കിൽ അത് മതി ഈ അമ്മയ്ക്ക് മനസ്സ് തുറന്ന് സന്തോഷിക്കാൻ. അങ്ങനെ ഒരു ചെറുപുഞ്ചിരിയിലൂടെ അവന്റെ ജീവിതം വീണ്ടും ആരംഭിക്കുകയാണ്. ആ ചെറുപുഞ്ചിരിയിലൂടെ പലതും സ്വന്തമാക്കുവാൻ അവന് സാധിച്ചു.

ചെറുപുഷ്പം എന്നറിയപ്പെടുന്ന കൊച്ചുത്രേസ്യയ്ക്ക് പത്തുവയസ്സു പൂർത്തിയായപ്പോൾ ഗുരുതരമായ ഒരു രോഗം പിടിപെട്ടു. ഒരു മാസത്തോളം ത്രേസ്യ രോഗിണിയായി കിടന്നു. 1883 മെയ് 13-ാം തീയതി പെന്തക്കുസ്താദിവസം ത്രേസ്യയുടെ മുറിയിൽ ഇരുന്നിരുന്ന വിജയമാതാവിന്റെ രൂപം ത്രേസ്യയെ നോക്കി പുഞ്ചിരിതൂകി. അതോടെ ത്രേസ്യയുടെ ആലസ്യം നീങ്ങി. അന്ന് പ്രകടമായ ദൈവമാതൃസ്നേഹം അന്ത്യംവരെ ത്രേസ്യ ആസ്വദിച്ചു. ഒരു ചെറുപുഞ്ചിരിയിലൂടെ തുടങ്ങിവച്ച ജീവിതത്തിൽ തേസ്യ സ്വന്തമാക്കിയത് ഈ ലോകത്തിൽ ആരും സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ദൈവത്തെതന്നെയായിരുന്നു. അതുകൊണ്ടുതന്നെയാവാം തന്റെ അന്ത്യനാളുകളിൽ ഒരുപാട് സഹനം ഏറ്റെടുക്കേണ്ടിവന്നപ്പോഴും അവൾ പറഞ്ഞത് "ദൈവമേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു" എന്ന്.

നമ്മെ നോക്കി പുഞ്ചിരി തൂകുന്ന യേശുവിന്റെ ചിത്രത്തിൽ നോക്കി നമുക്കും പുഞ്ചിരിക്കാം. അങ്ങനെ ദൈവത്തിന്റെ സൃഷ്ടിയായ എല്ലാ മനുഷ്യരിലും ദൈവത്തെ കണ്ടുകൊണ്ട് ഒരു ചെറുപുഞ്ചിരിയിലൂടെ നമുക്കും സ്വന്തമാക്കാം ഒരുപാട് നല്ല കാര്യങ്ങൾ.

പ്രിയ സുഹൃത്തെ ഒന്നോർക്കുക, പുഞ്ചിരി തൂകുന്ന മുഖവുമായി നിൽക്കുമ്പോൾ നിനക്ക് ലഭിക്കുന്ന സൗഭാഗ്യങ്ങൾ വിലയേറിയതാണ്. ഒരു ചെറുപുഞ്ചിരിയിലൂടെ നിനക്കും സ്വന്തമാക്കാം....

Bro. Mangal Hembram OCD

Apostolic zeal of St. Teresa of Avila

The Carmelites are generally known in the world as contemplative religious family whose role in the church, is to "meditate day and night on the Law of the Lord"*(The Primitive Rule of Carmelites)*. It is true indeed, its eremitical origin and contemplative character had always been preserved throughout its history. St. Teresa of Jesus has been regarded as an outstanding mistress and guide in matters concerning spirituality, so she could blend together contemplation and mission, perfection and apostolate. Here in the light of her works and letters we shall try to see St. Teresa as a zealous apostle.

A life of prayer and effective apostolate are inseparable. In prayer we seek God constantly and listen to Him. This is the sourse of apostolate. We share with our brethren the experiences we gain by being in the presence of the living God. It is God's will that every one should reach the truth. Apostolate is the fulness of catholic life. "Every disciple of Christ has the obligation to do his part in spreading the faith" *(A. G 23)*.

All may not be able to proclaim the gospel publicly, but fruitful apostolate can be performed by advice, conversation, prayers, service,writings etc. Through all these ways Teresa of Avila exercised her apostolate most fruitfully.

St. Teresa's apostolic zeal seems to have begun when a Franciscan, Friar Alonso Maldonado told her 'about the many millions of souls perishing there *(Indies)* for lack of teaching *(Foundations1:3-7)*, it broke her heart with grief.' I was so distressed at the way all these souls were being lost that I could not contain myself' *(Ibid)*. When the time passed the 'apostolic griefs' grew in her the same way in which her love of God increased.

The nature of Teresian apostolic consists of two acts- interior acts and exterior acts.The saint calls insistently for 'love of God and love of neighbour'. She requires deeds as confirmation of love, 'Even if they can do nothing for others by their actions, they can do a great deal by means of prayer' *(Foundations 5: 5-12)*. A missionary fervor and a climate of love inspired Teresa of daliy performing charity, especially through the practice of worker of mercy, caring for the sick, respect for nuns and every human person, even to the supreme sacrifice of martyrdom. such apostolate may be interior- virtues or humility and may be exterior- service of one's neighbour or an obedience.

Inspite of narrow enclosure Teresa saw quite well that carmelites could render real servies within the community. In her works one can find tresures of supernatural wisdom. Even non-catholic and non- christian read and study her works. "The need for labourers in the vineyard of the Lord grows day to day"(Vat. II A.G 38). In this context the zeal of Teresa has not ceased but attracts many through the centuries, for Teresian Reform has spread to every corner of the world.

As we celebrate 5th birth centenary of our beloved Mother, we may be preserved as the salt of the earth, and become light of nations. May the doctrine of Mother Teresa enlighten us. May her example make us Zealous. May we all be granted fervent missionary Spirit.

ഫാ. വിൻസെന്റ് രാജ് OCD

ജീവിതാനുഭവങ്ങളിലൂടെ...

ആവിലായിലെ വി.ത്രേസ്യാക്കു ദൈവം അനേകം അതിസ്വാഭാവിക അനുഗ്രഹങ്ങൾ നൽകി. വിശുദ്ധയുടെ കൃതികൾ വായിച്ചിട്ടുള്ള എല്ലാവർക്കും ഇത് വ്യക്തമാണ്. അതിൽ ഏറ്റവും ഉന്നതമായ അനുഗ്രഹമാണ് പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യം. യോഹന്നാന്റെ സുവിശേഷം 14/23 "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും, അപ്പോൾ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ (പിതാവും, പുത്രനും പരിശുദ്ധാത്മാവും) വന്നു അവനോടു കൂടെ വാസം ഉറപ്പിക്കുകയും ചെയ്യും" എന്നു ഈശോ ചെയ്ത വാഗ്ദാനം നിറവേറുന്നതായാണ് ആത്മാവിന് അനുഭവപ്പെടുന്നത്. അഭ്യന്തരഹർമ്മ്യത്തിന്റെ ഏഴാം സദനത്തിൽ വി. ത്രേസ്യ ഇതു വിവരിച്ചിരിക്കുന്നു.

ഏഴാം സദനം ഒന്നാം അദ്ധ്യായത്തിൽ 6-ാം നമ്പറിൽ വിശുദ്ധ എഴുതിയിരിക്കുന്നത് ഈ സദനത്തിൽ പ്രവേശനം ലഭിച്ചു കഴിയുമ്പോൾ ബൗദ്ധികമായ ഒരു ദർശനത്താൽ, സത്യത്തിന്റെ സവിശേഷമായ ഒരു പ്രതിനിധാനം വഴി പരിശുദ്ധ ത്രിത്വം മൂന്നാളുകളും ആത്മാവിന് സ്വയം വെളിപ്പെടുത്തികൊടുക്കുന്നു. ആദ്യമായി അത്യധികം പ്രകാശമാനമായ മേഘപടലത്തിൽ നിന്നെന്നവണ്ണം ചേതസിനു ഒരു ഉത്തേജനം സിദ്ധിക്കുന്നു. അതോടൊപ്പം വ്യതിരിക്തരായ ആ മൂന്നാളുകൾ ഒരു സാരാംശവും, ഒരു ശക്തിയും, ഒരു ദൈവവുമാണെന്ന സവിശേഷമായ ബോധവും അസന്നിഗ്ദമായ അവഗ്രാഹവും ആത്മാവിനു സിദ്ധിക്കുന്നു. വിശ്വാസംകൊണ്ട് നാം അറിയുന്നത് ഇവിടെ ആത്മാവു നേരിട്ടു കാണുന്നു എന്നു പറയാം. എന്നാൽ ഭാവനാദർശനമല്ലാത്തതിനാൽ ശരീരത്തിന്റെയോ ആത്മാവിന്റെയോ കണ്ണുകൾക്കും അത് ഗോചരമല്ല. അതിനിടയിൽ മൂന്നു ദൈവിക ആളുകളും ആത്മാവുമായി സംസർഗ്ഗം ചെയ്യുകയും അവളോട് സംസാരിക്കുകയും, തന്നെ സ്നേഹിക്കുകയും തന്റെ പ്രമാണങ്ങൾ അനുസരിക്കുകയും ചെയ്യുന്ന ആത്മാവിനോടുകൂടെ വസിക്കുവാൻ പിതാവും പുത്രനും പരിശുദ്ധാത്മാവും വരുമെന്ന് കർത്താവു സുവിശേഷത്തിൽ അരുളിച്ചെയ്ത വാക്കുകൾ അവളെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നു.

ദർശനങ്ങൾ പലവിധമുണ്ട്. നമ്മുടെ ശരീരത്തിന്റെ കണ്ണുകൊണ്ട് കാണാവുന്ന ദർശനങ്ങൾ. ഗബ്രിയേൽ ദൈവദൂതൻ അപ്രകാരമാണ് സഖറിയാസിനും, മാതാവിനും പ്രത്യക്ഷപ്പെട്ടത്. ലൂർദിലും, ഫാത്തിമായിലും മാതാവും അപ്രകാരമാണ് പ്രത്യക്ഷപ്പെട്ടത്. ഭാവനാശക്തിയിലും ദർശനങ്ങൾ ഉണ്ടാകാം. വി. യൗസേപ്പു പിതാവിന് സ്വപ്നത്തിൽ ഉണ്ടായ ദർശനങ്ങൾ അപ്രകാരമായിരുന്നു. നിദ്രയിൽ ഭാവനാശക്തിയുടെ പ്രവർത്തനമാണല്ലോ സ്വപ്നം. എന്നാൽ ശരീരത്തിന്റെ കണ്ണുകൊണ്ടോ ഭാവനാശക്തികൊണ്ടോ ദർശിക്കാതെ ഒരു സത്യം നേരിട്ടു ബുദ്ധിയിൽ നൽകാൻ ദൈവത്തിനു കഴിയും. അതാണു ബൗദ്ധിക ദർശനം (Intellectual vision) എന്നു വി. ത്രേസ്യ ഇവിടെ വിവരിക്കുന്നത്. പരിശുദ്ധ തിത്വത്തിന്റെ സാന്നിദ്ധ്യം അപ്രകാരമായ ബൗദ്ധിക ദർശനം വഴി അല്ലാതെ ലഭിക്കാൻ സാധ്യമല്ല. കണ്ണുകൊണ്ട് എങ്ങനെ കാണും? ഭാവനാ ശക്തി എങ്ങനെ ദർശിക്കും?

7.9.2002-ൽ ദിവ്യബലിയുടെ മധ്യേ പരിശുദ്ധ കുർബാനയുടെ സ്വീകരണത്തിനുശേഷം ദൈവം

എനിക്കും ഈ അനുഗ്രഹം നൽകാൻ തിരുമനസ്സായി. വിശുദ്ധ ത്രേസ്യായ്ക്ക് ആദ്യമായി അത്യധികം പ്രകാശമാനമായ മേഘപടലത്തിൽ നിന്നെന്നവണ്ണം ചേതസിനു ഒരു ഉത്തേജനം നൽകി. എന്നാൽ എനിക്കു ഈ അനുഭവം നൽകിയത് സീനായ് മലയിൽ ദൈവം മോസസിന് പ്രത്യക്ഷപ്പെട്ട വിധത്തിലായിരുന്നു. മുൾപ്പടർപ്പിൽ ജ്വലിച്ചുയർന്ന അഗ്നിയിലാണ് ദൈവം എനിക്കു തന്റെ സാന്നിധ്യം വെളിപ്പെടുത്താൻ തിരുമനസ്സായത്. ദൈവം സ്നേഹമാകുന്നു എന്ന് വി. യോഹന്നാന്റെ ലേഖനത്തിലും (1:4-9) സ്നേഹത്തിന്റെ ജ്വാലകൾ ജലസഞ്ചയത്തിന് കെടുത്താനാവാത്ത തീ ജ്വാലകളാണെന്ന് ഉത്തമഗീതത്തിലും (8/9) നാം വായിക്കുന്നു.

ദൈവം ഈ അനുഭവം എനിക്കു നല്കുന്നതിന് അഞ്ചുകൊല്ലം മുമ്പ് 15.9.1997ൽ മറ്റൊരു ആത്മാവിന് ഈ അനുഗ്രഹം നല്കി. എത്ര വലിയ ഒരു അനുഗ്രഹമാണു ലഭിച്ചത് എന്നു മനസ്സിലാക്കാതെ അവരുടെ ആത്മീയ നിയന്താവ് എന്നെ ഈ വിവരം അറിയിച്ചു. എന്റെ നാമഹേതുക തിരുന്നാൾ മംഗളം ആശംസിച്ചുകൊണ്ട് എഴുതിയ ഇൻലൻഡ് കത്തിന്റെ അറ്റത്താണു ഈ വിവരം എഴുതിയിരുന്നത്. "പ്രിയ ബഹു. അച്ചാ... സെപ്തംബർ 15-ാം തീയതി പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യം എന്റെ ഉള്ളിൽ അനുഭവപ്പെട്ടു. വ്യക്തമായ ദർശനം ഉണ്ടായി. ഞാൻ ആരാധിച്ചു. എന്നെ തന്നെ സമർപ്പിച്ച് എന്നെ മുഴുവനായി സ്വന്തമാക്കാൻ പ്രാർത്ഥിച്ച - മറിയം വ്യാകുലമാതാവ് അടുത്തുണ്ടായിരുന്നു. ഞാൻ അവിടുത്തെ അരാധിച്ച് സമർപ്പിച്ചു. എന്റെ മുഴു ഹൃദയത്തോടെ സ്നേഹിച്ചു. ഞാൻ ഭാഗ്യവതിയാണ് എനിക്ക് ഇപ്പോഴും എന്റെ ദൈവം എന്നിൽ ഉണ്ട്. ഞാൻ അവിടുത്തെ സ്നേഹിക്കുന്നു. മറ്റു കഷ്ടതകൾ എല്ലാം (ഇരുണ്ട രാത്രിയിലെ യാതനകൾ) ഈ സാന്നിദ്ധ്യത്തോടെ മാറിയിരിക്കുന്നു. എന്റെ സൗഭാഗ്യം സമ്പൂർണ്ണം. എനിക്കുവേണ്ടി കർത്താവിനെ പുകഴ്ത്തുകയും നന്ദി പറയുകയും ചെയ്യണമെ. ഞാൻ സ്വർഗ്ഗത്തിലാണ്. ഇങ്ങനെ പറയുന്ന ഞാൻ വിഡ്ഢിയായിരിക്കാം. എന്നാൽ എനിക്ക് അവിടന്ന് മാത്രമുണ്ട് ഞാൻ അവിടുത്തെ സ്നേഹിക്കുന്നു. എനിക്കുവേണ്ടി അവിടുത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യണമെ. ഞാൻ അയോഗ്യയാണു. ഓ! ദൈവമേ എനിക്കു അങ്ങു മതി. എനിക്കുവേണ്ടി പ്രാർത്ഥിക്കണെ. എന്താണെന്ന് എനിക്കു അറിഞ്ഞുകൂടാ. സ്നേഹമുള്ള അങ്ങയുടെ സഹോദരിയെ ആശീർവ്വദിച്ചാലും."

5.12.2003-ൽ ഈ അനുഗ്രഹം ലഭിച്ച മറ്റൊരു ആത്മാവു തന്റെ ഡയറിയിൽ തന്റെ അനുഭവം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു ''ധ്യാനിച്ചിരിക്കുമ്പോൾ ഹൃദയം സ്നേഹംകൊണ്ട് നിറഞ്ഞുകവിഞ്ഞൊഴുകുകയായിരുന്നു. അതിനിടയിൽ കേട്ടു, "പരിശുദ്ധത്രിത്വം നിങ്ങളിൽ വസിക്കുന്നു" അന്നുമുതൽ പരിശുദ്ധത്രിത്വം എന്റെ കൂടെയുണ്ട്. ചിലപ്പോൾ ഈശോ മുകളിലേക്ക് ഉയരുന്നതുപോലെ കൂടിയും കുറഞ്ഞും അനുഭവപ്പെടും.

21.08.2013-ൽ ഈ അനുഗ്രഹം ലഭിച്ച മറ്റൊരാത്മാവ് അവരുടെ ആത്മീയ നിയന്താവായ എന്നോടു പറഞ്ഞത് "പരിശുദ്ധത്രിത്വം മാലാഖമാരോടും വിശുദ്ധരോടും കൂടെ എന്റെ ആത്മാവിലേക്ക് എഴുന്നള്ളിവന്നു. മാതാവു വന്നു എന്നെ കൂട്ടിക്കൊണ്ടുപോയി. ഇപ്പോൾ ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവാണ്. ഞാൻ ക്രിസ്തുവിനോടുകൂടെ അതേ കുരിശിന്റെ മറുവശത്ത് അതേ ആണികളാൽ തറക്കപ്പെട്ടിരിക്കുന്നു. പഞ്ചക്ഷതങ്ങളുടെ വേദനയും അനുഭവപ്പെടുന്നു. വി. ത്രേസ്യ അഭ്യന്തരഹർമ്മ്യം 7-ാം സദനം 1-ാം അദ്ധ്യായം നമ്പർ 7-ൽ എഴുതിയിരിക്കുന്നതും പരിശുദ്ധ ത്രിത്വത്തെപ്പറ്റി സുവിശേഷത്തിൽ എഴുതിയിരിക്കുന്നത് വായിക്കുന്നതും വിശ്വസിക്കുന്നതും, അവ ഉൾക്കൊള്ളുന്ന സത്യം ഇപ്രകാരം ഗ്രഹിക്കുന്നതും തമ്മിൽ എന്തുമാത്രം അന്തരമാണുള്ളത്! ഈ ആത്മാവിന്റെ വിസ്മയം ദൈനംദിനം വർദ്ധിക്കുകയാണ്. ഈ വചനങ്ങൾ തന്നെ ഒരിക്കലും വിട്ടകലുന്നതായി തോന്നുന്നില്ല; പ്രത്യുത, മേൽ വിവരിച്ചവിധം അവ തന്റെ ആത്മാവിന്റെ ഉള്ളിൽ നിന്നു പ്രതിഫലിക്കുന്നുവെന്നു വ്യക്തമായി അനുഭവപ്പെടുകയും ചെയ്യുന്നു. ഉള്ളിൽ എന്നു പറഞ്ഞാൽ ഉള്ളിന്റെ ഉള്ളിൽ ഏറ്റവും അഗാധമായ ഒരു രംഗത്താണ് ദിവ്യസംസർഗ്ഗം അനുഭവപ്പെടുന്നത്. പാണ്ഡിത്യമില്ലാത്തതിനാൽ ഇത് എങ്ങനെ സംഭവിക്കുന്നു എന്നു വിവരിക്കാൻ അവൾക്കു ശേഷിയില്ലെന്നു മാത്രം." എനിക്കും പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യം ആത്മാവിന്റെ അഗാധത്തിലാണ് അനുഭവപ്പെടുന്നത്.

സുബോധം നഷ്ടപ്പെട്ട് പാരവശ്യത്തിൽ ലയിച്ചുപോയതുപോലെ എന്ന് ചിലർക്കു തോന്നിയേക്കാം. അങ്ങനെ അല്ല ദൈവശുശ്രൂഷ സംബന്ധിച്ച കാര്യങ്ങളിൽ അവൾ പൂർവ്വാധികം ശ്രദ്ധാലുവാണ്. അങ്ങനെയുള്ള കർത്തവ്യങ്ങളൊന്നുമില്ലാത്തപ്പോൾ ഹൃദ്യമായ ആ സംസർഗ്ഗത്തിലേക്ക് പിന്തിരിയുകയും ചെയ്യുന്നു. ആത്മാവ് അവിടത്തെ വിട്ടകലാത്തപക്ഷം തന്റെ ദിവ്യസാന്നിദ്ധ്യത്തിന്റെ ബോധപൂർവ്വകമായ അനുഭൂതി അവൾക്കു നൽകുന്നതിൽ അവിടന്നു ഒരിക്കലും അലംഭാവം പ്രദർശിപ്പിക്കുകയില്ല. ദൈവം തന്നെ വിട്ടകലുകയില്ലെന്നും താൻ നൽകിയ ഈ അനുഗ്രഹം നഷ്ടപ്പെടുവാൻ അവിടന്നു ഒരിക്കലും അനുവദിക്കുകയില്ലെന്നും അവൾക്കു നല്ല ഉറപ്പുണ്ട്. ആ ദൃഢവിശ്വാസത്തിനു നല്ല അടിസ്ഥാനമുണ്ട്. എന്നിരുന്നാലും അവിടത്തേക്ക് എന്തെങ്കിലും അപ്രീതി വരുത്താതിരിക്കുന്നതിന് അഭൂതപൂർവ്വമായ കരുതൽ അവലംബിക്കുന്നതിൽ അവൾ ഒരിക്കലും അശ്രദ്ധ കാണിക്കയില്ല.

(തുടരും...)

ഫാ. ജോസഫ് ആന്റണി OCD

ദൈവൈക്യം

ദൈവം ഈ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച്, ശുശ്രൂഷിച്ച്, അവിടുന്നുമായി ഗാഢമായ ഐക്യത്തിൽ എത്തി ദൈവീകജീവനിൽ പങ്കുകാരനായി ജീവിക്കുന്നതിനുവേണ്ടിയാണ്. ഈ ലക്ഷ്യം ഈ ഭൂമിയിൽ വച്ചു തന്നെ ഒരു വ്യക്തിക്ക് നേടുവാൻ സാധിക്കും എന്ന ഉറപ്പും വിശ്വാസവും പ്രത്യാശയുമാണ് ക്രൈസ്തവ സന്ന്യാസ ജീവിതത്തിന്റെ ആകെ തുക. ഈ ലക്ഷ്യം നേടുവാൻ പ്രയത്നിക്കുമ്പോൾ, ദൈവസഹായത്താൽ അനുസ്യൂതം ദൈവത്തോടൊപ്പം സഞ്ചരിക്കുമ്പോൾ, ഈ ലക്ഷ്യം ക്രമേണ ഒരു വ്യക്തി നേടി എടുക്കുന്നു. ഈ ലക്ഷ്യം നേടുമ്പോഴാണ് ഈ ഭൂമിയിലെ തന്റെ അസ്ഥിത്വത്തിന് അർത്ഥം കണ്ടെത്തുകയും തന്റെ ജന്മസാഫല്യം കൈവരിക്കുകയും ചെയ്യുന്നത്.

ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തെ വിശകലനം ചെയ്യുമ്പോൾ അത് ക്രമേണ വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണെന്ന് ഒരു വ്യക്തി മനസ്സിലാക്കുന്നതിനാൽ, ഈ വ്യക്തിപരമായ ബന്ധത്തെ ആരോഹണ ക്രമം എന്നു വിളിക്കാം. ദൈവവുമായുള്ള മനുഷ്യാത്മാവിന്റെ ബന്ധത്തിന്റെ വർച്ചയിലെ വിവിധ തലങ്ങളെ കൂടുതൽ നന്നായി മനസ്സിലാക്കാൻ Bhagavat Gita' യിലെ Bhakti Yoga (Union with God through intense Love) യിലെ ഭക്തന് ദൈവവുമായുള്ള ബന്ധത്തിന്റെ തലങ്ങൾ നമ്മെ വളരെ ഏറെ സഹായിക്കും. ഞാൻ വിവരിക്കാൻ പോകുന്ന ദൈവമനുഷ്യബന്ധം ഒന്നിനു പുറകിൽ മറ്റൊന്നായി മാത്രമേ വരൂ എന്നു നിർബന്ധമില്ല. ചിലപ്പോൾ ഇടകലർന്നും, ഒരുമിച്ചും ആത്മാവിൽ അനുഭവവേദ്യമായെന്നു വരാം.

നമ്മിലെ ദൈവൈക്യത്തിലെ ആദ്യ തലം ദാസ്യ ഭാവമാണ്. ഗുരുവും (യജമാനൻ), പരിചാരകനും തമ്മിലുള്ള ബന്ധം പോലെയായിരിക്കും ഇത്. ദൈവം സർവ്വശക്തനും സർവ്വപുണ്യങ്ങളുടെയും ഉടമയുമാകയാൽ വളരെ വലിയ ഭക്ത്യാദരവും, ബഹുമാനവും മനുഷ്യാത്മാവിനുണ്ടാകുന്നു. ഒരടിമ എപ്രകാരം തന്റെ യജമാനനെ സേവിക്കുന്നുവോ അതുപോലെ മനുഷ്യാത്മാവ് ദൈവത്തെ സേവിക്കുന്നു, സ്നേഹിക്കുന്നു. ഇവിടെ മനുഷ്യൻ വലിയ പാപിയാണെന്നും ദൈവത്തിന്റെ മുമ്പിൽ അയോഗ്യനാണെന്നും വളരെ നന്നായി ആത്മാവ് അറിയുന്നു. ദൈവം കല്പിക്കുന്നതെന്തും ഭയഭക്തിയോടെ ചെയ്യുകയും മറുപടിയായി ഒന്നും ഉരിയാടാതെ അനുസരണയുടെ മാർഗ്ഗം അവലംബിക്കുന്നതുകൊണ്ടും സ്വാതന്ത്ര്യത്തോടെ, ഇഷ്ടാനിഷ്ടങ്ങൾ പങ്കുവയ്ക്കുന്നതലം ഇവിടെ കാണുന്നില്ല.

ദൈവമനുഷ്യബന്ധത്തിലെ രണ്ടാമത്തെ തലമാണ് 'വാത്സല്യഭാവം'. മാതാപിതാക്കളും മക്കളും തമ്മിലുള്ള മനോഭാവമാണ് ഇവിടെ കാണുന്ന പ്രത്യേകത മാതാപിതാക്കളുടെ സാന്നിധ്യത്തിൽ കുഞ്ഞുങ്ങൾ ഏറ്റവും സന്തോഷവാന്മാരും, ഏറ്റവും സുരക്ഷിതരുമായി കാണപ്പെടുന്നതുപോലെ മനുഷ്യാത്മാവ് തന്റെ ഭാഗധേയം ദൈവത്തെ ഭരമേല്പിച്ച് ഒരു സ്നേഹപിതാവിന്റെ സ്നേഹലാളനങ്ങൾ അനുഭവിച്ചറിയുന്നു. ഏതു തെറ്റു ചെയ്താലും പിതാവ് കഷമിക്കുമെന്നും, തന്നോടു കൂടുതൽ വാത്സല്യം പ്രകടിപ്പിച്ചുകൊണ്ട് സ്നേഹത്തോടെ ശാസിച്ചു തിരുത്തുന്നുവെന്നും ആത്മാവ് അറിയുന്നു. മാതാപിതാക്കളുടെ സാന്നിധ്യമില്ലായ്മ, ദുസ്സഹമായി അനുഭവപ്പെടുന്നതുപോലെ ദൈവത്തെ അറിയാത്ത നിമിഷങ്ങൾ അവിടുത്തെ സ്നേഹസാന്നിധ്യം അനുഭവിക്കാത്ത നിമിഷങ്ങൾ ദുർവ്വഹമായി മാറുന്നു. ചിലപ്പോഴൊക്കെ പകുത കുറഞ്ഞ മനോഭാവമാണ് ആത്മാവിൽ കൈവരുന്നതെങ്കിലും അതിലൂടെയുള്ള ആത്മീയ പുരോഗതി വലുതാണ്.

ദൈവമനുഷ്യ ബന്ധത്തിലെ - ആദ്ധ്യാത്മിക പക്വത വളരുമ്പോൾ ഒരു വ്യക്തി ഒരു സുഹൃത്തിന്റെ സ്ഥാനത്ത് എത്തുന്നു. ഇതാണ് 'സഖ്യാഭാവ'മായി അറിയപ്പെടുന്നത്. ദൈവവും മനുഷ്യാത്മാവും ആഴമായ ബന്ധമുള്ള, ആഴമായ അത്മാർത്ഥസ്നേഹം നിറഞ്ഞ 'കൂട്ടുകാർ' ആയിത്തീരുന്നു. സന്തോഷമായാലും വേദനയായാലും പരസ്പരം പങ്കുവയ്ക്കുന്നു. സ്വാതന്ത്ര്യത്തോടെ പരസ്പര സംഭാഷണമുള്ളതിനാൽ ഇടയ്ക്കു ആത്മാർത്ഥ സുഹൃത്തുക്കളെപ്പോലെ പിണങ്ങുന്നു. വീണ്ടും ആഴമായ ബന്ധത്തോടെ ഒന്നിക്കുന്നു. ആത്മാർത്ഥ സുഹൃത്തായ ദൈവത്തിന്റെ അസാന്നിദ്ധ്യം വളരെ വേദനാജനകമായി ആത്മാവിന് അനുഭവപ്പെടുന്നു. ഈ സൗഹൃദബന്ധത്തിന്റെ സൽഫലങ്ങൾ ഒരു പരിധിവരെ സ്ഥായിയായി നിലനിൽക്കുന്നു. സുഹൃത്തായ ദൈവത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായി മനുഷ്യൻ മാറുന്നു. വളരെ ധീരത നിറഞ്ഞ വ്യക്തിത്വത്തിന് ഉടമയായി മനുഷ്യാത്മാവ് മാറുന്നു. കർത്താവിനെ കൂടുതലായി സ്നേഹിക്കുവാനും, മറ്റുള്ളവരെക്കൊണ്ട് ഈ സുഹൃത്തിനെ സ്നേഹിപ്പിക്കുവാനും ആത്മാവ് ബദ്ധശ്രദ്ധനാകുന്നു. യേശുവിന്റെ വ്യക്തിത്വം കൂടുതൽ തന്നിൽ കാണപ്പെടുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. യേശുവല്ലാതെ മറ്റൊന്നും, കടന്നുവരുന്നില്ല. ആന്തരീക ഐക്യത്തിൽ ആയിരിക്കുമ്പോഴും പുണ്യാഭ്യാസവും കഠിനാദ്ധ്വാനവും കൂടുതൽ പുരോഗമിക്കുന്നു.

ഈ ബന്ധത്തിൽ നിന്നും വ്യത്യസ്തമായ ഒരു തലം കൂടിയുണ്ട്. ഇതാണ് ദൈവമനുഷ്യബന്ധത്തിലെ അല്പംകൂടി ഉയർന്നതലം. അതിനെയാണ് 'കാന്തഭാവം' അല്ലെങ്കിൽ 'മധുരഭാവം' എന്നു വിളിക്കുന്നത്. ഭാര്യാഭർത്താക്കന്മാരുടെ പരസ്പരമുള്ള വളരെ ആഴമായതും വളരെ വിശ്വസ്തത നിറഞ്ഞതുമായ ബന്ധമാണിത്. മനുഷ്യാത്മാവിന് ദൈവത്തോട് അതിരറ്റ സ്നേഹം അനുഭവപ്പെടുന്നു. ദൈവത്തെ പ്രസാദിപ്പിക്കാൻ എന്തു ചെയ്താലും ഒന്നും മതിയാവില്ല എന്നതാണ് ഒരു വലിയ പ്രത്യേകത. ഏറ്റവും 'വലിയ ത്യാഗം' ചെയ്താലും അത് ഒന്നുമല്ലെന്നും, മരണം വരിച്ചുകൊണ്ട് രക്തസാക്ഷിയായാൽ പോലും ദൈവസ്നേഹത്തിന് പകരമായി 'ഒന്നുമാകുകയല്ല' എന്ന അനുഭവം ആത്മാവിലുണ്ടാക്കുന്നു. 'ആർക്കും വർണ്ണിക്കാനാകാത്ത ആനന്ദം' ആത്മാവിൽ അനുഭവപ്പെടുന്നു; അതിന്റെ ഉറവിടമെവിടെ എന്നറിയാതെ തന്നെ (ബാഹ്യമായ കാരണം കൂടാതെയുള്ള ആനന്ദം). ഈ ആത്മാവിനെ സംതൃപ്തമാക്കാൻ ഈ ലോകത്തിലെ ഒരു വസ്തുവിനും വ്യക്തിക്കും ഒരിക്കലും സാദ്ധ്യമല്ല. ദൈവകുമാരന്റെ രൂപം 'മനസ്സിൽ കൊത്തിവച്ചിരിക്കുന്നു' ആകയാൽ ഈ ബന്ധത്തിൽ മൂന്നാമത് ഒരാൾ കടന്നുവരാൻ മനുഷ്യാത്മാവ് അനുവദിക്കുന്നില്ല. ദൈവകുമാരന്റെ അപാരമായ എളിമയിൽ മുങ്ങിക്കുളിച്ച് അത് തന്നിലേക്ക് രൂപപ്പെടുത്തുവാൻ ആത്മാവ് പ്രയത്നിക്കുന്നു, തീവ്രമായി ആഗ്രഹിക്കുന്നു. ഈ ഭൂമിയിൽ തന്നേക്കാൾ എളിമ നിറഞ്ഞ വ്യക്തി ഉണ്ടാകാൻ പാടില്ല എന്നുവരെ ആഗ്രഹിക്കുന്നു. ✪

ജുവാൻ ജ്യോതി മാസികയെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും തിരുത്തലുകളും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ സാഹിത്യ സൃഷ്ടികൾ, കഥ, കവിത, ലേഖനങ്ങൾ മുതലായവ പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നെങ്കിൽ ചീഫ് എഡിറ്ററുടെ വിലാസത്തിലേയ്ക്ക് അയയ്ക്കുക. നിങ്ങളുടെ സ്നേഹവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ജുവാൻ ജ്യോതി മാസികയ്ക്കുവേണ്ടി ചീഫ് എഡിറ്റർ.

അഡ്രസ്സ് :

ഫാ. ടോണി മുത്തപ്പൻ
ചീഫ് എഡിറ്റർ, ജുവാൻ ജ്യോതി മാസിക
ജുവാൻ ജ്യോതി ആശ്രമം, അയിരൂർ പി.ഒ., എറണാകുളം

South Indian Bank
A/C No. 0446053000002768
Ayroor Branch

സന്യാസ സമർപ്പണ ജീവിതത്തിലൂടെ പ്രാർത്ഥനാജീവിതം നയിക്കുവാനും സുവിശേഷ പ്രഘോഷണം നടത്തുവാനും താല്പര്യമുള്ള എസ്.എസ്.എൽ.സി., പ്ലസ് ടൂ പാസ്സായിട്ടുള്ള ആൺകുട്ടികളെ നിഷ്പാദുക കർമ്മലീത്താ സഭയുടെ സൗത്ത് കേരളാ പ്രോവിൻസിലേക്ക് സ്വാഗതം ചെയ്യുന്നു.

Vocation Promoter : **Fr. Francis Xavier**

St. Joseph's Provincial House, Kampivilla, Kottiyam P.O., Kollam

Mob : 9895903373

ബ്ര. മെജോ OCD

ഉള്ളിലെ നോവ്

"നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്.' - ബന്യാമിൻ (ആടു ജീവിതം)

നമ്മുടെ സംസ്കാരത്തിന്റെയും സംസ്ഥാനത്തിന്റെയും അതിർവരമ്പുകൾ മുറിച്ചു കടക്കുവാൻ തയ്യാറാകാത്തവർക്ക് മറ്റു സംസ്കാരങ്ങൾ വെറും കെട്ടുകഥകളും കേട്ടുകേൾവികളും മാത്രമാണ്. ഈ കെട്ടുകഥകളും കേട്ടുകേൾവികളും അനുഭവത്തോളം വരില്ല. സന്യാസ-വൈദിക രൂപീകരണത്തിന്റെ ഭാഗമായി ആസാമിലെ കേത്രിയിലും മിസോറാമിലെ കോളേലുങ്ങിലും മുന്നു മാസക്കാലം ജീവിക്കുകയുണ്ടായി. ജീവിതത്തിന്റെ ഒരു തലത്തിൽനിന്നും മറ്റൊന്നിലേയ്ക്ക് മാറ്റി നടപ്പെട്ട ഒരു കാലയളവ്. അനുഭവസ്ഥരിൽ നിന്നും കേട്ടറിഞ്ഞ മുൻവിധികളുമായി തീവണ്ടി കയറുമ്പോൾ ഒരിക്കലും നിനച്ചില്ല എന്റെ തമ്പുരാൻ അവിടെ എനിക്ക് മാത്രമായി ഒരുക്കിവച്ച ജീവിതാനുഭവങ്ങളെ - എന്റെ കാഴ്ചകളും കാഴ്ചപ്പാടുകളും മാറ്റിമറിച്ച ജീവിതാനുഭവങ്ങളെ എനിക്ക് നേരിടേണ്ടിവരുമെന്ന്. സുരക്ഷിതമായ ആശ്രമമതിലുകൾക്കപ്പുറം പച്ചയായ ഒരു ജീവിതം ഉണ്ടെന്ന തിരിച്ചറിവ്, അത് ഹൃദയത്തിൽ ഉളവാക്കിയ തിരയിളക്കങ്ങൾ വാക്കുകളിൽ വിവരിക്കുക പ്രയാസം. അതാണു പറയുന്നത് ചിലതു നാം അനുഭവിച്ചു തന്നെ അറിയണമെന്ന്.

വെളുപ്പിനെ നാലു മണിക്ക് തീവണ്ടി ഗോഹാട്ടിയിൽ എത്തി. തണുപ്പുകാലം അതിന്റെ അവസാനത്തോട് അടുത്തുകൊണ്ടിരിക്കുന്ന സമയം. എങ്കിലും കേരളീയരായ നമ്മളെ സംബന്ധിച്ചിടത്തോളം എല്ലു തുളയ്ക്കുന്ന ഒരു അനുഭവമായിരുന്നു അത്. ജാക്കറ്റും ഇട്ട് കൈകൾ രണ്ടും ജീൻസിന്റെ പോക്കറ്റിൽ തിരുകിവെച്ചു തണുത്ത പുകയും ചുണ്ടിലൂടെ വിട്ടു കുറച്ചുനേരം അവിടെ നിന്നു. അപ്പോഴേയ്ക്കും അച്ചന്മാർ വന്നു. അവിടെനിന്നും ഒരു മണിക്കൂർ ഓട്ടോയിൽ യാത്ര. തണുത്ത കാറ്റ് തടയുവാനായി അച്ചൻ തന്ന കമ്പിളി പുതപ്പിലേക്ക് ഉൾവലിഞ്ഞു. ചെറിയ ഒരു കുന്നിന്റെ കീഴിൽ ഓട്ടോ നിന്നു. അതിനു മുകളിൽ ആണു പള്ളിയും ആശ്രമവും. കേത്രിയിലെ എന്റെ ആദ്യ ചുവടുവയ്പ്. തമ്പുരാൻ എന്നെ വെട്ടി ഒരുക്കുവാനായി ഒരുക്കിയ മുന്തിരിത്തോട്ടം.

കേത്രി - പച്ച പരവധാനി വിരിച്ചതുപോലെ നെൽപ്പാടങ്ങൾ, മലനിരകൾ, കുടിലുകൾ, ചെറിയ സ്കൂളുകൾ, പരസ്പരം അറിയുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന നാട്ടുകാർ - നമ്മുടെ നാട്ടിൽ നിന്നും നഷ്ടപ്പെട്ടുപോയിക്കൊണ്ടിരിക്കുന്ന ഒരു സംസ്കാരത്തിന്റെ നിറം മങ്ങാത്ത പതിപ്പ്, ഒരു വശത്ത്. മറുവശത്ത് നാലുവരി അതിവേഗ ദേശീയപാത,

കോളേജ്, കമ്പനികൾ – കേത്രിയുടെ വികസനമുഖം. അവിടെ എത്തിയപ്പോൾ നാട്ടിലേയ്ക്ക് തിരിച്ചുവന്ന ഒരു അനുഭവമായിരുന്നു. അത്രയ്ക്ക് സാമ്യമുണ്ട്. അതിരാവിലെ ഉണരുകയും സൂര്യൻ തന്റെ ചൂടിനാൽ ഭൂമിയെ വാരിപുണരുന്നതിനു മുൻപേ വയലുകളിലേയും തോട്ടങ്ങളിലേയും ജോലികൾ ചെയ്തു തീർത്തു വൈകുന്നേരങ്ങളിൽ ചന്തകളിലും ചായക്കടകളിലും മൈതാനങ്ങളിലും ഒരുമിച്ചുകൂടി സന്തോഷങ്ങളും സങ്കടങ്ങളും നേട്ടങ്ങളും കോട്ടങ്ങളും ഒരുപോലെ പങ്കുവയ്ക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ജനങ്ങൾ. ഇവരുടെ ഇടയിലേയ്ക്കാണ് തമ്പുരാൻ എന്നെ കൈപിടിച്ച് നടത്തിച്ചത്. 'കൂടെ' ജീവിച്ചാൽ പോരാ 'കൂടി' ജീവിക്കണമെന്ന തിരിച്ചറിവിലേയ്ക്ക് എന്നെ എത്തിച്ച സഹോദരങ്ങൾ.

ബുധനാഴ്ചകളിൽ സന്ധ്യനേരത്തു ഓരോ വീടുകളിലും വച്ചു ജപമാല പ്രാർത്ഥന ഉണ്ടായിരുന്നു. വീട് എന്നു പറയുമ്പോൾ നമ്മുടെ പോലെ മാർബിളും ടൈയ്ലും വച്ചു നിർമ്മിച്ചവയല്ല മറിച്ച് പച്ച മുളകൾ വെട്ടി ചതച്ചു ഒന്നോടൊന്നു അടുക്കിവച്ചു ചെളിയും ചാണകവും പൂശിയ വീടുകൾ. ഇങ്ങനെ ആണെങ്കിലും അത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും തിരിച്ചറിയലിന്റെയും വിളനിലമായിരുന്നു. ഇടവക ജനങ്ങൾ ആ വീട്ടിൽ ഒരുമിച്ചുകൂടുകയും ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവരോടൊപ്പം ആ പ്രാർത്ഥനയിൽ പങ്കുചേരുമ്പോൾ സ്വർഗ്ഗം താഴ്ന്നിറങ്ങി വരുന്ന ഒരു അനുഭവമായിരുന്നു. എന്റെ അധരങ്ങളും ചൊല്ലി, "പ്രണാം മരിയേ, കൃപ പൂർണേ.." വെറും അധരങ്ങൾ കൊണ്ടുള്ള ഒരു പ്രാർത്ഥനയായിരുന്നില്ല അത്, മറിച്ച് ഹൃദയം അനുഭവിക്കുന്നത് അധരം ഏറ്റുപറയുന്ന ഒരു പ്രാർത്ഥനയായിരുന്നു. പ്രാർത്ഥനയ്ക്ക് ശേഷമുള്ള സ്നേഹവിരുന്നു കഴിഞ്ഞ് "ജയ് യേസു" *(നമ്മുടെ 'ഈശോ മിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നതുപോലുള്ള ഒരു അഭിസംബോധന)* പറഞ്ഞു എല്ലാവരും പോയി. ഞാൻ ഇതുവരെ അറിയുകയും അനുഭവിക്കുകയും ചെയ്യാത്ത ജീവിതയാഥാർത്ഥ്യങ്ങളെ, ജീവിത സാഹചര്യങ്ങളെ നേരിട്ട് കണ്ട് വിങ്ങിയ ഹൃദയവും കലങ്ങിയ മിഴികളും ആയി ആശ്രമത്തിന്റെ സുരക്ഷിതത്വത്തിലേക്ക് ഞാനും നടന്നു കയറി. മനസ്സിൽ ഒരുപാട് ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ, തുളച്ചുകയറുന്ന തണുപ്പിലും ഉള്ളു പൊള്ളിക്കുന്ന ഒരു അനുഭവമായിരുന്നു അത്.

ദിവസങ്ങൾ കടന്നുപോയി. ഞായറാഴ്ചയായി അച്ചൻ രാവിലെ വിളിച്ചിട്ടു പറഞ്ഞു ഇന്നു "കില്ലിങ്ങ്" എന്ന സബ്സ്റ്റേഷനിലാണ് കുർബാന. ബൈക്കിൽ ജാക്കറ്റും ധരിച്ച് അച്ചനുമായി രാവിലെ അഞ്ചരക്ക് യാത്ര പുറപ്പെട്ടു. മരവിപ്പിക്കുന്ന തണുത്ത കാറ്റ്. മലകളിലൂടെ വളഞ്ഞുതിരിഞ്ഞുപോകുന്ന റോഡ്, അത് പിന്നെ താഴ്വാരങ്ങളിലെ പാടങ്ങളെ തഴുകി നീണ്ടുപോകുന്നു. പിന്നെയും ഒരു മലകയറ്റം അവസാനം ഞങ്ങൾ കില്ലിങ്ങിൽ എത്തി. മുള വെച്ചുണ്ടാക്കിയ പഴകി വീഴാറായ ഒരു കുടിൽ അവിടെ ആണ് കുർബാന. ആ കുടിലും ഒരു കുടുംബത്തിന്റെ ഔദാര്യം തന്നെ. ആളുകൾ എല്ലാവരും തന്നെ നേരത്തെ വന്നു ജപമാല ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന കഴിഞ്ഞ് എല്ലാവരും വന്നു 'ജയ് യേസു" പറഞ്ഞു. പിന്നെ കുർബാനയ്ക്കുള്ള ഒരുക്കമായി. മേശമേൽ വെള്ള വിരിയിട്ട്, തിരികൾ തെളിച്ചു കുർബാന തുടങ്ങി. ആസാമി ഭാഷയിലായിരുന്നു കുർബാന. എനിക്ക് അവർ പറയുന്ന ഭാഷ മനസ്സിലായില്ലെങ്കിലും മുമ്പൊരിക്കലും തോന്നിയിട്ടില്ലാത്ത ഒരു ഭക്തി ഒരു സ്നേഹം പരിശുദ്ധ കുർബാനയോടു എനിക്ക് തോന്നി. തനിക്ക് ബലിയർപ്പിക്കുവാൻ ഒരു ജനത്തെ തന്റെ തിരുമുമ്പിൽ ശേഖരിക്കുന്നതിൽ സദാ ജാഗരൂകനായിരിക്കുന്ന നമ്മുടെ നല്ല ദൈവത്തിന്റെ സാന്നിദ്ധ്യം ആ കുടിലിൽ അർപ്പിക്കപ്പെട്ട ദിവ്യ ബലിയിൽ ഞാൻ തിരിച്ചറിഞ്ഞു. പുറത്തുള്ള തണുപ്പിനെ ശമിപ്പിക്കുന്ന ഉള്ളിലെ ചൂട് – അതായിരുന്നു ആ ബലിയർപ്പണ അനുഭവം. കാലിത്തൊഴുത്തിലെ ദാരിദ്ര്യത്തിൽ പിറന്ന തമ്പുരാനു കുടിലിലെ ബലിയർപ്പണം അതിവിശിഷ്ടമാണെന്നു പറയേണ്ടതില്ലല്ലോ. നമ്മൾ കോടികൾ മുടക്കി ദൈവാലയങ്ങൾ പണിയുമ്പോൾ ഉറപ്പാക്കുക തമ്പുരാനു അതിൽ ഇടം ഉണ്ടെന്ന്. കാലിത്തൊഴുത്തിൽ പിറന്നവനു കൊട്ടാരം പിടിക്കുമോ എന്തോ, അറിയില്ല. മാറേണ്ടിയിരിക്കുന്നു നമ്മുടെ കാഴ്ചകളും കാഴ്ചപ്പാടുകളും. ദരിദ്രരുടെ പക്ഷം ചേരുന്ന കർത്താവിനെ കൂടെ വേണമെങ്കിൽ ആരുടെ കൂടെ നിൽക്കണമെന്നു തീരുമാനിക്കേണ്ടത് ഞാനും നീയും ആണ്. അതിന് ഈ അനുഭവങ്ങൾ വഴികാട്ടുമെങ്കിൽ ദൈവത്തിനു സ്തുതി. ✪

വ്യക്തി താൽപര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നിടത്ത് വിശുദ്ധിക്കിടമില്ല
(വി. അമ്മത്രേസ്യ)

☆ ☆ ☆

സൃഷ്ടിജാലകങ്ങളിലൊക്കെയും ദൈവത്തിന്റെ പരിപാലനയും ജ്ഞാനവും ദർശിച്ച് അവയിലൊക്കെയും അവിടുത്തെ സ്തുതിക്കുക
(വി. അമ്മത്രേസ്യ)

☆ ☆ ☆

ക്ലേശമൊന്നുമില്ലാതെ സുഖജീവിതം നയിക്കുന്നവരെ ദൈവം തന്റെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുമെന്ന് കരുതുന്നത് അബദ്ധമാണ്.
(വി. അമ്മത്രേസ്യ)

ബിജോ ജോസഫ്
സൈക്കോളജിസ്റ്റ്

ആശാനക്ഷരമൊന്നു പിഴച്ചാൽ...

കഴിഞ്ഞ കുറെ നാളുകളായി എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു ചോദ്യമാണ്: കേരളം വളരുകയാണോ? തളരുകയാണോ?

ഒന്നു രണ്ടു സ്ഥലങ്ങളിൽ അധ്യാപകരോട് സംസാരിക്കുന്ന വേളയിൽ ഈ ചോദ്യം ഞാൻ ചോദിക്കുകയുണ്ടായി. രണ്ടും ശരിയാണ് എന്ന് പറഞ്ഞവർ ആയിരുന്നു കൂടുതലും.

കേരളം വളരുന്നുണ്ട്; പല കാര്യങ്ങളിലും ആത്മഹത്യയുടെ, ബാലപീഡനങ്ങളുടെ, ലഹരി മരുന്നുപയോഗത്തിന്റെ, വിൽപ്പനയുടെ, പിടിച്ചുപറിയുടെ, കൊലപാതകത്തിന്റെ, കൂട്ടേഷൻ സംഘങ്ങളുടെ, സ്ത്രീപീഡനത്തിന്റെ, വിവാഹമോചനങ്ങളുടെ, കപടസദാചാരബോധത്തിന്റെ, മൂല്യങ്ങൾ നഷ്ടപ്പെടുന്ന വിദ്യാഭ്യാസമേഖലയുടെ... ഇങ്ങനെ നീണ്ടുപോകുന്ന ഒരു വലിയ നിരയുടെ കാര്യങ്ങളിലൊക്കെ കേരളം വളരുകതന്നെയാണ് ചെയ്യുന്നത്. പക്ഷേ ഈ വളർച്ച തളർച്ചയിലേക്ക് തെറ്റായ സൂചികയിലേക്കാണ് പുതുതലമുറയെ കൊണ്ട്ചെന്ന് എത്തിക്കുന്നത്.

ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ എന്നപോലെ നമ്മുടെ സമൂഹത്തിനുണ്ടാകുന്ന ഏതൊരു മാറ്റവും നമ്മുടെ പുതുതലമുറയും (New generation) ഉൾക്കൊള്ളുന്നു.

അധ്യാപകപരിശീലന കാലയളവിൽ എല്ലാവരും തന്നെ കേട്ടിരിക്കാൻ ഇടയുള്ള ഒരു പ്രസിദ്ധമായ വാചകമാണ് : "ഭാരതത്തിന്റെ ഭാവി അതിന്റെ ക്ലാസ് മുറികളിലാണ് രൂപം കൊള്ളുന്നത്" – *ഡോ. കോത്താരി*

ഇത്രയും വായിക്കുമ്പോൾ തന്നെ ഭാരതത്തിന്റെ ഭാവി എന്താകും / നമ്മുടെ ഈ ന്യൂ ജനറേഷന്റെ ഭാവി എന്താകും എന്ന ഒരു സന്ദേഹം പലരിലും ഉണ്ടാകാം!

ഒരു വിദ്യാർത്ഥി ഏകദേശം 25000 മണിക്കൂർ വിദ്യാലയങ്ങളിൽ ചിലവഴിക്കുന്നു എന്നാണ് കണക്ക്. അതായത് മാതാപിതാക്കളെക്കാൾ കൂടുതൽ സമയം അധ്യാപകരോടൊത്ത് ചിലവഴിക്കുന്നു. ഒരു അധ്യാപകൻ/ അധ്യാപിക വിദ്യാർത്ഥിയുടെ മുന്നിൽ നിൽക്കുന്ന നേരമത്രയും വിദ്യാർത്ഥികൾക്ക് ആ വ്യക്തി വലിയ മാതൃകാപ്രതീകമാണ്. മാതാപിതാക്കൾ കുട്ടികൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ കരുതലും സ്നേഹവും പരിഗണനയും നല്കപ്പെടേണ്ടത് "ടീച്ചറിലൂടെ" യാണ്.

ഗുരു എന്നതിന് അന്ധകാരം അകറ്റുന്നവൻ എന്നർത്ഥം കൊടുക്കുമ്പോൾ അത് ഇന്നിന്റെ തലമുറക്ക് അറിവില്ലായ്മയുടെ അന്ധകാരത്തെക്കാൾ ഉപരി സുകൃതക്ഷയങ്ങളുടെ പ്രലോഭനങ്ങൾ നിറഞ്ഞ ലോകത്ത് വഴിതെറ്റാതിരിക്കാൻ മൂല്യങ്ങൾ പകർന്ന് നല്കേണ്ടവർ കൂടിയാണ് അധ്യാപകർ. എന്നാൽ ഇന്നത്തെ അധ്യാപകരിൽ മിക്കവർക്കും ആ ഒരു ധാർമ്മികത, കമ്മിറ്റ്മെന്റ് ഒട്ടും ഇല്ല എന്നത് വേദനിപ്പിക്കുന്ന ഒരു വസ്തുതയാണ്.

കവി പാടിയത്പോലെ "ആശാനക്ഷരമൊന്ന് പിഴച്ചാൽ..." ഇന്ന് അക്ഷരമല്ല ഒരു നോട്ടംപോലും മുന്നിലി

രിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വാധീനമാകുമെന്നത് ഓർമ്മയുണ്ടാവണം.

2000-ൽ അധികം വരുന്ന അധ്യാപകരെ പരിശീലിപ്പിക്കുന്ന വേളയിൽ അവരോട് ഒരു ചോദ്യം ചോദിച്ചു: "നിങ്ങൾ കുട്ടികളുമായി ഇടപഴകുന്ന വേളയിൽ താഴെപ്പറയുന്നവയിൽ ഏത് കാര്യത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്?"

സ്നേഹം (Love) ഉപദേശം (Advice) മനസ്സിലാക്കൽ (Understanding) വളരെ സത്യസന്ധമായ മറുപടിയാണ് ഞങ്ങൾക്ക് (പരിശീലകർ) ലഭിച്ചത്. 80% ൽ അധികം ആൾക്കാർ പറഞ്ഞ ഉത്തരം ഉപദേശം എന്നാണ്. സ്നേഹം എന്നതിന് വളരെ പരിമിതമായ ആൾക്കാർ മാത്രമെ പ്രാധാന്യം നൽകിയുള്ളൂ.

ഒരു കാര്യം വളരെ പ്രാധാന്യം അർഹിക്കുന്നു. "കുട്ടിയെ അറിയുക"

"To teach John Latin one must know both John and Latin" 'ടീച്ചർ' വിഷയം മാത്രം അറിഞ്ഞാൽ പോരാ മറിച്ച് കുട്ടിയെയും വിദ്യാർത്ഥിയെയും അറിയാൻ സാധിക്കണം അല്ലെങ്കിൽ രണ്ടുപേരും പരാജയം ആയിപ്പോകും; കാരണം വിദ്യാഭ്യാസം എന്നതിന് മാർക്ക് വാങ്ങിപ്പിക്കുക എന്ന ലക്ഷ്യം മാത്രമല്ലല്ലോ ഉള്ളത്, കുട്ടികൾ ഒരിക്കലും 'പഠനയന്ത്രങ്ങൾ' ആയി മാറാൻ പാടില്ല.

ക്ലാസിൽ അസ്വസ്ഥനായി കാണപ്പെട്ട വിദ്യാർത്ഥിയോട് കാർക്കശ്യസ്വരത്തിൽ "ഞാൻ ഇപ്പോൾ പഠിപ്പിച്ച പാഠ്യഭാഗത്തിന്റെ ബാക്കി വായിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവൻ ഒറ്റക്കൈ കൊണ്ട് പുസ്തകം എടുത്ത് വായിച്ചു. അതിൽ കുറ്റം കണ്ടെത്തിയ അധ്യാപകനോട് കുട്ടിയുടെ കൂട്ടുകാരൻ പറയുകയാണ് സർ അവന് ഒരു കൈ മാത്രമെയുള്ളൂവെന്ന്. ഒട്ടും അതിശയോക്തിപരമല്ലാത്ത ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. അൺ എയിഡഡ് വിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ പല തവണ കണ്ടിട്ടുള്ള എനിക്ക് ഇത് നേരിട്ടുള്ള അനുഭവമാണ്. 60 കുട്ടികൾ തിങ്ങിയിരിക്കുന്ന ഒരു ക്ലാസ് മുറിയിൽ അധ്യാപിക/അധ്യാപകൻ എത്ര പേരെ വ്യക്തിപരമായി അറിയും.

ക്ലാസിൽ അസ്വസ്ഥതയുണ്ടാക്കുന്നവനെ ശല്യം എന്ന് പറഞ്ഞ് മാറ്റി നിർത്താൻ എളുപ്പമാണ്. പക്ഷെ അവന്റെ ഗൃഹാന്തരീക്ഷത്തെക്കുറിച്ചും ജീവിതസാഹചര്യങ്ങളെക്കുറിച്ചും പഠിച്ചാൽ ആ അസ്വസ്ഥതയുടെ കാരണം ചിലപ്പോൾ നമ്മുടെ കണ്ണ് നനയിക്കും. അങ്ങനെ കണ്ണ് നനഞ്ഞ ഒത്തിരി അധ്യാപകരെ എനിക്കറിയാം. അവരുടെ ഒരു കുട്ടിപോലും പാഴായിപോകില്ല.

ഒരു ചൊല്ലുണ്ട് " Don't judge a book by its cover" പുസ്തകത്തെ അതിന്റെ പുറംചട്ടകൊണ്ട് വിലയിരുത്തരുത്. അപാരമായ സാധ്യതകൾ ഉള്ളതാണ് ഓരോ വിദ്യാർത്ഥിയും. ഒട്ടും മുൻവിധികൾ ഇല്ലാതെ അവരെ സമീപിക്കാൻ സാധിക്കണം.

വഴിയിൽവച്ച് കണ്ട അധ്യാപികയോട് രക്ഷാകർത്താവ് ചോദിക്കുകയാണ് : "ടീച്ചർ, സുരേഷ് എങ്ങനെയുണ്ട്?" അധ്യാപിക വിഷമത്തിലായി കാരണം ക്ലാസിൽ രണ്ട് സുരേഷ് ഉണ്ട്, അതിൽ ആരുടെ രക്ഷാകർത്താവാണ് ഇത് എന്ന് അറിയില്ല. ജാള്യത ഒളിപ്പിച്ച്കൊണ്ട് ടീച്ചർ ചിന്തിച്ചു ഇത് ഏതായാലും നന്നായി പഠിക്കുന്ന സുരേഷിന്റെ പിതാവായിരിക്കും. മറുപടി ഇങ്ങനെ: "സുരേഷ് വളരെ നല്ല കുട്ടിയാണ്, എനിക്ക് അവനെ ഒത്തിരി ഇഷ്ടമാണ്. നന്നായി പഠിക്കുന്നുണ്ട്." പിതാവ് ഒരൽപ്പം ശങ്കയോടെ "ടീച്ചർ എന്റെ മകൻ സുരേഷിനെക്കുറിച്ച് തന്നെയാണോ പറയുന്നത്?" ടീച്ചർ പറഞ്ഞു അതെ. അദ്ദേഹം വീട്ടിൽ എത്തിയ ഉടനെ ഭാര്യയെ വിളിച്ച് ഈ കാര്യം പറഞ്ഞു. അകത്തെ മുറിയിൽ നിന്ന് സുരേഷ് ഇത് കേൾക്കുന്നുണ്ടായിരുന്നു. അവന് അത് വിശ്വസിക്കാൻ സാധിച്ചില്ല. അവൻ അടുത്ത ദിവസം പോയി ടീച്ചറിനോട് അതെപറ്റി ചോദിച്ചു. അപ്പോഴാണ് ടീച്ചറിന് തന്റെ അബദ്ധം മനസ്സിലായത്. പക്ഷേ ടീച്ചർ സുരേഷിനോട് പറഞ്ഞു. 'അതെ ഞാൻ പറഞ്ഞത് സത്യമാണ്, നീ മിടുക്കനാണ് എനിക്ക് നിന്നെ ഒത്തിരി ഇഷ്ടമാണ് നിനക്ക് ഒത്തിരി ഉയരങ്ങളിൽ എത്താൻ സാധിക്കും. ഈ വാക്കുകൾ സുരേഷിൽ ഒരു വലിയ പരിവർത്തനം ഉണ്ടാക്കി.

ലോകജനതയെ പ്രത്യേകിച്ച് ഇന്ത്യൻ ജനതയെ സ്വപ്നം കാണാൻ പഠിപ്പിച്ച, രാമേശ്വരത്തെ പൊള്ളുന്ന മണൽത്തരികളിൽ ചവിട്ടി നടക്കുമ്പോഴും സ്വപ്നങ്ങൾ കണ്ട, സ്വപ്നങ്ങളെ ചിന്തകൾ ആക്കിയ ചിന്തകൾ പ്രവൃത്തികൾ ആക്കിയ ആ മഹാത്മാവിന്റെ വാക്കുകൾ നമ്മുടെ കുട്ടികൾക്ക് പകർന്ന് കൊടുക്കാം.

"നിങ്ങൾ വിദ്യാർത്ഥികൾ
നിഷ്കളങ്കബാല്യങ്ങൾ
സ്വപ്നങ്ങൾ കാണേണ്ടവർ
നാളത്തെ ഭാരതത്തെ കെട്ടിപ്പെടുക്കേണ്ടവർ" ✪

കുസൃതി ചോദ്യങ്ങൾ

തയ്യാറാക്കിയത് : **സാൻ സെബ**

1. പേനയും കൊണ്ട് നടക്കുന്ന പക്ഷിയേത്?
2. എല്ലാവർക്കുമുള്ള ഈ ഡ്രസ്സ്, പക്ഷേ ആരും ധരിക്കാറില്ല? ഏതാണീ ഡ്രസ്സ്?
3. ദിവസവും ഒന്നിലേറെത്തവണ ഷേവ് ചെയ്യുന്നതാര്?

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1) കലണ്ടർ 2) 2-ാം സ്ഥാനം 3) നാഴി

തെരേസ്യൻ കഫേ 8

ഡീക്കൻ സനിൽ സെബാസ്റ്റിൻ OCD

വി. ത്രേസ്യയും അനുസരണവും

മഴയും അലറുന്ന കൊടുംങ്കാറ്റും. അതിന്റെ പാരമ്യത്തിൽ മലപൊട്ടി. ഒരു പുത്തൻ ഉണർവ്വിന്റെ വിഹായസ്സിലേക്കുള്ള കുത്തൊഴുക്ക്. കൂട്ടത്തിൽ കൂർത്ത വക്കുകളും മുനകളും ഉള്ള ഒരു കല്ല് ഉണ്ടായിരുന്നു. അടിവാരത്തിലെത്തിയ കല്ലിനെ കുറെപ്പേർ എടുത്തു നോക്കി. കൂർത്ത വക്കുകളും കഠിനമായ മുനകളും പലരിലും മുറിവുകളുടെ ആഘാതം ജനിപ്പിച്ചു. വർഷങ്ങൾ കടന്നുപോയി. നീണ്ട ഒഴുക്കുകൊണ്ട് ഉരഞ്ഞുരഞ്ഞ് മുനകളും വക്കുകളും തേഞ്ഞ് കല്ല് ഒരു പളുങ്ക് കട്ടയ്ക്ക് തുല്യം മിനുസമുള്ളതായി തീർന്നു. പ്രാർത്ഥനയുടെ നിശബ്ദതയിൽ തെളിനീരിൽ പളുങ്ക് കട്ടപോലെ കിടന്ന കല്ലിന് ഭംഗി കണ്ടു. പത്രോസിന്റെ മേൽ സ്ഥാപിതമായ പള്ളിയുടെ ചുമരിൽ മറ്റ് കല്ലുകൾക്ക് ഒപ്പം വച്ചു. പള്ളിച്ചുമരിന്റെ ഭാഗമായ കല്ല് സകലർക്കും കണ്ണഞ്ചിപ്പിക്കുന്ന കൗതുകങ്ങളുടെ, അനുഭവങ്ങളുടെ നിറക്കൂട്ടായി. ഇത് ആവിലായിലെ വി. അമ്മത്രേസ്യയുടെ ജീവിതമാണ്. കടുത്ത സമ്മർദ്ധത്തിന്റെയും തിരസ്ക്കരണത്തിന്റെയും മൂർദ്ധന്യാവസ്ഥയിലും (ബുൾഗോസിലെ മെത്രാപ്പോലീത്തായുടെ തിരസ്ക്കരണം ശ്രദ്ധേയം) സഭാനവീകരണത്തിന്റെ പച്ചക്കൊടി കാട്ടി പലർക്കും തലവേദന തോന്നിപ്പിച്ച വിശുദ്ധ, കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ കറപുരളാത്ത പ്രാർത്ഥനയുടെ ഗുരുഭൂതയായി വിരാജിക്കുന്നു.

ദൈവത്തിലേക്ക് പല വഴികളുണ്ട് എന്ന് ആധുനിക സംസ്ക്കാരം ശഠിക്കുമ്പോൾ, ദൈവത്തിലേക്ക് ഒരു നേർരേഖ മാത്രമേ വരയ്ക്കാനാവൂ എന്ന് കാണിച്ചു തരുന്ന ശ്രേഷ്ഠയായ ഈ പുണ്യാത്മാവ് 'അനുസരണം' (ദൈവതിരുമനസ്സ്) ഒരു വലിയ പുണ്യാഭ്യാസമായി നമ്മിലേക്ക് സന്നിവേശിപ്പിക്കുന്നു. "അത്യുന്നത പൂർണ്ണതയിലേക്ക് നമ്മെ നയിക്കാൻ ഉതകുന്നതായി അനുസരണംപോലെ വേറൊരു മാർഗ്ഗമില്ല" (മഠസ്ഥാ 8:10) എന്നും "അനുസരണയിൽ നിന്നും വ്യതിചലിക്കാതിരുന്നതുകൊണ്ട് ആത്മാവിനുണ്ടാകുന്ന അനുഗ്രഹങ്ങളെപ്പറ്റി പല ഗ്രന്ഥങ്ങളിലും ഞാൻ വായിച്ചിട്ടുള്ളതിന് പുറമേ, അനുഭവം കൊണ്ട് ഞാൻ ഗ്രഹിച്ചിട്ടുള്ളതാണ്" (മഠസ്ഥാ. പ്രസ്താവന 1) എന്നും പഠിപ്പിക്കുന്ന ത്രേസ്യ "അചഞ്ചലമായ അനുസരണയാലാണ് പുണ്യത്തിൽ നാം പുരോഗമിക്കുന്നതും എളിമ സമ്പാദിക്കുന്നതും..." ദൈവത്തെ പ്രസാദിപ്പിക്കാൻ ആഗ്രഹിക്കുന്ന ആത്മാക്കൾ എത്രയും വിലമതിക്കുന്ന പ്രശാന്തത അനുസരണത്തിലാണ് കണ്ടെത്തുന്നത് എന്നുകൂടി നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇതാണ് തിരുവചന സാക്ഷ്യം "നിങ്ങളെ കേൾക്കുന്നവർ എന്നെ കേൾക്കുന്നു" (ലൂക്കാ 10:16)

1. അനുസരണവും വി. ത്രേസ്യായുടെ കൃതികളും

'അനുസരണം' എന്ന പുണ്യത്തോട് എനിക്ക് പ്രത്യേകമായ ഒരു താല്പര്യമുണ്ട് (മഠസ്ഥാ18:31) എന്ന് അവകാശപ്പെടുന്ന ത്രേസ്യ തന്റെ കൃതികളിൽ 219 തവണയെങ്കിലും അനുസരണം എന്ന പദം ഉപയോഗിക്കുന്നുണ്ട്. ഇവയിൽ 74 പ്രാവശ്യം കത്തുകളിലും, 65 പ്രാവശ്യം മഠസ്ഥാപനചരിത്രത്തിലും, 27 പ്രാവശ്യം സ്വയംകൃതചരിത്രത്തിലും, 15 പ്രാവശ്യം സുകൃതസരണിയിലും, 14 തവണ ആഭ്യന്തര ഹർമ്മ്യത്തിലും 12 തവണ സുകൃതസൂക്തികളിലും, 12 തവണ ചെറുകൃതികളിലും ഉപയോഗിച്ചിരിക്കുന്നു. ഈ പ്രതിപാദ്യമെല്ലാം അനുസരണം എന്ന പുണ്യത്തിന്റെ ശ്രേഷ്ഠതയ്ക്ക് ഊന്നൽ നല്കുന്നു. രചനാ രീതിയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ 'അനുസരണമാണ്' തന്നെ പ്രേരിപ്പിച്ചതെന്നും അമ്മ ത്രേസ്യ എഴുതിവയ്ക്കുന്നുണ്ട്. ഈ ലേഖന രചനയുടെ കാരണം (a) ഇത് എഴുതുക എന്ന ആശയം പുറത്ത് നിന്നാണ് വന്നത് (b) വിസമ്മതം ത്രേസ്യ പ്രകടിപ്പിച്ചെങ്കിലും അധികാരി ആവശ്യപ്പെടുമ്പോൾ അനുസരണത്തെപ്രതി വിധേയപ്പെട്ടു. (c) എഴുതി പൂർണ്ണമായവയെ പണ്ഡിതരെ ഏൽപ്പിച്ചു (d) ആവശ്യമില്ലാത്തവ നശിപ്പിക്കുവാൻ തയ്യാറായി. ഈ ഒരു മനോഭാവം തന്നെ കൃതികളുടെ രചനയിൽ വിധേയത്വത്തിന്റെയും അനുസരണത്തിന്റെയും പാഠങ്ങൾ പഠിപ്പിക്കുന്നു.

2. അനുസരണവും പ്രാർത്ഥനയും

ദൈവമേ അങ്ങയുടെ മുഖം ഞാൻ തേടുന്നു (facie, Domine, requiram) Ps. 27:8 എന്ന ചാക്രിക ലേഖനത്തിൽ അനുസരണത്തെ നിർവ്വചിക്കുക "ദൈവത്തെ ശ്രവിക്കുകയെന്നതാണ്" ഒരു മകൻ അല്ലെങ്കിൽ മകൾ സ്വന്തം പിതാവിനെ ശ്രവിക്കുന്നതുപോലെ ദൈവസ്വരത്തിനുള്ള കാതോർക്കലാണ് അനുസരണം. "നമ്മെ സ്നേഹിക്കുന്നുവെന്ന് നമുക്കറിയാവുന്നവനോട് ഏകാന്തതയിൽ പലപ്പോഴും നടത്തുന്ന നർമ്മ സംഭാഷണമാണ് പ്രാർത്ഥന (ആത്മകഥ 8:5) എന്ന് പഠിപ്പിക്കുമ്പോൾ പ്രാർത്ഥനയിൽ ശ്രവണവും സംഭാഷണവും സംജാതമാകുന്നു എന്ന് വ്യക്തം. ഈ ശ്രവണത്തെ അനുസരണമായി തുലനം ചെയ്യാം. 'ശ്രവിക്കുക' എന്നത് തന്നെ മനസ്സിലാക്കി വിധേയപ്പെടുക എന്ന് കൂടി അർത്ഥമുണ്ട്. സുകൃതസരണിയിൽ ത്രേസ്യ പറയുന്നു "ഇതാണ് പ്രാർത്ഥന ഈ സത്യങ്ങൾ മനസ്സിലാകുന്നതാണ്. അത് ദൈവത്തെയും മനുഷ്യനേയും കുറിച്ചുള്ള സത്യങ്ങൾ ആണ്. ദൈവം ആരാണെന്നും, മനുഷ്യൻ ആരാണെന്നുമുള്ളതിനെപ്പറ്റിയുള്ള സത്യങ്ങൾ. എന്റെ ജീവിത രീതി അവിടുത്തേതിനോട് അനുരൂപപ്പെടുത്തുന്നതിലേക്കുള്ള ഈ സത്യങ്ങൾ എന്നെ നയിക്കുന്നു (22:7). ഈ അനുരൂപപ്പെടുത്തൽ തന്നെയാണ് അനുസരണമായി മാറുന്നത്.

ദൈവത്തെ ശ്രവിക്കുക എന്നത് അനുസരണമാകുന്നുവെങ്കിൽ "ബുദ്ധിയെ ശാന്തമാക്കി, നമ്മെ നോക്കിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിനെ കാണുക (ആത്മ. 13:22) അവനോടൊപ്പമായിരിക്കുക എന്ന് ആവശ്യപ്പെടുന്നു. കർത്തൃപ്രാർത്ഥനയിലും വിധേയത്വത്തിന്റെ ഭാവമാണ് പ്രകടമാകുന്നത്. "അങ്ങയുടെ തിരുമനസ്സ് ഭൂമിയിൽ നിറവേറട്ടെ എന്ന പ്രാർത്ഥന അനുസരണവുമായി പിണഞ്ഞിരിക്കുന്നു. ഇതേപറ്റി ത്രേസ്യ പറയുക "എന്റെ മനസ്സ് അങ്ങേ തിരുമനസ്സിനു വിധേയമാക്കുന്നതുകൊണ്ടുള്ള പ്രയോജനം ചിരകാല പരിചയത്തിൽ നിന്ന് എനിക്ക് ബോധ്യമായിട്ടുണ്ട് എന്നാണ് (സുകൃത. 32:4). പ്രാർത്ഥന അനുസരണത്തിലേക്കും അനുസരണം പ്രാർത്ഥനയിലേയ്ക്കും നയിക്കുന്ന ഒരു അവസ്ഥാവിശേഷം ത്രേസ്യാ നമ്മെ പഠിപ്പിക്കുന്നു.

3. അനുസരണയും നിസ്സംഗതയും

അമ്മത്രേസ്യ ധ്യാനാത്മക ജീവിതത്തിന് മൂന്ന് പുണ്യങ്ങളുടെ പരിശീലന പ്രാവീണ്യം ആർജ്ജിക്കാൻ ഉപദേശിക്കുന്നുണ്ട്. "ഇവയിൽ ഒന്ന് പരസ്പരസ്നേഹമാണ്, രണ്ടാമത്തേത് എല്ലാ സൃഷ്ടവസ്തുക്കളോടുമുള്ള നിസ്സംഗത, മൂന്നാമത്തേത് യഥാർത്ഥ എളിമ" (സുകൃത 4:4). നിസ്സംഗതയെപ്പറ്റി അമ്മത്രേസ്യ "സമസ്തവും ഇതിലടങ്ങിയിരിക്കുന്നു" (സുകൃത 8:1) എന്നു പറയുന്നു. സൃഷ്ടവസ്തുക്കളിലൊന്നിലും ശ്രദ്ധിക്കാതെ സ്രഷ്ടാവിനെ മാത്രം ആശ്ലേഷിക്കുന്നതിനെ നിസ്സംഗത എന്ന് പറയുന്നു. തിരുവചനത്തിൽ സാക്ഷ്യപ്പെടുത്തുന്നതുപോലെ "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ 16:24) ഈ പരിത്യാഗമാണ് നിസ്സംഗത. ബാഹ്യമായും ആന്തരികമായും നിസ്സംഗത പ്രാപിക്കണം. പരിപൂർണ്ണ എളിമയിലാണ് ഇത് അഭ്യസിക്കേണ്ടത്. ശരീരത്തിന്റെ ശ്രദ്ധയിൽ നിന്നുള്ള മുക്തി നിസ്സംഗത (സുകൃത 11.4). സ്വന്തം മനസ്സിനെ ഇല്ലാതാക്കിക്കൊണ്ടുള്ള ആന്തരിക നിസ്സംഗത എന്ന അനുസരണം നമ്മെ അനർഗ്ഗളമായി പുണ്യങ്ങൾ നിവേശിതമാക്കാൻ പ്രാപ്തരാക്കും.

വി. അമ്മത്രേസ്യ ഓർമ്മിപ്പിക്കുന്നു "നമ്മൾ ഒന്നും ബാക്കി വയ്ക്കാതെ നമ്മെ പൂർണ്ണമായി ദൈവത്തിന്റെ സ്വന്തമാകുന്നത് വരെ ദൈവം നമ്മുടെ ആത്മാവിന്റെ ഉള്ളിൽ ഒന്നും പ്രവർത്തിക്കുകയില്ല" (സുകൃത 28). അഞ്ച് ബാർലിയപ്പവും രണ്ട് മീനും സമർപ്പിച്ച ബാലനും (യോഹ. 6:9), ദരിദ്രയായ വിധവയുടെ കാണിക്കയും (മർക്കോസ് 12:42) സമ്പൂർണ്ണ സമർപ്പണത്തിന്റെ മാർഗ്ഗദർശികളാണ്. നിസ്സംഗതയിൽ നമ്മുടെ മനസ്സിനും തീരുമാനങ്ങളെ ദൈവതിരുമനസ്സിനായി പരിത്യാഗം ചെയ്യുന്ന ഒരു പ്രവൃത്തിയുണ്ട് ഇത് ആനന്ദദായകമായ പരിത്യാഗമാണ്. ഈ ദൈവിക തുറവിയുടെ വാതിലിലേക്ക് നമ്മുടെ പ്രവേശനമാണ് ദൈവ-മനുഷ്യ മന

സ്സിന്റെ ഒത്തുചേരൽ. അപ്പോൾ പൗലോസ് അപ്പോസ്തലനോട് ചേർന്ന് നാമും പറയും "ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2:20). ഇത് സമർപ്പണമാണ്, അനുസരണമാണ്.

ഉപസംഹാരം

ദൈവത്തോട് ചെയ്യുന്ന വാഗ്ദാനമാണ് വ്രതമാവുക. സന്യസ്തരെ സംബന്ധിച്ച് വർണ്ണപകിട്ടാർന്ന ചിറകുകൾ പോലെയാണവ. പുണ്യപൂർണ്ണതയിലേക്കുള്ള ഗമനത്തെ എളുപ്പവും സുഗമമാക്കുന്നതും വ്രതങ്ങളാണ്. ക്രിസ്തുവിന്റെ കുരിശിലെ മൂന്നാണികളായി ഇവയെ ചിത്രീകരിക്കാറുണ്ട്.

അനുസരണം മൂലം മരണത്തിന്വരെ കീഴ്പെട്ട യേശു തന്നെയാണ് വി. ത്രേസ്യയ്ക്ക് അനുസരണത്തിന്റെ ഉറവിടമായി നിൽക്കുന്നത്. ക്രിസ്തുവിന്റെ മാതൃകയിൽ അനുസരണത്തിന്റെ വാഹകരാകാനുള്ള ഒരു സ്നേഹത്തിന്റെ വിളിയും ഇവിടെ പ്രസക്തമാണ്. ഒരു പ്രഭു പദവി സ്വീകരിച്ച് തിരിച്ചുവരാൻവേണ്ടി ദൂരദേശത്തേക്ക് പോയി. അവൻ ഭൃത്യന്മാരിൽ പത്ത് പേരെ വിളിച്ച്, പത്തു നാണയങ്ങൾ അവരെ ഏൽപ്പിച്ചു പറഞ്ഞു: "ഞാൻ തിരിച്ചു വരുന്നതുവരെ നിങ്ങൾ ഇതുകൊണ്ട് വ്യാപാരം ചെയ്യുവിൻ.' അവൻ തിരിച്ചുവന്നപ്പോൾ താൻ പണമേൽപ്പിച്ച ഭൃത്യന്മാരെ വിളിപ്പിച്ചു. ഒന്നാമൻ വന്നു പറഞ്ഞു: യജമാനനേ, നീ തന്ന നാണയം പത്തുകൂടി നേടിയിരിക്കുന്നു. അവൻ പറഞ്ഞു: കൊള്ളാം, നല്ലവനായ ഭൃത്യാ, ചെറിയ കാര്യത്തിൽ വിശ്വസ്തനായിരുന്നതുകൊണ്ട് പത്തു നഗരങ്ങളുടെ മേൽ നീ അധികാരിയായിരിക്കും" (ലൂക്ക 19:12-17). സ്നേഹം മാറ്റുരച്ച് അറിയുന്നതിനുള്ള ഉരകല്ലാണ് അനുസരണം അങ്ങനെയെങ്കിൽ വി. ത്രേസ്യായുടെ മാതൃക പഠിക്കുന്നത് ''ദൈവസ്നേഹത്തെ പ്രതി സ്വാതന്ത്ര്യത്തെ ബലികഴിച്ച് മറ്റൊരാളുടെ അധികാരത്തിന് നാം വിധേയരാകുന്നു" (സുകൃത12:1) എന്നാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ അനുസരണം, അതാണ് വി. ത്രേസ്യ നമ്മെ പഠിപ്പിക്കുന്നത്. സ്നേഹത്തോടും ചുമതലാബോധത്തോടും കൂടിയ അനുസരണം എവിടെയുണ്ടോ അവിടെ വളരെ ആനന്ദമുണ്ടാകും. മധു തേനീച്ചകളെ ആകർഷിക്കുന്നതുപോലെ അങ്ങനെയൊരു ഭവനം അംഗങ്ങളെ മാടി വിളിക്കുന്നു. അത്തരം ഭവനങ്ങളിൽ താമസിക്കുന്നത് സ്വർഗ്ഗത്തിന്റെ ഉപശാലയിൽ താമസിക്കുന്നതിന് തുല്യമത്രേ. നമ്മുടെ സന്ന്യാസഭവനങ്ങളും കുടുംബങ്ങളും ഇതിന് ഒരു ഉത്തമ മാതൃകകളായി മാറട്ടെ. ✪



ഒരിടത്ത് അച്ഛനും അമ്മയും മകളും അടങ്ങുന്ന ഒരു കൊച്ചു കുടുംബം ഉണ്ടായിരുന്നു. സാമാന്യം ജീവിച്ച് പോകാനുള്ള സമ്പത്ത് കുടുംബനാഥൻ അദ്ധ്വാനിച്ചുണ്ടാക്കിയിരുന്നു. ഒരു ദിവസം ആ വീട്ടുപടിക്കൽ 3 വൃദ്ധന്മാരെത്തി ഇരിപ്പുറപ്പിച്ചു. ഇത് ശ്രദ്ധയിൽപെട്ട കുടുംബനാഥ അവരെ വീട്ടിനകത്തേക്ക് ക്ഷണിച്ചു. പക്ഷേ അവർ അവളോട് ചോദിച്ചു :

"കുടുംബനാഥൻ അകത്തുണ്ടോ?"

അവൾ പറഞ്ഞു: "ഇല്ല"

അവർ പറഞ്ഞു : "എങ്കിൽ ഞങ്ങൾ അകത്ത് കയറില്ല"

പണി കഴിഞ്ഞ് വന്ന കുടുംബനാഥനും വീട്ടുപടിക്കലെ വൃദ്ധന്മാരെ ശ്രദ്ധിച്ചു. കുടുംബനാഥൻ അകത്ത് പോയി കാര്യങ്ങൾ അറിഞ്ഞ് ഭാര്യയുമായി തിരിച്ചുവന്നു അവരെ അകത്തേക്ക് വിളിച്ചു.

അവർ പറഞ്ഞു: 'ഞങ്ങൾ ഓരോരുത്തരായെ വീട്ടിൽ കയറുകയുള്ളൂ"

അവർ പരസ്പരം ചൂണ്ടികാണിച്ച് കൊണ്ട് പറഞ്ഞു: "ഇവൻ സമ്പത്താണ്. ഇവൻ വിജയമാണ്. ഇവൻ സ്നേഹവും. നിങ്ങൾക്ക് ആരെ വേണമെന്ന് തീരുമാനിച്ചിട്ട് ഒരാളെ അകത്തേക്ക് വിളിക്കാം."

അപ്പോൾ അവർ രണ്ടുപേരും അകത്തേക്കു പോയി.

കുടുംബനാഥൻ പറഞ്ഞു:

"നമുക്ക് വിജയത്തെ അകത്തേക്ക് ക്ഷണിച്ചാല്ലോ"

അപ്പോൾ കുടുംബനാഥ പറഞ്ഞു:

"വേണ്ട നമുക്ക് സമ്പത്തിനെ ക്ഷണിക്കാം."

ഇതെല്ലാം കേട്ട്കൊണ്ടിരുന്ന മകൾ പറഞ്ഞു:

"അപ്പച്ചാ, സ്നേഹത്തെ അകത്തേക്ക് ക്ഷണിക്കുന്നതാണ് ഏറ്റവും നല്ലത്."

മകളുടെ തീരുമാനം ശരിവച്ച് കൊണ്ട് അവർ 'സ്നേഹത്തെ' അകത്തേക്ക് വിളിച്ചു. അപ്പോൾ അവർ മൂന്നുപേരും അകത്തേക്ക് കയറി വന്നു.

കുടുംബനാഥ ചോദിച്ചു:

"ഞങ്ങൾ 'സ്നേഹത്തെ' മാത്രമല്ലേ ക്ഷണിച്ചുള്ളു.

അവർ പറഞ്ഞു:

"സ്നേഹ'ത്തെ ക്ഷണിച്ചത് കൊണ്ടാണ് ഞങ്ങളെല്ലാവരും അകത്ത് വന്നത്. മറ്റു രണ്ടു പേരിലാരെയെങ്കിലും ക്ഷണിച്ചിരുന്നുവെങ്കിൽ, അയാൾ മാത്രമെ അകത്ത് വരുമായിരുന്നുള്ളൂ."

സ്നേഹമുള്ളപ്പോൾ വിജയവും സമ്പത്തും നമ്മോടൊപ്പമായിരിക്കും കാരണം ദൈവം സ്നേഹമാണ് വിജയവും സമ്പത്തും നൽകുന്നതും ദൈവം തന്നെ.

Therefore "you" just Remember that the "successful & prosperous life will be the fruit of your love towards others"

✪

നിയമവേദി – 3

അഡ്വ. ബിന്ദു ജേക്കബ്
(സി. റോയ്സ് ജേക്കബ് എസ്.എച്ച്)

പരാതി

ജനാധിപത്യ വ്യവസ്ഥിതിയിൽ ഓരോ പൗരനും തന്റെ അവകാശങ്ങൾ സംരക്ഷിക്കുവാൻ അധികാരികൾക്ക് പരാതി നൽകാവുന്നതാണ്. അത്തരം പരാതികൾക്ക് നിയമത്തിന്റെ പിൻബലമുണ്ട്. ഇത്തരം പരാതികളിന്മേൽ അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്. പരാതി നൽകുവാൻ അറിയാത്തതിനാൽ പലപ്പോഴും നമ്മുടെ അവകാശങ്ങൾ നഷ്ടപ്പെടാറുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. വ്യത്യസ്തരീതിയിലുള്ള പരാതികളെ കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പൊലീസിൽ പരാതി നൽകുന്നതെങ്ങനെ?

ഒറ്റ കുറ്റകൃത്യം നടന്നാൽ അതിന്മേൽ നടപടി സ്വീകരിക്കുവാൻ പൊലീസിന് പരാതി നൽകാവുന്നതാണ്. പരാതി കിട്ടിക്കഴിഞ്ഞാൽ അതിൽ അന്വേഷണം നടത്തുകയെന്നത് പൊലീസിന്റെ നടപടിയാണ്. കേരള പൊലീസ് ആക്ട് 34-ാം വകുപ്പ് പ്രകാരവും സി. ആർ.പി.സി. (orginal procedure code) 149-ാം വകുപ്പു പ്രകാരവും പൊലീസ് പരാതി അന്വേഷിക്കേണ്ടതാണ്.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് ക്രമസമാധാന പാലനം കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുക. കുറ്റകൃത്യം തടയൽ എന്നിവയാണ് പൊലീസിന്റെ പ്രധാന ചുമതലകൾ.

താമസസ്ഥലത്തിന് സമീപത്തുള്ള പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറെ സമീപിച്ച് നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. രേഖാമൂലമുള്ള പരാതിയിന്മേലാണ് ആവശ്യമായ നടപടികൾ എടുക്കുന്നത്.

പരാതി കിട്ടിയാൽ എഫ്. ഐ. ആർ. (First information Report) രജിസ്റ്റർ ചെയ്തിരിക്കണം : സുപ്രീം കോടതി

നിയമനടപടി സ്വീകരിക്കാവുന്ന കുറ്റകൃത്യം നടന്നെന്നു പരാതി കിട്ടിയാൽ പ്രഥമ വിവരറിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ പൊലീസ് ബാധ്യസ്ഥരാണെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കുറ്റകൃത്യം നടന്നെന്നു വെളിപ്പെടുത്തുന്ന പരാതി കിട്ടിയാൽ അതിന്റെ നിജസ്ഥിതി അന്വേഷിക്കുന്നതിനുമുമ്പ് തന്നെ കിട്ടിയ വിവരം വച്ച് F.I.R തയ്യാറാക്കണം. കേസെടുത്ത ശേഷമാണ് സത്യാവസ്ഥ അന്വേഷിച്ചു കണ്ടെത്തേണ്ടത്.

പരാതി കിട്ടിയാലുടൻ കേസ്സ് എടുത്തില്ലെങ്കിൽ പൊലീസ് ഓഫീസർക്ക് 1 വർഷം വരെ തടവ് കിട്ടാവുന്നതാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പരാതിയിൽ പറഞ്ഞവിവരം ശരിയാണെന്നു തോന്നുന്നില്ലെന്നു പറഞ്ഞ് കേസ് രജിസ്റ്റർ ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട പൊലീസ്കാരന് അധികാരമില്ല.

പൊലീസ് മാന്വലിൽ പെറ്റീഷൻ അന്വേഷണത്തെപറ്റി 523 (1) വിവരിക്കുന്നുണ്ട്. ഇത് K.P.F. No. 147 (Kerala Police file no. 147) ലാണ് സൂക്ഷിക്കുന്നത്. പരാതി ലഭിച്ചാൽ ഉടൻ നമ്പറിട്ട് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

523 (3)ൽ പരാതികൾക്ക് രസീത് നൽകേണ്ടതാണെന്ന് പറയുന്നു. പോസ്റ്റൽ ആയി കിട്ടുന്ന പരാതികൾക്ക് പോസ്റ്റൽ ആയി രസീത് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

PHQ സർക്കുലർ നമ്പർ 50/94 പ്രകാരവും പരാതികൾക്ക് രസീത് നൽകേണ്ടതാണ്. കേരള സർക്കാർ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (AR 13) വകുപ്പ് സർക്കുലർ നമ്പർ 19754/AR 13 (2)/ 104 ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാരവകുപ്പ് തിരുവനന്തപുരം, 2005, ജനുവരി 1 സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് രസീത് നൽകണമെന്ന് പറയുന്നു.

സർക്കാർ ഓഫീസുകളിൽ പൊലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ പൊതുജനങ്ങൾ നേരിട്ട് നൽകുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ബന്ധപ്പെട്ട ഓഫീസുതന്നെ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ഫോറത്തിൽ ഓഫീസ് സീലോടുകൂടി കൈപ്പറ്റി രസീത് നൽകേണ്ടതാണ്.

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരങ്ങൾ

മുഖ്യമന്ത്രിയുടെ സെക്രട്ടറിയേറ്റിലെ പൊതുജന പരാതി പരിഹാരസെൽ ഏത് വിഷയത്തെ സംബന്ധിച്ചും പരാതി സ്വീകരിക്കുമെന്നും അവ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുത്ത് അന്വേഷണം നടത്തുമെന്നും സെൽ അറിയിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ നടപടി ആവശ്യമെങ്കിൽ അത് സ്വീകരിച്ച് വിവരം പരാതിക്കാരനെ അറിയിക്കും. പരാതി നൽകേണ്ട വിലാസം - ജോയിന്റ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ, സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം.

സെല്ലിന്റെ സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെ.

സ്റ്റേഷനിൽ നേരിട്ട് കിട്ടുന്ന പരാതികൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിനെ ഡയറക്ടർ പെറ്റീഷൻ രജിസ്റ്റർ എന്നു മേലധികാരികളിൽ നിന്നയച്ചു കിട്ടുന്നവയെ ഇൻഡയറക്ട് പെറ്റീഷൻ രജിസ്റ്റർ എന്നും പറയുന്നു. പരാതി നമ്പർ പരാതിക്കാരന്റെ മേൽവിലാസം പരാതി കിട്ടിയ തീയതി, മേലധികാരിയുടെ ഉത്തരവ് നമ്പർ, പരാതി അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും നമ്പറും എല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇരുകക്ഷികളും ഒരു നിശ്ചിതദിവസം നിശ്ചിത സമയത്ത് സ്റ്റേഷനിൽ ഹാജരാകണമെന്ന് നോട്ടീസ് നൽകി വരുത്തി തീരുമാനം രജിസ്റ്ററിൽ എഴുതി, വാദി, എതിർകക്ഷികൾ എന്നിവരെക്കൊണ്ട് ഒപ്പിടുവിച്ചതിനു ശേഷം സ്റ്റേഷൻ ഹൗസ് ഓഫീസറും അതിൽ ഒപ്പിടണം. പെറ്റീഷന്റെ പുറത്ത് തീരുമാനം എഴുതി ഒപ്പിട്ട് ഫയൽ ചെയ്യണം.

പെറ്റീഷൻ കുറവ് ചെയ്യേണ്ടതിലേക്ക് പെറ്റീഷൻ രജിസ്റ്ററിൽ റൗണ്ട് ചെയ്യണം. മാസാവസാനം പെറ്റീഷൻ രജിസ്റ്ററിന്റെ അവസാനം pending petition അറിയുന്നതിനായി abstract തയ്യാറാക്കി SHO ഒപ്പിടേണ്ടതാണ്. സ്റ്റേഷനിൽ ലഭിക്കുന്ന പരാതികൾ രജിസ്റ്റർ ചെയ്ത് മാത്രമേ അന്വേഷിക്കാവൂ. പരാതി അന്വേഷണത്തിന് നൽകുവാൻ Endrose ചെയ്യണം. Endrosed to ASI/HC/PC No.. for enquiry and report എന്നെഴുതണം.

എല്ലാ പരാതികളും SHO യുടെ അധീനതയിലായിരിക്കും. അദ്ദേഹം ചുമതലപ്പെടുത്താതെ പരാതി അന്വേഷിക്കരുത്. പരാതി അന്വേഷണത്തിനായി നൽകിയശേഷം SHOക്ക് അന്വേഷണ റിപ്പോർട്ട് note file ആയി നൽകണം.

സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട പരാതികൾ അവരുടെ താമസസ്ഥലത്ത് പോയി അന്വേഷിക്കണം. അവരെ ഒരു കാരണവശാലും സ്റ്റേഷനിൽ വരുത്തരുത്. പരാതി SHO നേരിട്ടോ കീഴുദ്യോഗസ്ഥന്മാരെ കൊണ്ടോ അന്വേഷിപ്പിക്കാവുന്നതാണ്. പരാതി അന്വേഷണത്തിന് പോകുമ്പോൾ uniform-ൽ ആയിരിക്കണം. സർക്കുലർ 25/78 പരാതിയിലുള്ള അന്വേഷണം ഉടൻ നടത്തേണ്ടതും റിപ്പോർട്ട് ഉടൻ അയക്കേണ്ടതുമാണ്.

പൊലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള പരാതികൾക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിക്കേണ്ടതാണ്.

CPO, SCPO എന്നിവർക്കെതിരെയുള്ള അന്വേഷണം സി.ഐ.മാർ അന്വേഷിക്കണം. സി.എ. ക്കെതിരെയുള്ളത് ഡി.വൈ.എസ്.പി.യും ഡി.വൈ.എസ്.പി.ക്കെതിരെയുള്ളത് എസ്.പി.യും അന്വേഷിക്കണം. മന്ത്രിമാർ എം.എൽ.എ.മാർ, എം.പി.മാർ എന്നിവരിൽനിന്നും അന്വേഷണത്തിനായി ലഭിക്കുന്ന പരാതികൾ സി.ഐ.മാർ അന്വേഷിക്കുന്നു.

സർക്കുലർ നമ്പർ 9/85 പൊലീസ് ആക്രമണത്തെപറ്റിയുള്ള പരാതികൾ ഇതരസ്വഭാവമുള്ളതും illegal detention നെ സംബന്ധിച്ച് ഡി.വൈ.എസ്.പി.മാർ മാത്രമേ അന്വേഷിക്കാൻ പാടുള്ളൂ. പൊലീസ് ഓഫീസർമാർക്കെതിരെയുള്ള പരാതികൾ റിപ്പോർട്ടിനായി അവർക്ക് അയച്ചുകൊടുക്കരുത്. ഉന്നത ഉദ്യോഗസ്ഥർ ആരോടാണോ ആന്വേഷിക്കാൻ ആവശ്യപ്പെടുന്നത് അവർ തന്നെ അത് അന്വേഷിക്കേണ്ടതാണ്. പൊലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള പരാതികൾ, കേസ് സംബന്ധമായ വിഷയങ്ങൾ എന്നിവയുടെ അന്വേഷണ റിപ്പോർട്ട് ഒരിക്കലും പൊലീസ് വിഭാഗത്തിൽ നിന്ന് നേരിട്ട് സർക്കാരിലേക്ക് അയക്കരുത്. അവ PHQ വിലേക്കയക്കേണ്ടതാണ്. PHQ വിലെ റെക്കമെന്റേഷൻ സഹിതം സർക്കാരിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യും. അന്വേഷണ റിപ്പോർട്ട് എല്ലാ അർത്ഥത്തിലും പരിപൂർണ്ണമായിരിക്കണം. സത്യമായിരിക്കണം.

നിയമസഭ പെറ്റീഷൻ കമ്മിറ്റി, മനുഷ്യാവകാശ കമ്മീഷൻ, ഹൈക്കോടതി, സുപ്രീംകോടതി എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന കത്തിടപാടുകൾക്ക് പരാതികൾക്ക് ഉടൻ നടപടി എടുക്കേണ്ടതാണ്.

അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ വിവരങ്ങൾ, സന്ദർശിച്ച സ്ഥലങ്ങൾ, കണ്ടു ചോദിച്ച സാക്ഷികൾ, പരിശോധിച്ച രേഖകൾ എന്നിവയെപ്പറ്റി എഴുതണം. അന്വേഷണവേളയിൽ പരാതിക്കാരനെ കണ്ട് ചോദിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ കാരണം പ്രത്യേകം അന്വേഷണ റിപ്പോർട്ടിൽ എഴുതേണ്ടതാണ്.

പരാതിക്കാസ്പദമായ ഓരോ വിഷയവും സാക്ഷികളെയും എതിർകക്ഷികളെയും പരാതിക്കാരനെയും കണ്ട് വിശദമായി മൊഴി രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ഉണ്ടായിരുന്നെങ്കിൽ കേസ് എടുക്കാത്തതിന്റെ കാരണം രേഖപ്പെടുത്തണം.

പൊലീസ് മാനുവൽ

പൊലീസ് വകുപ്പിന്റെ മുഖ്യറഫറൻസ് ഗ്രന്ഥമാണ് പൊലീസ് ഉത്തരവുകളും റഗുലേഷനുകളും ക്രോഡീകരിച്ച് പുറത്തിറക്കുന്ന ആധികാരിക രേഖ.

കേരള പൊലീസിനെ സംബന്ധിക്കുന്ന സമഗ്രമായ ഒരു പൊലീസ് മാനുവൽ നാലുഭാഗങ്ങളായി പ്രസിദ്ധീകരിച്ചു.

ഒന്നാംഭാഗം ഓർഗ്ഗനൈസേഷൻ 1960, രണ്ടാം ഭാഗം ഡ്യൂട്ടികൾ – 1970, മൂന്നാം ഭാഗം ഭരണം – 1971, നാലാം ഭാഗം ഇൻവെസ്റ്റിഗേഷൻ ഹാൻഡ് ബുക്ക് – 1972 എന്നിവയെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്.

ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ നടപ്പിലാക്കുന്നതിൽ പൊലീസ് പ്രതിബദ്ധത വേണം. ക്രിമിനലുകൾക്ക് ഇരയാകുന്നവരോടും ദുർബ്ബലവിഭാഗങ്ങളോടും പാവപ്പെട്ടവരോടും പൊലീസിന് സഹജമായ സഹാനുഭൂതി വേണം. ഇല്ലെങ്കിൽ ഭരണഘടനാവിഭാവനം ചെയ്യുന്ന ആദർശങ്ങൾ നടപ്പിലാക്കാനാവില്ല. ആദർശം മാത്രമല്ല, അതിന് യോജിച്ചവിധം കഴിവും കാര്യപ്രാപ്തിയും പൊലീസിനുണ്ടാവണം. സ്വന്തം ദൗത്യം നിർവഹിക്കുന്നതിൽ ഓരോ പൊലീസുകാരനും അഭിമാനം കൊള്ളണം,

പൊലീസിനെതിരായ പരാതികൾ കേൾക്കാനും തീർപ്പ് കല്പിക്കാനും മനുഷ്യാവകാശ കമ്മീഷന്റെ ലോകായുക്താ വനിതാ കമ്മീഷൻ പൊലീസ് കംപ്ലയിന്റ് അതോറിറ്റി മുതലായ ഏജൻസികൾ ഇപ്പോൾ നിലവിലുണ്ട്.

പരാതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം

ആദ്യമായി ആർക്കാണ് പരാതി / അപേക്ഷ നൽകുന്നതെന്നതിന് വ്യക്തതയുണ്ടായിരിക്കണം. ആരാണ് പരാതി / അപേക്ഷ സമർപ്പിക്കുന്നത് എന്നത് ശരിയായ മേൽവിലാസം ഉണ്ടായിരിക്കണം. പരാതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായും വ്യക്തമായും പ്രതിപാദിക്കണം.

പരാതിയുമായി ബന്ധപ്പെട്ട് നമ്മെ ഉപദ്രവിക്കുകയോ സംശയമോ ഉള്ള ആളുകളുടെ പൂർണ്ണവിലാസം ഉൾപ്പെടുത്തണം.

പരാതി / അപേക്ഷയുടെ അവസാനഭാഗത്ത് എന്താണ് നമ്മുടെ ആവശ്യം എന്ന് വ്യക്തമായി ചേർക്കണം. പരാതി നൽകുന്ന ആളുടെ പേരും ഒപ്പും ചേർക്കണം. അപേക്ഷ നൽകുന്ന തീയതിയും ചേർക്കണം. പരാതിയുടെ ഫോട്ടോ സ്റ്റാറ്റ് കോപ്പി എടുത്തു സൂക്ഷിക്കണം.

ഓഫീസിൽ പരാതി നേരിട്ട് നൽകുകയാണെങ്കിൽ രസീത് വാങ്ങിയിരിക്കണം.

തപാൽമാർഗ്ഗം അയയ്ക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്ത് അക്നോളജ്മെന്റ് കാർഡ് സഹിതം അയയ്ക്കുക,

പരാതിയ്ക്ക് യാതൊരു മറുപടിയും ബന്ധപ്പെട്ട ഓഫീസിൽ നിന്ന് ലഭിച്ചില്ലെങ്കിൽ വിവരാവകാശനിയമം 2005 പ്രകാരം അപേക്ഷ നൽകി പരാതി നൽകിയതിന്റെ പേരിൽ ആവശ്യമായ നടപടികൾ എടുത്ത വിവരം അറിയാൻ സാധിക്കും.

സ്നേഹദീപമായ്

പ്രിൻസ് വലിയവീട്ടിൽ

നിൻതിരുമുൻപിൽ നിൽക്കുമ്പോൾ
അറിയാതെ ഞാനെന്നെ മറന്നുപോയി
ആ നിമിഷത്തിൽ നീ മാത്രമെൻമുന്നിൽ
പ്രഭ തൂകി നിൽക്കുന്ന പൊൻദീപമായ്
ആയിരമായിരം വർണ്ണങ്ങൾ കോർത്തൊരി
പുഞ്ചിരി കൺമുന്നിലിരുന്നു ഞാൻ കാണുമ്പോൾ
അറിയാത്തൊരാനന്ദം അനുഭവിച്ചീടിൽ
അറിയാതെ ഞാനൊന്നും കരഞ്ഞുപോയി
നാഥാ അറിയാതെ ഞാനൊന്നു കരഞ്ഞുപോയി.
നിറയുന്ന മിഴികളും ആദ്രമാം ഹൃദയവും
നിൻമുൻപിൽ നാഥാ സമർപ്പിക്കുന്നു
മധുരമാം നിൻ വചനത്താലെയെൻ നാഥാ
മലിനമാകാതിവ കാത്തിടുവാൻ
അനുഗ്രഹിക്കേണമെൻ സ്നേഹരൂപാ.

സി. ബിന്ദു
കൊട്ടിയം കാർമ്മൽ

സമർപ്പിത സ്വാതന്ത്ര്യം – മറിയത്തിന്റെ ജീവിതവഴികളിൽ

പിതാവായ ദൈവം തന്റെ സൃഷ്ടികർമ്മത്തിന്റെ ആറാം ദിവസം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുകയും സമസ്ത സൃഷ്ടവസ്തുക്കളുടെ മേൽ അവന് അധികാരം നൽകുകയും ചെയ്തു. എന്നാൽ മനുഷ്യൻ പാപം ചെയ്ത് ദൈവത്തിൽനിന്ന കന്നു. എങ്കിലും സ്നേഹപിതാവായ ദൈവം അവരെ കൈവിട്ടില്ല. അവർക്കൊരു രക്ഷകനെ പരിശുദ്ധ അമ്മയിലൂടെ വാഗ്ദാനം ചെയ്തു. ഉൽപ്പത്തിയുടെ പുസ്തകത്തിൽ ഇത് നമുക്ക് വ്യക്തമായി കാണാൻ സാധിക്കും. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലതകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും (ഉൽപ്പത്തി 3: 15). പാപത്തിന്റെ അടിമത്വത്തിൽ നിന്നും രക്ഷയുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഒരു പാത നൂറ്റാണ്ടുകൾക്കു മുമ്പേ പരിശുദ്ധ അമ്മയിലൂടെ ദൈവം നമുക്കുവേണ്ടി തയ്യാറാക്കിയിരുന്നു. അതിനാൽ പരിശുദ്ധ അമ്മ ഉത്ഭവപാപത്തിൽ നിന്നും സ്വതന്ത്രയായിരുന്നു.

പരിശുദ്ധവും സ്നേഹസമ്പന്നവുമായ അമ്മയുടെ നിർമ്മല മനസ്സിനു മുമ്പിൽ ദൈവദൂതൻ തന്റെ സന്ദേശമറിയിച്ചപ്പോൾ 'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' (ലൂക്ക 1 :38) എന്ന പരിപൂർണ്ണ സമ്മതം നൽകി തന്നെതന്നെ അനുസരണമുള്ളവളായി ദൈവത്തിന് സമർപ്പിച്ചു. ഈ സമ്പൂർണ്ണവും വിശ്വാസപൂർണ്ണവുമായ സമർപ്പണത്തിലൂടെ പരിശുദ്ധ അമ്മ ദൈവപിതാവിങ്കലേയ്ക്കുള്ള പൂർണ്ണമായ സ്വാതന്ത്ര്യത്തിലേയ്ക്ക് കടന്നു വന്നു. അതുപോലെ മനുഷ്യകുലം മുഴുവനെയും തന്റെ തിരുക്കുമാരനിലൂടെ ഈ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കാനുള്ള ഒരു വഴികാട്ടിയായി തീരുകയും ചെയ്തു. പ്രത്യേകിച്ചും സമർപ്പിതരായ ഓരോ വ്യക്തികളും അനുസരണം എന്നു വ്രതത്തിലൂടെ തന്നെതന്നെ ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിക്കുമ്പോൾ അനേകർക്കവർ മാർഗ്ഗദീപമായി തീരുന്നു. ഇന്നത്തെ ലോകത്തിൽ പാപബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, തങ്ങളുടെ ഇഷ്ടംപോലെ എങ്ങനെയും ജീവിക്കാമെന്നുള്ള സ്വതന്ത്രമായ ചിന്താഗതിയിലൂടെ മനസാക്ഷിയെ നിർജ്ജീവമാക്കി തങ്ങളുടെ യഥാർത്ഥമായ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുമ്പോൾ, സ്വന്തം ഇഷ്ടത്തെ ത്യജിച്ചുകൊണ്ട് മറ്റുള്ളവരുടെ നന്മയ്ക്കായി വർത്തിക്കുമ്പോൾ കൈവരുന്ന സമാധാനവും സന്തോഷവുമാണ് നിത്യമായവയെന്ന് സമർപ്പിതർക്ക് തങ്ങളുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കുന്നു. പരിശുദ്ധ അമ്മയുടെ വിശ്വാസപൂർണ്ണമായ സമർപ്പണമനോഭാവം സമർപ്പിത ജീവിതം നയിക്കുന്നവർക്ക് സുപ്രധാനമായി ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളിൽ ഭയപ്പെടാതെ സ്വതന്ത്രമനസ്സോടെ സാക്ഷികളായി തീരാൻ കഴിയുകയുള്ളൂ.

പരിശുദ്ധ അമ്മ ദൈവപുത്രന്റെ അമ്മയായി തിരഞ്ഞെടുക്കപ്പെട്ട നിമിഷം മുതൽ വിശ്വാസത്തോടുള്ള സമർപ്പണത്തിലൂടെ ശക്തിയേറിയ കൃപയുടെ ഉറവിടമായി തീർന്നു. കൃപയാൽ നിറഞ്ഞ മറിയം ഉടൻതന്നെ എലിസബത്തിന്റെ ഭവനത്തിലേയ്ക്ക് പുറപ്പെട്ട്, എലിസബത്തിനെ ശുശ്രൂഷിച്ചുകൊണ്ട് മൂന്നു മാസം വരെ അവിടെ താമസിച്ചു. മറിയത്തിന്റെ ഈ മാതൃക ബ്രഹ്മചര്യവ്രതത്തിലൂടെ സമർപ്പിതരായ ഓരോരുത്തരും

ദൈവസ്നേഹത്താൽ നിറഞ്ഞ് അത് മറ്റുള്ളവർക്ക് തങ്ങളുടെ പരസ്നേഹപ്രവർത്തികളിലൂടെ പകർന്നുനൽകുവാനായി തീക്ഷ്ണതയുള്ളവരായിരിക്കുവാനും തങ്ങളുടേതായ കംഫർട്ട് സോണുകളിൽ മാത്രമായിരിക്കുന്നവരാകാതെ വേദനിക്കുന്ന സഹോദരങ്ങളുടെ ജീവിതങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നുകൊണ്ട് അവരെ കൈപിടിച്ചുയർത്തുവാനും സാന്ത്വനമായി തീരുവാനും കഴിയണം.

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായിരുന്ന ദൈവപുത്രന്റെ അമ്മയായ മറിയത്തിന്റെ ജീവിതം ലാളിത്യം നിറഞ്ഞതായിരുന്നു. ദൈവപുത്രനു ജന്മം നൽകിയത് പുൽതൊട്ടിലിൽ, അതിനുശേഷം നസ്രത്തിൽ ദരിദ്രരായി ജീവിച്ചു. ലോകത്തിന്റേതായ എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച്, തന്റേതെന്നവകാശപ്പെടാവുന്ന എല്ലാറ്റിനെയും പരിത്യജിച്ചുകൊണ്ടുള്ള ജീവിതം യഥാർത്ഥത്തിൽ വലിയൊരു സ്വാതന്ത്ര്യത്തിലേയ്ക്കാണ് നയിച്ചത്. ദൈവപുത്രന്റെ ജനനം കാലിത്തൊഴുത്തിലായിരുന്നതുകൊണ്ട് സമ്പന്നരെന്നോ ദരിദ്രരെന്നോ ഭേദമില്ലാതെ എല്ലാവർക്കും അവിടേയ്ക്ക് കടന്നുവരാൻ സാധിച്ചു. എളിമയും ലാളിത്യവും നിറഞ്ഞ പരിശുദ്ധ അമ്മയുടെ ജീവിതം അനേകരെ യഥാർത്ഥമായ മാനസാന്തരത്തിലേയ്ക്കും സന്തോഷത്തിലേയ്ക്കും നയിച്ചു. ലേകസുഖങ്ങളെയും സ്വന്തമായവയെയുമെല്ലാം ഉപേക്ഷിച്ച് സമർപ്പിത ജീവിതം നയിക്കുന്നവർക്ക് അമ്മയുടെ മാതൃകവഴി അനേകർക്ക് യഥാർത്ഥസമ്പത്തായ യേശുവിനെ കൊടുക്കാൻ സാധിക്കുന്നു. യേശുവിനെ തങ്ങളുടെ നാഥനും രക്ഷകനുമായി സ്വീകരിക്കുന്നവർ യഥാർത്ഥമായ രക്ഷാനുഭവത്തിലേയ്ക്ക് കടന്നുവരുന്നു. പരിശുദ്ധ അമ്മ ഇന്നും തന്റെ മക്കൾക്ക് വേണ്ടി മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് അനേകരെ രക്ഷാനുഭവത്തിലേയ്ക്ക്, ദൈവസ്നേഹത്തിലേയ്ക്ക് നയിക്കുന്നു. അമ്മയോടു ചേർന്നുനിന്നുകൊണ്ട് ഓരോരുത്തരും തങ്ങളുടെ സമർപ്പിതജീവിതംവഴിയായി തങ്ങളുടെ സഹോദരങ്ങളെ യഥാർത്ഥമായ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ചുകൊണ്ട് യഥാർത്ഥ ക്രിസ്തു സാക്ഷികളായി തീരട്ടെ. ✪

കടലും നദികളും

പണ്ടൊരിക്കൽ നദികളെല്ലാം ചേർന്ന് ഒരു സംഘടനയുണ്ടാക്കി. കടലിനോടു പ്രതിഷേധിക്കാനായിരുന്നു പുറപ്പാട്. തങ്ങൾ മലയിൽ നിന്നു കൊണ്ടുവരുന്ന ശുദ്ധജലം മുഴുവൻ ഉപ്പു കലർത്തി അശുദ്ധമാക്കുകയാണു കടൽ. എത്ര നാൾ ഇതു സഹിക്കും?

നദികൾ ജാഥയായി കടലിന്റെ അടുക്കൽ ചെന്നു വർദ്ധിച്ച ദേഷ്യത്തോടെ ചോദിച്ചു:

'ഞങ്ങൾ ഞങ്ങളുടെ ശുദ്ധവും മാധുര്യമൂറുന്നതുമായ ജലവുംകൊണ്ട് ഈ വഴി പോകുമ്പോൾ നീ എന്തിനാണു തടയുന്നത്? നിനക്ക് ആവശ്യമുള്ള വെള്ളം കുടിച്ചോളൂ. പക്ഷേ, നീ അതല്ല ചെയ്യുന്നത്. ഉപ്പു കലർത്തി ആർക്കും കുടിക്കാൻ കൊള്ളരുതാതാക്കുകയാണ്. എന്തു പണിയാണിത്?'

നദികളുടെ ക്ഷോഭം കടൽ ശരിക്കും മനസ്സിലാക്കി. അതുപോലെ അങ്ങോട്ടും ഇപ്പോൾ ക്ഷോഭിക്കുന്നതു കൂടുതൽ വഴക്കിനേ വഴിവെക്കൂ എന്നു കടലിനറിയാം. അതുകൊണ്ടു കടൽ ശാന്തമായി ഇങ്ങനെ പറഞ്ഞു.

'നിങ്ങൾക്ക് ഉപ്പുവെള്ളമാകാൻ വിഷമമാണെങ്കിൽ വേണ്ട, മേലിൽ എന്റെ അടുത്തേക്കു വരേണ്ട. അപ്പോൾ കരയിലെങ്ങും ഒഴുകി നിങ്ങൾ വെള്ളപ്പൊക്കമുണ്ടാക്കും. ശുദ്ധജലം നല്കുന്നതിൽ നിങ്ങളോടു നന്ദിയുള്ള ജനങ്ങളെ നിങ്ങൾതന്നെ മുക്കിക്കൊല്ലുകയും ചെയ്യും.'

സ്വന്തം ശുദ്ധി നിലനിർത്തുന്നതുകൊള്ളാം. മറ്റുള്ളവർക്ക് അത് നാശം ഉണ്ടാക്കരുത്.

അരുത്

ബ്രദർ. ജോനാഥൻ കാച്ചാപ്പിള്ളി OCD

ഉദയസൂര്യന്റെ പ്രകാശകിരണങ്ങൾ ആദ്യമായെന്നെ സ്പർശിച്ചപ്പോൾ ഞാൻ ഉറക്കെ നിലവിളിച്ചു. ആരെയാണ് ഞാൻ വിളിച്ചതെന്നോ എന്തിനാണ് ഞാൻ വിളിച്ചതെന്നോ എനിക്കറിയില്ല. കരഞ്ഞപ്പോൾ ആശ്വാസം ലഭിച്ചു, എന്നത് സത്യം തന്നെ. പക്ഷേ ആ ആശ്വാസത്തിനിടയിലും ഒരു "വിലക്ക്" കൂടി ഉണ്ടായിരുന്നു. "കരയരുത്" ആ വിലക്ക് എന്നെ തെല്ലും സ്പർശിച്ചില്ല. അമ്മയുടെ മാറിലെ ചൂടും, അമ്മിഞ്ഞപ്പാലിന്റെ മാധുര്യവും ആശ്വാസമായി കിട്ടുന്നതുവരെ ഞാൻ ആ വിലക്കിനെ അവഗണിച്ചു. കാലത്തെ ഞാൻ എന്റെ കൈപ്പിടിയിലൊതുക്കാൻ നോക്കിയില്ല. അവനെന്നെ കരയിച്ച്, ചിരിപ്പിച്ച്, കോപിപ്പിച്ച് കടന്നുപോയി. കാലം എനിക്ക് സമ്മാനിച്ച ഓരോ വിചാരവികാരങ്ങളിലും ഞാൻ സ്വാതന്ത്ര്യത്തോടെ ശ്രവിച്ച ഒരു വസ്തുത ഇപ്പോഴും എനിക്ക് സ്പഷ്ടമാണ് "അരുത്."

എന്റെ ബാല്യകാലങ്ങളിൽ വിരിഞ്ഞ മലരുകളിൽ തേൻ നുകരാൻ ആയിരമായിരം തുമ്പികൾ ചിത്രശലഭങ്ങൾ പറന്നെത്തി. എനിക്ക് അവയോട് ഒരു കുസൃതി തോന്നി ഞാൻ അവയെ പിടിച്ച് കല്ലുചുമപ്പിക്കാൻ നിർബന്ധിച്ചു. ഉടനെ കർശനമായ ഒരു താക്കീത് "അതിനെ കൊല്ലരുത്" അതിനെ വെറുതെ വിട്ടേക്കൂ.... പെട്ടന്നു തന്നെ ഞെട്ടിത്തരിച്ച എന്റെ കൈകളിൽ നിന്ന് ആ തുമ്പി സ്വതന്ത്രമായി.

അരുത് എന്ന താക്കീത് ബാല്യകാലത്തിന്റെ അവസാനഘട്ടത്തിലും തുടർന്നും. അവസരോചിതമായി നിറം മാറുന്ന "ഓന്തിനെ കല്ലെറിഞ്ഞപ്പോൾ മറ്റാരും കാണില്ലെന്ന വിശ്വാസത്താൽ സ്വന്തം കണ്ണുകളടച്ച് മറ്റുള്ളവരെ മണ്ടനാക്കാൻ ശ്രമിക്കുന്ന പൂച്ചയ്ക്കുനേരേ കൈയ്യോങ്ങിയപ്പോൾ, വിശക്കുന്ന വയറിനു വേണ്ടി കാത്തു സൂക്ഷിച്ച അപ്പക്കഷണം കൊത്തിക്കൊണ്ടോടിയ കാക്കയ്ക്കുനേരേ കല്ലെറിഞ്ഞപ്പോൾ, ഉണക്കാനിട്ടിരുന്ന നെല്ലിൽ കാഷ്ഠിച്ച കോഴിയെ തലകീഴായി തൂക്കിപ്പിടിച്ചപ്പോൾ, എന്റെ കുഞ്ഞു പൂന്തോട്ടം നശിപ്പിച്ച ആടുകളുടെ ചെവിയിൽ കല്ല് കെട്ടിതൂക്കിയിട്ടപ്പോൾ, എന്റെ വീട്ടിൽ വന്ന കളിക്കൂട്ടുകാരുടെ നേരെ കുരച്ചുചാടിയ പട്ടിയെ തല്ലാൻ വടിയെടുത്തപ്പോൾ... എല്ലാം എന്നെ അസ്വസ്ഥനാക്കി. എങ്കിലും അവയെന്നെ പ്രവർത്തികളിൽ നിന്ന് പിൻതിരിപ്പിച്ചില്ല. ഒടുവിൽ വിരോധവും കോപവും ഇല്ലാതാക്കാൻ ആശ്വസിച്ചു.... എന്റെ നന്മയ്ക്കായിട്ടാണ് ഈ അരുതുകൾ ഉയരുന്നത്. അതിനാൽ ഞാൻ അവ ഉൾക്കൊള്ളണം. ഈ ചിന്താഗതി സ്വാംശീകരിക്കുന്നതിനു മുൻപ് ബാല്യം എന്നോടു വിടപറഞ്ഞു.

യുവത്വത്തിന്റെ വൈകാരികവും മാനസികവുമായ തലങ്ങൾ സംതുലനാവസ്ഥയിൽ തുടരാൻ എനിക്ക് കഴിഞ്ഞില്ല. കാരണം ജനിച്ചപ്പോൾ മുതൽ ഞാൻ ശ്രവിച്ച "അരുതുകൾ" ഞാനും എന്നോടുതന്നെ പറയാൻ തുടങ്ങിയിരുന്നു. എന്നിലെ ധാർമ്മികമൂല്യങ്ങളും അധാർമ്മികമൂല്യങ്ങളും ഈ അരുതുകളിൽ വീർപ്പുമുട്ടി. നിലയില്ലാക്കയങ്ങൾ മുങ്ങിതാണപ്പോൾ "അരുതുകൾ" എന്നെ നിരാശനാക്കി. അമിത സന്തോഷത്തിന്റെ പാലിൽ "അരുതുകൾ" വിഷം കലർത്തി. ദുഃഖത്തിന്റെ ഉച്ചവെയിലിൽ "അരുതുകൾ" എന്നെ ചാരമാക്കുന്ന അഗ്നിയായിമാറി.

പള്ളിയിലെ പെരുനാളിന്റെ തിരക്കിൽ സൗഹൃദം മൊട്ടിട്ടപ്പോൾ അരുതുകൾ ആ സ്നേഹം തകർത്തു. ഉയർപ്പുഞായറാഴ്ചയിൽ കണ്ടെടുത്ത സൗഭാഗ്യം നുകർന്നപ്പോൾ അരുതുകൾ എന്നെ ഉഗ്രകോപിയാക്കി. ഉഗ്രകോപത്തിന്റെ നാമ്പുകൾ ഉച്ചത്തിലുയർന്നപ്പോൾ അരുതുകൾ എന്റെ കരണത്തടിച്ചു. അരുതുകൾ എന്റെ ശാന്തത പാടേ തുടച്ചുനീക്കി. ദേഹിയും, ദേഹവും എല്ലാം അരുതുകൾ കൊണ്ടെന്നെ വീർപ്പുമുട്ടിച്ചു. യുവത്വത്തിന്റെ അഗ്നിയിൽ ചാരമാകാൻ ഞാൻ തുനിഞ്ഞില്ല. കാപട്യത്തിന്റെ വശ്യതയിലേക്ക് ഞാൻ തീ തുപ്പി. ദുർഗന്ധം വമിക്കുന്ന യൗവനരതികളുടെമേൽ ഞാൻ കാർക്കിച്ചുതുപ്പി. അരുതുകൾ അപ്പോഴും എന്നെ ഇല്ലാതാക്കാൻ ശ്രമിച്ചു. സ്വാർത്ഥതയാൽ ദേഹം മിനുക്കിയ തരുണികളുടെ കരണത്ത് ഞാൻ എന്റെ തഴമ്പിച്ച കൈകൊണ്ട് ആഞ്ഞടിച്ചു. ദേഹമനക്കാതെ തടിച്ച ശരീരത്തെ ഞാൻ ശ്വാസം മുട്ടിച്ചു. കരിങ്കല്ലുകൊണ്ടു തീർത്ത മനസ്സിന്റെ അന്തരങ്ങളിൽ സ്നേഹം എന്ന വാക്ക് ഉച്ച

രിക്കുംവരെ, കോപമാർന്ന എന്റെ കണ്ണുകൾ ശാന്തമായില്ല. ഇത്രയൊക്കെയായിട്ടും അരുതുകൾ പിൻമാറിയില്ല. അല്പം മയപ്പെട്ടു എന്നേയുള്ളൂ. അരുതുകളോടൊപ്പം മറ്റൊന്നുകൂടി ഇന്നേരം ഉയർന്നുവന്നു. പ്രായമായിട്ടില്ലത്രേ ! പക്ഷേ അവയെല്ലാം ശാന്തമായെങ്കിലും അരുതുകൾ എന്നെ വിട്ടുപോയില്ല.

അധികാരത്തിന്റെ ദംശനശബ്ദത്തിലും മുഴങ്ങിനിന്നത് അരുത് എന്ന വാക്കായിരുന്നു. ത്യാഗത്തിന്റെ മൂല്യത്തെപ്പോലും അരുതുകൾ ഇല്ലാതാക്കി. സ്നേഹത്തിന്റെ വേർപാടിൽ ഉരിത്തിരിഞ്ഞ മൂകതയും അരുതുകൾകൊണ്ടെന്നെ വ്രണപ്പെടുത്തി. അരുതുകൾ നന്മതിന്മകളുടെ രൂപത്തിൽ ആഗതമായപ്പോഴും മരണതുല്യം വേദന അനുഭവിച്ചത് ഞാൻ മാത്രമായിരുന്നു.

ഏതു ചെയ്തികളിലും അരുതുകൾ വന്ന് തലയിട്ട് അലങ്കോലപ്പെടുത്തി. ജീവിതസാഗരത്തിന്റെ തിരമാലകൾ ആർത്തിരമ്പിയപ്പോൾ ആ ഇരച്ചിലിലും ഉണ്ടായിരുന്നു അരുത് എന്ന വാക്ക്. അരുതുകൾ എന്റെ മാംസരക്തങ്ങളിൽ, മാനസികതലങ്ങളിൽ, ബന്ധം സ്ഥാപിച്ചുവോ? മനസാക്ഷിയിൽ നന്മതോന്നുമ്പോൾ അരുതുകൾ തിന്മയുടെ വേഷം ധരിച്ചു. അരുതുകൾ എന്നെ വിഡ്ഢിയാക്കുന്നുവെന്നു ധരിച്ചപ്പോഴും അരുതുകൾ വന്ന് വീണ്ടും പറഞ്ഞു "അങ്ങനെ ചിന്തിക്കരുത്."

ഹേ! മനുഷ്യാ..... ഞാനൊന്നു ചോദിക്കട്ടെ? നീ അനുഭവിച്ച അരുതുകൾ ഇപ്രകാരമാണോ? നീ കണ്ട അരുതുകൾ ഇതുപോലെതന്നെയാണോ? നീ പറയുന്ന അരുതുകൾ ഇങ്ങനെയാണോ? നീ സമ്മതിക്കുന്ന അരുതുകൾ തന്നെയാണ് ഞാനും പറയുന്നത്. ദൈവസ്നേഹം കല്പിക്കുന്ന അരുതുകൾക്ക് വ്യത്യാസമുണ്ട്. കാരണം അവസാനത്തെ ഏഴ് കല്പനകളിൽ അരുതുകളുണ്ടെങ്കിലും അവ നന്മയ്ക്കുവേണ്ടി മാത്രമാണ്. അരുതുകളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ആദ്യത്തെ മൂന്ന് കല്പനകൾ നിസ്വാർത്ഥമായി, ആത്മാർത്ഥമായി പാലിച്ചാൽ മതി അരുതുകൾ ഒട്ടും തന്നെ നമ്മെ ശല്യപ്പെടുത്തുകയില്ല എന്നെനിക്ക് തോന്നുന്നു.

ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ! മനുഷ്യമാംസം ധരിച്ച ദൈവികതയെ അവഗണിച്ച് അരുതുകൾ കല്പിക്കാൻ നിനക്കാര് അനുവാദം നൽകി? മനുഷ്യ സ്വാതന്ത്ര്യത്തെ മാനിക്കുന്ന ദൈവത്തെ വിഡ്ഢിയാക്കാൻ ശ്രമിക്കുന്ന നീ മനുഷ്യസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുമെന്നോ? നിനക്ക് ജീവൻ നൽകിയ പിതാവിനെ അരുതുകൾകൊണ്ട് വ്യാഖ്യാനിക്കാൻ നിന്റെ നാവുകൾക്ക് ശക്തി നല്കിയതാര്? കാരണം നിറം മാറുന്ന ഓന്തിനെപ്പോലെ നീ നിറം മാറുമ്പോഴും, നിന്റെയുള്ളിൽ ചതിയുടെ വിത്തുകൾ പാകുമ്പോഴും ഒന്നും നീ ചിന്തിക്കുക; നീ മൂലം നിന്റെ വഞ്ചനമൂലം തകർന്നത് അനേകരാണ്. കണ്ണുകളടച്ച് അന്ധകാരം സൃഷ്ടിക്കാൻ ശ്രമിക്കുന്ന നീ പ്രപഞ്ച സൃഷ്ടിയെ ഇരുട്ടിലാഴ്ത്തിയെന്ന് അഹങ്കരിക്കുന്നുവോ? ഉപദേശങ്ങൾ മനഃപാഠമാക്കിയെന്ന് വീമ്പിളക്കുന്ന നീ ജീവിതം സത്യമെന്ന് അസത്യത്താൽ വ്യാഖ്യാനിക്കുന്നുവോ? ന്യായാധിപനെന്ന് വാദിക്കുന്ന നിന്റെ നാവ് വിധിക്കുന്നത് സത്യമെന്നോ? ദാനം ചെയ്യുക എന്നു സ്പഷ്ടമായി പറയാൻ പഠിച്ച നീ ദാനം ചെയ്യേണ്ട അവസരം വരുമ്പോൾ ധ്യാനം ചെയ്യുക എന്നു തിരുത്തിപ്പറയുന്നതിനാൽ അവസരോചിതമായി നിറം മാറുന്ന ഓന്താണ് നീയെന്ന് ഞാൻ പറഞ്ഞാൽ നീ അംഗീകരിക്കുമോ? അപ്പോൾ നീയും എന്നോട് പറയും അങ്ങനെ പറയരുത് (ചിലപ്പോൾ കോപത്തോടെതന്നെ).

ദൈവിക സുഷുപ്തിയിൽ ആനന്ദമായുറങ്ങുന്ന ആത്മാവിനോടും നിരാശയിൽ നിപതിച്ച ആത്മാവിനോടും സുഖ ദുഃഖ സമ്മിശ്രമായ ജീവിതം സ്വാംശീകരിച്ച മനുഷ്യാത്മാവിനു നേരെയും പ്രാർത്ഥിക്കുക എന്ന് ഉപദേശിക്കുന്ന നീ പ്രാർത്ഥനയുടെ ചവിട്ടുപടികൾ നിഷ്പ്രയാസം കയറിയെന്ന് ധരിച്ച്, മനുഷ്യത്വം നഷ്ടപ്പെട്ട മനുഷ്യമൃഗമാണ് എന്ന് ഞാൻ പറഞ്ഞാൽ നീ സമ്മതിക്കുമോ? അപ്പോഴും നീ പറയുമായിരിക്കും "ശബ്ദിക്കരുത്!"

വിശക്കുന്നവന്റെ മുൻപിൽ സഹനവും ത്യാഗവും വിഷയമായെടുത്ത് ഉപദേശിക്കുന്ന നീ നിനക്ക് വിശക്കുമ്പോൾ മുന്തിയഹോട്ടലുകൾ തേടി നടക്കുകയും തിരക്കിനിടയിൽ സ്വാർത്ഥത ഭക്ഷണമാകുമ്പോൾ വിശപ്പ് ദൈവസ്നേഹത്തെ പ്രതിയെന്ന് ഉദ്ഘോഷിക്കുകയും ചെയ്യുമ്പോൾ ഞാൻ നിന്നോടു പറയട്ടെ, നീ ജഡമോഹത്തിന്റെ കരവലയത്തിൽ വസിക്കുന്ന ആഭാസനാണ് എന്ന്? തെല്ലു പരിഭ്രമത്തോടെ നീ മറുപടി നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ദയവായി നീ നിശബ്ദനായാലും ഈ അവസ്ഥയിലും അരുതിന്റെ ചുവയുള്ളതിനാൽ അവസാനമായി ചോദിച്ചോട്ടെ? ഞാനും നീയും നിറം മാറുന്ന ഓന്തിനെപ്പോലെയാണ്. ഞാനും നീയും അന്ധകാരം സൃഷ്ടിക്കുന്ന കണ്ണടപ്പിൽ മറ്റുള്ളവരെ ഇരുട്ടിലാഴ്ത്താൻ ശ്രമിക്കുന്നവരാണ്. ഞാനും നീയും അരുതുകൾ കൊണ്ട് മറ്റുള്ളവരിൽ അസഹ്യത ജനിപ്പിക്കുന്നവരാണ്. ഞാനും നീയും സ്വാർത്ഥതയാകുന്ന കടലിൽ നിസ്വാർത്ഥത നടിച്ച് മുങ്ങിതാഴ്ന്ന് കരക്കടിയാതെ കിടക്കുന്നവരാണ്. ഞാനും നീയും വിധിയാളനെപ്പോലും നിഷ്കരുണം വിധിക്കുന്ന അന്യായ വിധികർത്താക്കളാണ്. ഇതൊക്കെ ഞാൻ പറഞ്ഞാൽ നീ സമ്മതിക്കുമോ. ഇല്ല! തീർച്ചയായിട്ടും ഇല്ല! നീ ഒരുപക്ഷേ എന്നോട് തിരിച്ചുപറഞ്ഞേക്കാം നീ നിന്റെ രൂപം മറ്റുള്ളവരിൽ കാണുന്നതുകൊണ്ടാണ് ഇങ്ങനെ പറയുന്നത് എന്ന്. സാരമില്ല! വിധികർത്താവിന്റെ സ്വാതന്ത്ര്യത്തിലും, വിധിക്കപ്പെടുന്ന സഹോദരന്റെ സ്വാതന്ത്ര്യത്തിലും വിധിയാളനായി മാത്രം നിലകൊള്ളുന്ന എന്നോടും നിന്നോടും ഒരു ചോദ്യം ഉത്തരം കിട്ടാത്ത ഒരു ചോദ്യം. ദൈവം ആഗ്രഹിക്കുന്ന മനുഷ്യസ്വാതന്ത്ര്യത്തെ അരുതുകൾകൊണ്ട് വിലക്കുകല്പിക്കാൻ നിന്നെ ദൈവമാക്കിയ, വിധിയാളനാക്കിയ ദൈവമേത്? ✪

ഫാ. അൽഫ്രഡ് അൽപ്പുഴ OCD

ബന്ധങ്ങളും അഴിയാബന്ധവും

ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിണക്കം, പര സ്പര സ്നേഹവും കരുതലും കാലക്രമേണ ഇല്ലാതായി. വിദ്വേഷവും വിരസതയും ജീവിതത്തെ ആവസിച്ചു. ഇനി ഒരു നിമിഷം പോലും ഒന്നിച്ചു ജീവിക്കുകയെന്നത് ആസാധ്യമായി. എങ്ങനയെങ്കിലും വിവാഹമോചനം ലഭിക്കണമെന്ന് ആഗ്രഹിച്ചു. രണ്ടുപേരും തങ്ങളുടെ വിവാഹം നടത്തികൊടുത്ത പുരോഹിതനെ സമീപിച്ച് വിവാഹ മോചനം ആവശ്യപ്പെട്ടു. പുരോഹിതൻ നിർദ്ദേശിച്ചു, അടുത്തൊരു ദിവസം രണ്ടു പേരും വരിക. അതിൻപ്രകാരം അവർ ചെന്നു. രണ്ടുപേരോടും അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം തന്റെ കാനോന നമസ്കാര പുസ്തകം ഒരു കൈയ്യിലും, വിശുദ്ധ തീർത്ഥജലം തളിക്കുന്ന ദണ്ഡ് (sprinkler) മറുകൈയ്യിലും എടുത്തു. പ്രാർത്ഥന പുസ്തകത്തിലെ ഓരോ സങ്കീർത്തനവും ചെല്ലിക്കഴിയുമ്പോഴും തീർത്ഥജലം തളിക്കുന്ന സ്പ്രിൻക്ലർ (sprinkler) കൊണ്ട് രണ്ടുപേരുടെയും തലയിൽ ജലം തളിക്കുന്നതോടൊപ്പം അതുകൊണ്ട് തലയിൽ ചെറിയ തട്ടും കൊടുത്തു. അതു പലതവണ ആവർത്തിച്ചു. സ്പ്രിംഗ്ളറിന്റെ തട്ടുകൊണ്ട് തലവേദനിക്കുകയും രണ്ടുപേരും ക്ഷീണിക്കുകയും ചെയ്തു. അപ്പോൾ അവർ പുരോഹിതനോട് പറഞ്ഞു. അച്ചാ! ഞങ്ങളെ വിവാഹത്തിൽ ബന്ധിപ്പിക്കാൻ ഇത്ര സഹിക്കേണ്ടിവരികയോ, സമയമെടുക്കുകയോ ചെയ്തില്ലല്ലോ? പുരോഹിതൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, നിങ്ങൾ പറഞ്ഞത് ശരിയാണ്. പക്ഷേ, നിങ്ങളുടെ വൈവാഹികബന്ധം വേർപ്പെടുത്തണമെങ്കിൽ ഒരാൾ മരിക്കണം. കാരണം വിവാഹമെന്ന കൂദാശയിലൂടെ ദൈവം ആണ് നിങ്ങളെ ഒന്നിപ്പിച്ചത്. മനുഷ്യന് അത് വേർപ്പെടുത്തുവാൻ സാധ്യമല്ല.

ഭൂമിയിൽ ഒരു മനുഷ്യൻ ജനിക്കുമ്പോൾ ബന്ധങ്ങളും ഉത്ഭവിക്കുന്നു. മാതാപിതാ, സഹോദരി സഹോദരന്മാർ, അയൽക്കാർ, നാട്ടുകാർ, കൂട്ടുകാർ അവയിൽനിന്നും വളർന്നു വളർന്ന് ബന്ധങ്ങൾ പടർന്ന് വ്യാപിക്കുന്നു. കാലക്രമത്തിൽ പല ബന്ധങ്ങളും ഇല്ലാതാവുകയും, ബന്ധങ്ങൾ പലതും ബന്ധനങ്ങളായി മാറുകയും ചെയ്യുന്നു. ബന്ധങ്ങളെ വേണമെങ്കിൽ പലവകുപ്പിൽ നമുക്ക് വിവേചിച്ചറിയാം. ശാരീരികബന്ധം :- കാമക്രോധ ആസക്തികളാൽ നയിക്കപ്പെടുന്നവ. സ്വാർത്ഥപരമായ ബന്ധം :- സ്വന്തം നേട്ടത്തിനുവേണ്ടി അഹത്താൽ നയിക്കപ്പെടുന്നവർ. ആത്മീയബന്ധം :- ദൈവത്തിലേയ്ക്ക് അതായത് സ്നേഹവും കരുണയും കൊണ്ട് നിറഞ്ഞ ഉന്നതമായ ബന്ധം. മനുഷ്യന്റെ ബന്ധങ്ങൾ ചുരുക്കി പറഞ്ഞാൽ രണ്ടു തരത്തിലാണ്. വശങ്ങളിലേയ്ക്കും, ഉയരങ്ങളിലേയ്ക്കും (horizontal & vertical). വശങ്ങളിലേയ്ക്കുള്ള (horizontal) ബന്ധം കാലക്രമേണ തീർന്നുവെന്ന് വരാം. അവ താൽക്കാലി

കവുമാകാം. കാരണം പ്രപഞ്ചത്തിലുള്ള എല്ലാം നൈമിഷികതയും നശ്വരതയും ഉൾക്കൊള്ളുന്നുണ്ട്. ഇത് താല്ക്കാലികവും ആണ്. ഋഷിമാർ പറയുന്നു; ലോകം നൈമിഷ്യാരണ്യം ആണെന്ന്. എല്ലാം കടന്നുപോകുന്നു. അതുകൊണ്ട് ഈ ലോകത്തുള്ള ആളുകളോടും സംഗതികളോടും ബന്ധപ്പെട്ട് ദുഃഖങ്ങൾ ഉണ്ടാകുന്നു. സിദ്ധന്മാർ പറയുന്നു; ദൈവം മാത്രം എന്നും നിലനിൽക്കുന്നവനായുള്ളു. സിദ്ധയായ വി. അമ്മത്രേസ്യ പറയുന്നു; "Everything passes, God alone suffices." ചുരുക്കത്തിൽ ഒരു ഭക്തൻ പറയും; ദൈവമേ, ഞാനുമില്ല, നീ മാത്രമാണ് ഉള്ളത്. അപ്പോൾ "ഞാൻ" എന്ന അഹംഭാവം തീർത്തും ഇല്ലാതാകുമ്പോൾ ഞാൻ നീ ആയിമാറുന്നു. പ്രപഞ്ചത്തിലുള്ള എല്ലാറ്റിലും ദൈവം അന്തർലീനമായി കുടികൊള്ളുന്നു. ഇതു കാണാനുള്ള ഉൾക്കാഴ്ച ലഭിച്ച മനുഷ്യന്, മറഞ്ഞിരിക്കുന്ന ദൈവത്തെ എല്ലാറ്റിലും കാണാൻ കഴിയുമ്പോൾ ആ ബന്ധമാണ് അഴിയാബന്ധം. ഒരിക്കലും നശിച്ചുപോകാത്ത ബന്ധം.

വിവാഹമെന്ന കൂദാശയെക്കുറിച്ച് പറയുമ്പോൾ സഭയും ക്രിസ്തുവും തമ്മിലുള്ള ഒരു ഉടമ്പടിയുടെ പ്രതീകമാണ്. അത് വെറും ഒരു കരാർ (contract) അല്ല. അത് ഒരു ഉടമ്പടി (covenant) ആണ്. ഇവിടെ ഭാര്യാഭർത്താക്കന്മാരുടെ ബന്ധം പരിപാവനവും വിശുദ്ധവും ആണ്. ദൈവം യോജിപ്പിച്ചതാണെന്ന് ബൈബിൾ പറയുന്നു. മനുഷ്യർക്ക് നശിപ്പിക്കുവാനോ, ഇല്ലാതാക്കുവാനോ അവകാശമില്ല. ഭാര്യ, ഭർത്താവിൽ യേശുവിനെ കാണണം, ഭർത്താവ്, ഭാര്യയിൽ യേശുവിനെ കാണണം എങ്കിൽ മാത്രമെ അവർ തമ്മിലുള്ള ബന്ധം വെറും ശാരാരികമോ, മാനസികമോ, സ്വാർത്ഥപരമോ ആകാതെ ആത്മീയതലത്തിൽ എത്തിച്ചേരുന്ന ഒരു വിസ്മയം ആകൂ. വിവാഹിതർ ഭാര്യ, ഭർത്താവിലൂടെയും; ഭർത്താവ് ഭാര്യയിലൂടെയും വിശുദ്ധി അഥവാ പരിപൂർണ്ണതയിലെത്തുന്നു. എന്നാൽ സന്ന്യസ്തർ ഭാര്യ, ഭർത്താക്കന്മാർ എന്ന മാധ്യമം കൂടാതെ ദൈവവുമായി നേരിട്ട് ബന്ധപ്പെടുന്നു. ഇതാണ് ഏറ്റവും ഉത്കൃഷ്ടമായ ബന്ധം.

ആബാ.... പിതാവേ

ലീന ജോയി

മയിൽ പീലി നിറങ്ങൾ പോലെ
മായാത്ത നിൻ ഓർമ്മകൾ
എൻ അകതാരിൽ എന്നെന്നും
തെളിയുന്നു നിൻ രൂപവും

എൻ സ്നേഹഭാജനമാണു നീ എന്നെന്നും
നിന്നിലെ ശാന്തത എത്രയോ മാധുര്യം
ശാന്തമാം നിന്നിലലിഞ്ഞു ചേരുവാൻ
തീവ്രമായ് ആശിപ്പൂ ഞാനെന്നുമെന്നും

കൂരമ്പുകളെല്ലാം ഏറ്റുവാങ്ങി
നീറുമ്പോഴും ചഞ്ചലചിത്തനായി
ജീവിതാനുഭവത്തിൽ കയ്പു നുകർന്ന്
ജീവിതം മധുരിതമാക്കാൻ പഠിപ്പിച്ചതു നീ

ജീവിതത്തിൽ തീ ജ്വാലകളേറ്റ്
വാടിതളരുമ്പോൾ ഉന്മേഷമേകി നീ
വർണ്ണകുടയായ് എൻ കൂടെ നിന്നു
ഞാനറിയുന്നു അണയാത്ത നിൻ സ്നേഹം
ആബാ... പിതാവേ... നിന്നുടെ സ്നേഹം

മേരീനാമം വിവിധ ഭാഷകളിൽ

മറിയം	-	(അരമേയ) മിരിയം (അറബി) - ദൈവത്തിങ്കലേയ്ക്ക് ഉയർന്നവൾ)
മരിയന്നേ	-	(ഫ്രഞ്ച്) മറിയം + ആൻ
മരിയ	-	മരിയേ (ലാറ്റിൻ)
മരിയറ്റ്	-	മരീറ് (ലാറ്റിൻ)
മാമി	-	മേരിയുടെ അമേരിക്കൻ ഓമനപ്പേര്
മാരിയൻ	-	മേരിയുടെ ബബേറിയൻ രൂപം
മാഹ്രി	-	മേരിയുടെ ഫ്രഞ്ചുരൂപം
മാർയാ, മാഷാ	-	മേരിയുടെ റഷ്യൻ രൂപം

മരിയവിജ്ഞാനീയം

മിന്നി	-	മേരിയുടെ സ്കോട്ടീഷ് ഓമനപ്പേര് *(ഇപ്പോൾ ഇംഗ്ലീഷിലും ഉപയോഗിക്കുന്നു)*
മെയ്ഡേ	-	(സ്കോട്ടീഷ്) മേരി
മെർലിൻ, മാർലിൻ, മാരിലിൻ	-	മറിയം എന്നതിന്റെ അമേരിക്കൻ രൂപങ്ങൾ
മോളി	-	മേരിയുടെ ഓമനപ്പേര്
മൗറിൻ	-	(സ്ത്രീ, ഐറിഷ്) - മേരി
മൗറിസ്, മോറിസ്	-	മേരി
ഡോളോറസ്	-	സ്പാനിഷ് - വ്യാകുലമാതാവ്, മരിയഡി
നിർമ്മല	-	(മലയാളം) പരിശുദ്ധ, അശുദ്ധിയില്ലാത്തവൾ
ലൂർദ്ദമ്മി	-	മലയാളം ലൂർദ്ദ് മാതാവ്
റെജീനാ മേരി	-	(ലാറ്റിൻ) മേരി രാജ്ഞി, വിശുദ്ധ മേരി
സ്റ്റെല്ലാ മരിയ	-	താര മരിയ
സ്റ്റെല്ലാ മാരീസ്	-	(ലാറ്റിൻ) സമുദ്രതാരം



ഒരു ഇളയ ശിഷ്യൻ കടുത്ത രോഗം ബാധിച്ച് വലിയ വേദനയിലായിരുന്നു. തങ്ങളുടെ മിത്രത്തിന്റെ ക്ഷമയും സഹന ശക്തിയും മറ്റുള്ളവരെ അത്ഭുതപ്പെടുത്തി.

വേദനയെക്കുറിച്ച് അവർക്ക് പറഞ്ഞുകൊടുക്കുവാനുള്ള നല്ല അവസരമായി ഗുരു ഇതിനെ കണ്ടു.

ഗുരു പറഞ്ഞു : വേദന അവബോധത്തിന്റെ ഒരു രൂപമാണ്

കടുത്ത വേദന അനുഭവിക്കുമ്പോൾ ഒരുവന് എങ്ങനെയാണ് പ്രബുദ്ധനാകാൻ കഴിയുക. ഒരു ശിഷ്യൻ ചോദിച്ചു?



നിങ്ങൾ എത്രമാത്രം അല്ലെങ്കിൽ എത്രത്തോളം സഹിക്കുന്നു എന്നതല്ല കാര്യം. നിങ്ങൾ എന്തർത്ഥം കൊടുക്കുന്നു എന്നതാണ്.

എന്നാലും വേദന, വേദന തന്നെയാണ്.

മറ്റൊരു ശിഷ്യൻ ഇടയ്ക്ക് കയറി പറഞ്ഞു : ശരീരത്തിനെയും മനസ്സിനെയും പീഡിപ്പിക്കുകയും ഒരുവനെ അസ്വസ്ഥനും ആശങ്കാകുലനും മാക്കുകയും ചെയ്യുന്ന വേദനയ്ക്ക് എന്തർത്ഥം കല്പിക്കാൻ?

ഗുരു മറുപടി നൽകി...

ഭിത്തിയിലെ ക്രൂശിത രൂപത്തെ എടുത്തുകൊണ്ട് ഗുരു പറഞ്ഞു:

കടുത്ത വേദനയിലൂടെയും സഹനത്തിലൂടെയുമാണ് ക്രിസ്തു മഹത്വത്തിലേക്ക് പ്രവേശിച്ചത്. അതുപോലെതന്നെ നമ്മളും ക്ഷമാപൂർണമായ സഹനത്തിലും സമർപ്പണത്തിലും അർത്ഥം കാണണം.

ചിന്താമൃതം

എന്റെ വേദനയെ ഒരു തിരുത്തലായി അല്ലെങ്കിൽ കരുണയായി എനിക്ക് കണക്കാക്കാം. പക്ഷേ, എനിക്ക് അങ്ങനെ കാണാൻ അറിയില്ലെന്ന് ഞാൻ സമ്മതിക്കട്ടെ. ഞാൻ എങ്ങനെയാണ് രോഗത്തെ കാണേണ്ടത്. ഇത് ഒരു തിരുത്തലാണെങ്കിൽ ഞാൻ അതിനെ കരുണയെന്ന് വിളിക്കട്ടെ. കാരണം, അതൊരു തിരുത്തലായി തോന്നിച്ചാലും നിന്നിൽ മരിക്കാനും ആ മരണത്തിലൂടെ എനിക്കുവേണ്ടി മരിച്ചവനോട് ഒന്നാകാനുമുള്ള അവസരത്തെക്കാൾ വലുതായി നിന്റെ കരുണയുടെ ഒരു തെളിവും നിനക്ക് കിട്ടാനില്ല.

വേദനയിൽ ദൈവത്തിന്റെ മുഖം

ബ്ര. സോണി

വചന വെളിച്ചം

ഒക്ടോബർ 4 – ആണ്ടുവട്ടം 27-ാം ഞായർ

(ഉൽപ്പ. 2:18-24, ഹീബ്രു 2:9-11, മാർക്ക് 10:2-16)

ഡീക്കൻ സുനിൽ മാർട്ടിൻ OCD

മനുഷ്യകുലത്തിന്റെ ഉത്ഭവം മുതൽ ഇന്നുവരെ ഇനി മനുഷ്യൻ ഉള്ളിടത്തോളം കാലം പ്രസക്തമായി ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് വിവാഹവും വിവാഹമോചനവും. ഇന്നത്തെ വചനഭാഗങ്ങളിൽ വിവാഹം എന്ന കൂദാശയെക്കുറിച്ച് മനസ്സിലാക്കുവാനാണ് നാം ശ്രമിക്കുന്നത്.

വിവാഹം പഴയനിയമത്തിൽ

ബി.സി. 1700 ബാബിലോൺ രാജാവായ ഹമുറബി സ്വന്തമായൊരു നിയമസംഹിത നടപ്പിലാക്കിയിരുന്നു. അതിൽ ആദ്യഭാര്യ വന്ധ്യയാണെങ്കിൽ മാത്രമെ രണ്ടാമത് ഒരുവളെ ഭർത്താവിന് സ്വീകരിക്കാൻ പാടുള്ളൂ. അബ്രഹാമിന്റെ ജീവിതത്തിൽ നിന്ന് ഹമുറബിയുടെ നിയമങ്ങൾ അക്കാലത്തു പാലിച്ചിരുന്നു എന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് ദാസിയായ ഹാഗാറിന്റെ പുത്രനെ വീട്ടിൽ നിന്ന് പിടിച്ചിറക്കണം എന്ന് പറഞ്ഞപ്പോൾ അബ്രഹാം വ്യസനിച്ചത് (ഉൽപ്പ. 16:1-6; 21:10-12)

യാക്കോബിന്റെയും ഏസോവിന്റെയും കാലത്ത് ഏക ഭാര്യാവ്രതം ശക്തമല്ലായിരുന്നു.

ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും കാലമായപ്പോൾ ഒരാൾക്ക് എത്ര ഭാര്യമാരെ പോറ്റാമോ അത്രയും പേരെ വേൾക്കാം എന്നതായിരുന്നു നില.

വിവാഹം പുതിയ നിയമത്തിൽ

അന്തിപ്പാസിന്റെ വിവാഹമോചനത്തെ എതിർത്തതിന്റെ പേരിലാണ് (മാർക്ക് 6:18) സ്നാപകയോഹന്നാന് ജീവൻ നഷ്ടപ്പെട്ടത്.

വിവാഹമോചനം നടത്താൻ മോശ നല്കിയ അനുവാദത്തെ ദൈവേഷ്ടമായാണ് ഫരിസേയർ പരിഗണിച്ചത് (മാർക്ക് 10:4-5) വാസ്തവത്തിൽ അവരുടെ ഹൃദയകാഠിന്യതയിൽ നിന്നും ഉൾത്തിരിഞ്ഞേക്കാവുന്ന പ്രശ്നമാണ് ഇതിന് അടിസ്ഥാനം (ഭാര്യയോട് ഇഷ്ടക്കേട് തോന്നി അവളെ പീഡിപ്പിക്കുക).

വിവാഹവും സഭാപിതാക്കന്മാരും

"ആദത്തിന് എത്ര ഭാര്യമാരെ വേണമെങ്കിലും ദൈവത്തിനും സൃഷ്ടിച്ചു കൊടുക്കാമായിരുന്നു. പക്ഷേ ദൈവം ഒരു സ്ത്രീയെ മാത്രമേ അവനായി രൂപകല്പന ചെയ്തുള്ളൂ" (വി. തെർത്തുല്യൻ)

വിവാഹമോചനത്തെപ്പറ്റിയുള്ള വിശുദ്ധ അഗസ്റ്റിന്റെ വീക്ഷണം താഴെ കാണുന്നു.

"ഭാര്യയും ഭർത്താവും വിവാഹമോചനം നടത്തി പുനർവിവാഹം ചെയ്യുന്നതിലൂടെ നാലു വ്യഭിചാരികൾ സൃഷ്ടിക്കപ്പെടുന്നു" (വി. അഗസ്റ്റിൻ)

വിവാഹവും കാനോൻ സംഹിതയും (1055-1165)

ഒരു പുരുഷനും സ്ത്രീയും തമ്മിൽ ജീവിതകാലം മുഴുവനും പങ്കാളിത്തം സംസ്ഥാപിക്കുന്നതിനുള്ള വിവാഹഉടമ്പടി, അതിന്റെ സ്വഭാവത്താൽതന്നെ ദമ്പതികളുടെ നന്മയ്ക്കും സന്താനോല്പാദനത്തിനും സന്താനപരിപാലനത്തിനും വേണ്ടി ക്രമീകരിച്ചിരിക്കുന്നതും ജ്ഞാനസ്നാനം സ്വീകരിച്ചവർക്കിടയിൽ കർത്താവായ ക്രിസ്തുവാൽ കൂദാശയുടെ ഔന്നത്യത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നതുമായ ഒന്നാണ്.

വിവാഹത്തിന്റെ സത്താപരമായ ഗുണവിശേഷണങ്ങളാണ് ഏകത്വവും, അവിഭാജ്യതയും. ക്രിസ്തീയ വിവാഹത്തിൽ കൂദാശ എന്ന നിലയിൽ അവയ്ക്ക് പ്രത്യേകമായ ദൃഢത ലഭിക്കുന്നു (1056)

ആയതിനാൽ വിവാഹം എന്ന കൗദാശിക ബന്ധത്തെ ആർക്കും വേർപെടുത്തുവാൻ സാധിക്കുകയില്ല. വേർപെടുത്തുന്ന പക്ഷം നാം സുവിശേഷത്തിന് എതിരായി പ്രവർത്തിക്കുകയാണ്, കാരണം ദൈവത്തിന്റെ പദ്ധതിയിൽ സ്ത്രീയും പുരുഷനും തമ്മിൽ 'ഏകശരീരമാകുക' എന്ന 'ശേമിക' എന്ന പ്രയോഗത്തിന്റെ അർത്ഥം 'ഒന്നാവുക' എന്നാണ്. ദൈവീകപദ്ധതിയനുസരിച്ച് അവർ ഒന്നായതിനാൽ അവരെ വേർതിരിക്കുന്ന വിവാഹമോചനം അനുവദനീയമല്ല. ഒരു വ്യക്തിയെ രണ്ടായി വെട്ടിമുറിക്കുന്നതിനു തുല്യമാണ് വിവാഹമോചനം. വിവാഹബന്ധത്തിന്റെ അവിഭാജ്യതയെ ഇപ്രകാരം പ്രഖ്യാപിച്ചുകൊണ്ട് വിവാഹത്തെക്കുറിച്ച് ഉല്പത്തിപ്പുസ്തകത്തിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ യഥാർത്ഥ പദ്ധതി യേശു പുന: സ്ഥാപിക്കുന്നു.

ഒക്ടോബർ 11 – ആണ്ടുവട്ടം 28-ാം ഞായർ

(മർക്കോ 10:17-30)

ഡീക്കൻ റ്റൈജോ ജോസഫ് OCD

യേശുവിനെ അനുഗമിക്കുന്നതിന്റെ അർത്ഥതലങ്ങൾ ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നു.

ദൈവികമായ കാഴ്ചപ്പാടിൽ ധനത്തെയും ഭൗതികസമ്പത്തിനെയും എങ്ങനെയാണ് സമീപിക്കേണ്ടത് എന്നുകൂടി ഈ വചനഭാഗം പറഞ്ഞുവയ്ക്കുന്നുണ്ട്.

<u>വ്യാഖ്യാനം</u>

10:17 ദൈവരാജ്യം പ്രവൃത്തികൾവഴി നാം നേടിയെടുക്കേണ്ട ഒന്നല്ല, മറിച്ച് ഒരു ശിശുവിനെപ്പോലെ അവകാശവാദങ്ങളൊന്നുമില്ലാതെ സ്വീകരിക്കേണ്ട സമ്മാനമാണ്.

10:18 ദൈവം മാത്രമാണു നല്ലവൻ. യേശു ദൈവമായതുകൊണ്ടാണ് ആ മനുഷ്യൻ യേശുവിനെ നല്ലവൻ എന്നു വിളിക്കുന്നത്.

10:19 മോശയുടെ നിയമങ്ങൾ പാലിക്കുന്നവൻ ജീവിക്കും എന്നുള്ളതാണ് യഹൂദകാഴ്ചപ്പാട്.

10 കല്പനകളിലെ 2-ാം ഭാഗത്തു നിന്നുള്ള 5 പ്രമാണങ്ങളാണ് യേശു ഉദ്ദേശിക്കുന്നത്. ഈ കല്പനകളെല്ലാം മനുഷ്യനും മനഷ്യനും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്നവയാണ്.

10:20 12-ാമത്തെ വയസ്സു മുതൽ ഒരു യഹൂദൻ ദൈവപ്രമാണങ്ങൾ പാലിക്കുന്നു. എന്നാൽ നിയമാനുഷ്ഠാനംകൊണ്ട് ആരും രക്ഷ പ്രാപിക്കുന്നില്ല.

10:21 ദൈവപ്രമാണങ്ങൾ വിട്ടുവീഴ്ചയില്ലാതെ അനുസരിക്കുന്നതുകൊണ്ടു മാത്രം ഒരുവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല. മറിച്ച് സ്വന്തം സമ്പത്ത് വിറ്റ് ദരിദ്രർക്കു കൊടുക്കുക പിന്നെ വന്ന് യേശുവിനെ അനുഗമിക്കുക. അതായത് യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുകയാണ് സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള മാർഗ്ഗം. ശിഷ്യനാകുക എന്നാൽ സമ്പാദിച്ചു ശീലിക്കുക എന്നല്ല, കൊടുത്തു ശീലിക്കുക എന്നാണ്. അപ്പോൾ നിത്യജീവൻ അവകാശപ്പെടുത്താൻ സാധിക്കും.

10:22 ദൈവത്തേക്കാൾ സ്വന്തം സമ്പത്തിനെ സ്നേഹിക്കുന്ന ഒരുവന് യേശുവിനെ അനുഗമിക്കുവാൻ സാധിക്കുകയില്ല. അവൻ തന്റെ ഹൃദയത്തിൽ ഒരു വിഗ്രഹം സൃഷ്ടിക്കുകയാണ്.

10:23 ഈ ലോക സുഖസമൃദ്ധിയും സമ്പത്തും ഒരുവനെ ദൈവരാജ്യത്തിൽ നിന്ന് എന്നെന്നേയ്ക്കുമായി ഒഴിവാക്കുന്നില്ല. മറിച്ച് ഒരുവനെ ദൈവരാജ്യത്തിലെത്തുന്നതിൽ നിന്ന് തടയുന്നു.

10:24 യേശുവിന്റെ പ്രബോധനം ശിഷ്യരെ വിസ്മയിപ്പിക്കുന്നത് അവരുടെ ആത്മീയ അപകടതയെയാണു സൂചിപ്പിക്കുന്നത്.

10:25 ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്നത് ഒട്ടകം സൂചിക്കുഴിയിലൂടെ കടക്കുന്നതുപോലെ പ്രയോഗികമായി അസാദ്ധ്യമായ കാര്യമാണെന്നാണ് ഈശോ ഉദ്ദേശിക്കുന്നത്.

10:26 ഇത്രയുംനാൾ തങ്ങൾ മനസ്സിലാക്കിയത് മുഴുവൻ (ഒരുവൻ നീതിമാനാണെന്നതിന്റെ അടയാളമാണ് അവന്റെ സമ്പത്ത്) തെറ്റാണെന്നു മനസ്സിലാക്കുമ്പോൾ ശിഷ്യന്മാർ ക്രിസ്തുവിന്റെ പ്രബോധനങ്ങളെ കുറിച്ചോർത്ത് വിസ്മയിക്കുന്നു.

10:27 രക്ഷ ദൈവത്തിന്റെ മാത്രം പ്രവൃത്തിയാണ് അതിനാൽ ദൈവത്തിലാശ്രയിക്കുക.

10:28 ധനികനായ മനുഷ്യൻ എല്ലാം വിറ്റ് യേശുവിനെ അനുഗമിക്കാൻ വിസമ്മതിച്ചവനാണ്. എന്നാൽ അതിനു വിപരീതമായി ശിഷ്യർ എല്ലാം ഉപേക്ഷിച്ചുവന്നവരാണ്.

10:29–30 ശിഷ്യരുടെ പരിത്യാഗത്തിനു 3 കാര്യങ്ങൾ യേശു വാഗ്ദാനം ചെയ്യുന്നു.

1. ഭൗതിക തലത്തിൽ പരിത്യജിച്ചവയ്ക്കെല്ലാം പകരമായി അതേ കാര്യങ്ങൾ ആത്മീയതലത്തിൽ ലഭിക്കും.
2. ആത്മീയ നന്മകൾക്കൊപ്പം തന്നെ പീഡനങ്ങളും ലഭിക്കും.
3. വിശ്വസ്തരായ ശിഷ്യർക്കു നിത്യജീവൻ ലഭിക്കും.

ദൈവീകവീക്ഷണത്തിന്റെ ഹൃദയമെന്നു പറയുന്നത് മറ്റുള്ളവർക്കു വേണ്ടിയുള്ള മനുഷ്യപുത്രന്റെ സഹനവും മരണവുമാണ്. അതായത് പരോന്മുഖതയുടെ പരകോടി. ഈ ദൈവിക കാഴ്ചപ്പാടിലൂടെ ജീവിതത്തിലെ പ്രധാനപ്പെട്ട യാഥാർത്ഥ്യങ്ങളെ ഓരോന്നിനെയും നോക്കിക്കാണാൻ യേശു ശിഷ്യരെ പരിശീലിപ്പിക്കുകയാണ് ഇവിടെ.

കഥ

മഴക്കാലം ശക്തമായപ്പോൾ തടാകക്കരയിലുള്ള ആശ്രമത്തിലും വെള്ളം കയറിത്തുടങ്ങി. എല്ലാം ഉപേക്ഷിച്ച് നീന്തി രക്ഷപ്പെടാൻ ഗുരു ശിഷ്യരോട് പറഞ്ഞു. എല്ലാവരും നീന്തി രക്ഷപ്പെടാൻ തുടങ്ങിയപ്പോൾ ഒരു ശിഷ്യൻ മാത്രം തന്റെ ഭാണ്ഡക്കെട്ടുകൾ തോളിലെടുത്ത് നീന്താൻ തുടങ്ങി. പക്ഷേ ഗുരുവും ബാക്കി ശിഷ്യരും മറുകര എത്തിയപ്പോഴും ഈ ശിഷ്യനു പകുതിപോലും നീന്താൻ സാധിച്ചില്ല. മറുകരെ നിന്ന് ഭാണ്ഡക്കെട്ട് ഉപേക്ഷിച്ച് നീന്താൻ ഗുരുവും ശിഷ്യരും വിളിച്ച് പറഞ്ഞെങ്കിലും ശിഷ്യൻ തയ്യാറായില്ല. പിന്നീട് ആ ശിഷ്യനെ ആരും കണ്ടില്ല.

ഒക്ടോബർ 18 – ആണ്ടുവട്ടം 29-ാം ഞായർ

(മാർക്കോ 10:35–45)

ഡീക്കൻ സനിൽ സെബാസ്റ്റ്യൻ OCD

ആമുഖം

മർക്കോസിന്റെ സുവിശേഷത്തിൽ ഒന്നാമത്തെ പ്രവചനശേഷം പത്രോസ് തടസ്സം പറയുന്നു. രണ്ടാമത്തെ പ്രവചനശേഷം തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെപ്പറ്റി തർക്കമുണ്ടാകുന്നു. മൂന്നാമത്തെ പ്രവചനശേഷം യോഹന്നാനും, യാക്കോബും, അധികാര സ്ഥാനങ്ങളെക്കുറിച്ച് ആരായുന്നു. സെബദി പുത്രന്മാരായിരുന്നു യോഹന്നാനും യാക്കോബും. വല നെയ്തുകൊണ്ടിരുന്നപ്പോഴാണ് യേശു ഇവരെ വിളിക്കുന്നത് (മത്താ 4:21; മർക്കോ 1:19). കുരിശിന് താഴെ നിൽക്കുന്ന സ്ത്രീകളിൽ സലോമി, യോഹന്നാന്റെയും യാക്കോബിന്റെയും അമ്മയാണ് എന്ന് മനസ്സിലാകുന്നുണ്ട്. ചുരുക്കത്തിൽ യേശുവിന്റെ സഹോദരങ്ങൾ (ഫസ്റ്റ് കസിൻസ്). ഈ ഒരു ബന്ധത്തിലാണ് തന്റെ രാജ്യത്തിന്റെ വലതും ഇടതും ആയിരിക്കാൻ അനുവാദം ചോദിക്കുന്നത്.

വ്യാഖ്യാനം

"അങ്ങയുടെ മഹത്വത്തിൽ ഒരാൾ അങ്ങയുടെ വലത്തുവശത്തും മറ്റൊരാൾ ഇടതുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമേ" എന്ന അഭ്യർത്ഥനയ്ക്ക് യേശു 3 ഉത്തരങ്ങൾ നൽകുന്നുണ്ട്. 1. സഹനം ഏറ്റെടുക്കണം (10:38–39) 2. അത് നിശ്ചയിക്കുന്നത് ഞാനല്ല (10:40–41), 3. നേതൃത്വത്തിന്റെ അർത്ഥം ശുശ്രൂഷ എന്നാണ് (10:42–45).

1. സഹനം ഏറ്റെടുക്കണം (10:38–39)

പഴയനിയമത്തിൽ പാനപാത്രമെന്നത് സഹനത്തിന്റെ പ്രതീകമാണ് (സങ്കീ 75:8; ഏശ 5:17, ജെറമിയ 49: 12; ഹബ 2:10; സഖ 12:2) മർക്കോസിന്റെ സുവിശേഷം 14:24 ൽ കഴിയുമെങ്കിൽ ഈ പാനപാത്രം മാറ്റിത്തരണമേ എന്ന് യേശു പ്രാർത്ഥിക്കുന്നുണ്ട്. അതുപോലെ തന്നെ സ്നാനം : സഹനവും മരണവും സൂചിപ്പിക്കുന്നു.

2. അത് നിശ്ചയിക്കുന്നത് ഞാനല്ല (10:40–41)

സ്ഥാനമെന്നത് വെള്ളത്തിനടിയിലെന്നതുപോലെ സഹനങ്ങൾക്കുള്ളിൽ മുങ്ങിക്കിടക്കുന്നതായാണ് സൂചിപ്പിക്കുന്നത് (ജോബ് 22:11; സങ്കീ 18:10, ഏശയ്യ 43:2). സഹനത്തിലൂടെ സ്ഥാനം കരസ്ഥമാക്കുകയുള്ളൂ. ഇത് നിശ്ചയിക്കുന്നത് പിതാവാണ് എന്നുള്ള സൂചന പിതാവും പുത്രനും തമ്മിലുള്ള ബഹുമാനത്തിന്റെയും ദൗത്യത്തിന്റെയും സൂചനകളാണ്.

3. നേതൃത്വം എന്നത് ശുശ്രൂഷ എന്നാണ് (10:42:45)

*വലിയവനാകുക – 'വലിയവനാകാൻ' എന്നതിന് 'ദിയാക്കനോസ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് തീൻമേശയിൽ ശുശ്രൂഷിക്കുന്നവൻ എന്നർത്ഥമാണ്. എന്നാൽ അതിനെക്കാൾ താഴ്ന്ന 'അടിമ' (ദൂലോസ്) ആകാൻ യേശു ആഹ്വാനം ചെയ്യുന്നത്. വലിയവരാകാനുള്ള ആഗ്രഹം യേശു ശകാരിക്കുന്നില്ല. മറുപടിയായി, വലിയവരാകാനുള്ള മാർഗം എളിയവനാവുക, ശുശ്രൂഷകനാവുക എന്നത് തന്നെയാണ്.

*മോചനദ്രവ്യം : അടിമയെയോ ബന്ദിയെയോ, കുറ്റവാളിയെയോ മോചിപ്പിക്കാനായി കൊടുക്കുന്ന പണമാണ് മോചനദ്രവ്യം. യുദ്ധതടവുകാരെ മോചിപ്പിക്കാൻ കൊടുത്തിരിക്കുന്ന പണവും മോചനദ്രവ്യമായി അറിയപ്പെട്ടിരുന്നു.

ക്രിസ്തു തന്റെ മരണവും ഉത്ഥാനവും വഴി തന്റെ ജീവൻ മോചനദ്രവ്യമായി പിതാവിന് തന്നെ സമർപ്പിച്ച് രക്ഷ സംജാതമാക്കി തന്നു. ഈ രക്ഷ സ്വന്തമാക്കണമെങ്കിൽ സ്വതന്ത്രമായ നമ്മുടെ സമ്മതം വേണം. അതു

കൊണ്ടാണ് യേശു ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാണോ എന്ന ചോദ്യത്തിന് തന്നെ പ്രസക്തി വരുന്നത്. ഓർക്കുക: "നിന്റെ അനുവാദമി ല്ലാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്റെ അനുവാ ദമില്ലാതെ നിന്നെ രക്ഷിക്കാനാവില്ല" (വി. അഗസ്റ്റിൻ)

ഒക്ടോബർ 25 – ആണ്ടുവട്ടം 30-ാം ഞായർ

(മർക്കോസ് 10: 46-52)

ബ്ര. മുത്തപ്പൻ ബെനീറ്റ് OCD

ജറുസലേമിന് പതിനഞ്ചു മൈൽ വടക്കുകിഴക്കാ യിട്ടുള്ള ഒരു പുരാതന പട്ടണമാണ് ജറീക്കോ. ജറു സലേം പട്ടണത്തിലേക്കുള്ള തീർത്ഥാടകർ കടന്നുപോ കുന്ന വഴിയിലിരുന്ന് ഭിക്ഷയാചിക്കുന്നത് അന്നത്തെ പതിവ് കാഴ്ചയായിരുന്നു. യേശുവും ജറുസലേമിലേ ക്കുള്ള യാത്രയിലാണ്. ആവശ്യക്കാരെ സംരക്ഷിക്കണ മെന്ന് ദൈവികനിയമം അനുശാസിച്ചിരുന്നുവെങ്കിലും അന്ധത പാപത്തിനുള്ള ദൈവത്തിന്റെ ശിക്ഷയായി കരുതപ്പെട്ടിരുന്നു. യേശു അന്ധനെ സുഖപ്പെടുത്താൻ മനസ്സു കാണിക്കുമ്പോൾ ഈ വിശ്വാസത്തെ തള്ളിക്ക ളയുകയാണ്.

മർക്കോസിന്റെ സുവിശേഷത്തിൽ ഇവിടെ മാത്ര മാണ് 'ദാവീദിന്റെ പുത്രൻ' എന്ന മിശിഹായുടെ പേര് ഉപയോഗിച്ചിട്ടുള്ളത്. മിശിഹാ ദാവീദിന്റെ പുത്രനായി രിക്കുമെന്ന് കരുതപ്പെട്ടിരുന്നു. യേശുവിനെ മിശിഹാ യായി കണ്ടവർ ദാവീദിന്റെ പുത്രാ എന്ന് യേശുവിനെ വിളിക്കുന്നു. അവൻ യേശുവിനെ മിശിഹായായി തിരി ച്ചറിയുകയും ആ വിശ്വാസം പരസ്യമായി വിളിച്ചു പറ യുകയും ചെയ്യുന്നു. അവന്റെ ഈ വിശ്വാസമാണ് അവന് സൗഖ്യകാരണമായി മാറുന്നത്.

വഴിയരികിലായിരുന്ന അന്ധയാചകൻ കാഴ്ച ലഭിച്ചു കഴിഞ്ഞപ്പോൾ യേശുവിന്റെ വഴിയേ സഞ്ചരി ക്കുന്നു. യഥാർത്ഥ ശിഷ്യത്വം വഴിയരുകിൽ നിൽക്കലല്ല. കുരിശുമെടുത്ത് സ്വയം ശൂന്യനാക്കി യേശുവിന്റെ വഴി യേ അവനെ അനുഗമിക്കലാണ്. ബർതിമേയൂസിന്റെ കര ച്ചിൽ ആദ്യം കർത്താവിന്റെ അടുക്കൽ എത്തിയില്ല പലരും തടഞ്ഞെങ്കിലും തന്റെ നിലവിളി യേശുവിന്റെ ഹൃദയത്തോളം എത്തിക്കാൻ അവനു കഴിഞ്ഞു. അവന്റെ നിലവിളി ഏറ്റു വാങ്ങിയ യേശു അവന് സൗഖ്യം കൊടുത്തു.

സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെട്ടവന്റെ പ്രതീ കമാണ് ബർതിമേയൂസ്. അവന്റെ അവസാന ആശ്രയ മായ യേശുവിനെ വിളിക്കുമ്പോഴും അതിനെ തടയുന്നവ രാണ് അവനു ചുറ്റും. പക്ഷേ യേശു അവന്റെ വിളി കേൾ ക്കുന്നു. നിസ്സഹായന്റെ പ്രാർത്ഥന കേൾക്കുന്നവനാണ് യേശു. അപേക്ഷിക്കുകയാണ് പ്രധാനം. ബർത്തിമേയൂ സിന്റെ അപേക്ഷ ആദ്യം കേട്ടില്ലെങ്കിലും, അവന്റെ നിര ന്തരമായ പരിശ്രമം അവസാനം ഫലവത്തായി. അപേ ക്ഷിക്കുന്നവന്റെ സ്വരം ദൈവം കേൾക്കാതിരിക്കില്ല.

അന്ധത മാറ്റാൻ ഈശ്വരനു കഴിയുമെന്ന വിശ്വാ സത്താലാണ് അവൻ യാചിക്കുന്നത്. യേശു വഴിയിലൂടെ കടന്നു പോകുന്നുവെന്നു മനസ്സിലാക്കിയ അന്ധൻ സുഖ മാകും എന്ന വിശ്വാസത്താലാണ് യാചിക്കുന്നത്. വിശ്വാസം മൂലമാണ് അവന്റെ അന്ധത മാറുന്നത്. നിനക്കു ശാരീരികമായ എന്തെങ്കിലും കുറവുണ്ടോ? കർത്താവിനെ വിളിച്ചപേക്ഷിക്കുക. അവിടുത്തേക്ക് ഒന്നും പരിഹാരം കാണാനാവാത്തവിധം വലുതല്ല. നിന്റെ നന്മയ്ക്കായി സകലത്തെയും പരിവർത്തന പ്പെടുത്താൻ അവിടുത്തേക്കു കഴിയും. കർത്താവിൽ ആശ്രയിക്കണമെന്ന് മാത്രം.

നമ്മുടെ പ്രാർത്ഥനയ്ക്കും യേശുവിലുള്ള വിശ്വാ സപ്രഖ്യാപനത്തിനും മാതൃകയാണ് ഈ അന്ധയാച കൻ. അവൻ അന്ധനായിരുന്നു എന്നിട്ടും അവൻ യേശു വിനെ കണ്ടു. നമ്മൾ കണ്ണുണ്ടായിട്ടും കാണുന്നില്ല. കാരണം നമുക്ക് ആദ്ധ്യാത്മിക അന്ധതയാണ്. ✪

റോസരി ക്വിസ്

1. ജപമാലയുടെ ആരംഭകൻ? – *വി. ഡൊമനിക്*
2. ജപമാലയുടെ പ്രേഷിതൻ?
   – *ഫാ. പാട്രിക് പെയ്റ്റൺ*
3. ജപമാല പ്രാർത്ഥനയിലെ "പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, ഞങ്ങൾക്കുവേണ്ടി തമ്പു രാനോട് പ്രാർത്ഥിക്കണമേ" എന്ന് കൂട്ടിച്ചേർത്ത താര്? – *വി. ബർണ്ണദീൻ*
4. 'ജപമാലരാജ്ഞീ' എന്ന വിശ്വലേഖനത്തിലൂടെ ലോകസമാധാനത്തിനായി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്ത മാർപ്പാപ്പ?
   – *ബെനഡിക്ട് 15-ാമൻ*
5. 'എന്റെ ജപമാല' എന്ന മരിയൻ ലേഖനം ആരു ടേത്? – *ജോൺപോൾ 1*
6. ഇന്നത്തെ രീതിയിൽ ജപമാല ക്രോഡീകരിച്ച പാപ്പ? – *5-ാം പീയൂസ്*
7. ജപമാലയുടെ തിരുനാൾ സ്ഥാപിച്ച പാപ്പാ? വർഷം?
   – *ഗ്രിഗറി 13-ാം മാർപാപ്പ: 1573 ഒക്ടോബർ 7*
8. ഞാൻ ജപമാല രാജ്ഞിയാണെന്ന് ദർശനം നൽകിയതാർക്ക്? എന്ന്? എവിടെ?
   – *ലൂസിക്ക്; 1917 ഒക്ടോബർ 13; ഫാത്തിമ*
9. ഒക്ടോബർമാസം മാതാവിന്റെ പ്രത്യേക വണ ക്കത്തിനായി നിയോഗിച്ച പാപ്പ? വർഷം?
   – *ലിയോ 13-ാമൻ; 1883*
10. ജപമാലയുടെ പാപ്പ എന്നറിയപ്പെടുന്നത്?
    – *ലെയോ 13-ാമൻ*